# അസത്യ സമ്മാർജ്ജനി

പ്രൊഫ. റ്റി. ജോൺ മാത്യു

**BIBLE STUDY CENTRE**
**P.B.14**
**P. O. MANNUTHY**
**THRISSUR - 680 651**
**Website : www.biblestudycentre.net**
**Phone : 8547371573**

## ആമുഖം

പ്രത്യേകം ശ്രദ്ധയിൽപെടാൻ ഇടവന്നിട്ടുള്ള ചില അസത്യങ്ങൾ സമൂഹത്തിൽ പ്രചരിച്ചുകൊണ്ടിരിക്കുന്നതായി കണ്ടപ്പോൾ അവയെക്കുറിച്ച് ആഴമായി ചിന്തിക്കാനിടയായി. അപ്പോൾ ചില ചോദ്യങ്ങൾ മനസ്സിൽ ഉയർന്നു വന്നു; അവ രേഖപ്പെടുത്തി വച്ചപ്പോൾ അവയ്ക്ക് ന്യായമായി നല്കപ്പെടേണ്ട ഉത്തരങ്ങളും കൂടി എഴുതുന്നതാണ് നല്ലതെന്നു തോന്നി. അങ്ങനെ ഏതാനും ആദ്ധ്യാത്മിക വിഷയങ്ങളോടുള്ള ബന്ധത്തിൽ മനസ്സിൽ ഉയർന്നുവന്ന ചോദ്യങ്ങളും അവയുടെ ഉത്തരങ്ങളും എഴുതി തയ്യാറാക്കാൻ ഇടയായി. എല്ലാം എഴുതിക്കഴിഞ്ഞപ്പോൾ ഒരു ചെറുപുസ്തകത്തിന്റെ രൂപത്തിൽ അവ പ്രസിദ്ധീകരിക്കുന്നത് വായനക്കാർക്ക് പ്രയോജനപ്പെടും എന്നു ബോധ്യമായി. അങ്ങനെയാണ് ഈ പുസ്തകം ഈ രൂപത്തിൽ പ്രസിദ്ധീകരിക്കാൻ ഇടയായിരിക്കുന്നത്. ആഴമായി ചിന്തിച്ച് യഥാർത്ഥ സത്യങ്ങൾ കണ്ടെത്താനും തെറ്റിദ്ധാരണകൾ സമ്പൂർണ്ണമായി ദൂരീകരിക്കാനും (നിർമ്മാർജ്ജനം ചെയ്യാനും) മാന്യവായനക്കാരെ ഈ പുസ്തകം പ്രാപ്തിപ്പെടുത്തും എന്നു പ്രതീക്ഷിക്കുന്നു.

Mannuthy

25th January 2016

പ്രൊഫ. റ്റി. ജോൺ മാത്യു

# അസത്യസമ്മാർജ്ജനി

**ചോദ്യങ്ങളും ഉത്തരങ്ങളും**

## ഭാഗം - 1
## വിഗ്രഹാരാധന

1. **ചോദ്യം:** വിഗ്രഹാരാധന എന്നു പറഞ്ഞാൽ അർത്ഥമെന്താണ്?

   **ഉത്തരം:** യാഥാർത്ഥത്തിൽ ഉള്ളതോ ഉണ്ടെന്നു കരുതുന്നതോ ആയ ഒന്നിന്റെ സ്ഥാനത്ത് മറ്റൊന്നു വച്ചിട്ട് അതിനെ യഥാർത്ഥത്തിലുള്ളതെന്നു പരിഗണിച്ച് അതിന്റെ മുമ്പിൽ വണങ്ങുക എന്നാണർത്ഥം; അയഥാർത്ഥമായത്, യഥാർത്ഥമായതിന്റെ സ്ഥാനത്തു പ്രതിഷ്ഠിക്കുക അഥവാ അസത്യത്തെ സത്യമെന്നു പരിഗണിക്കുക എന്നതാണ് വിഗ്രഹാരാധനയുടെ തത്ത്വം.

2. **ചോദ്യം:** പുരാതനകാലത്ത് ലോകത്തിലെ ഒട്ടുമിക്ക രാജ്യങ്ങളിലും നൂറുക്കണക്കിനു ദേവീദേവന്മാരുടെ വിഗ്രഹങ്ങൾ കല്ലുകൊണ്ടും ലോഹം കൊണ്ടുമെല്ലാം ഉണ്ടാക്കി മനുഷ്യർ അവയെ ക്ഷേത്രങ്ങളിൽ വയ്ക്കുകയും അവയുടെ മുമ്പിൽ വണങ്ങുകയും അവയ്ക്ക് ബലിയർപ്പിക്കുകയും ഒക്കെ ചെയ്തിട്ടുണ്ട്. സത്യദൈവത്തെ ആരാധിക്കുന്നു എന്നു വിശ്വസിച്ചു കൊണ്ടാണ് അവർ ഇങ്ങനെ ചെയ്തുകൊണ്ടിരുന്നത്. എന്നാൽ ഇപ്രകാരം ചെയ്യുന്നത് ദൈവകല്പനയുടെ ലംഘനമാണെന്ന് ബൈബിളിൽ (പുറപ്പാട് 20: 1-17) പറഞ്ഞിരിക്കുന്നു; അതിന്റെ കാരണമെന്താണ്?



**ഉത്തരം:** ദൈവം ആത്മാവ് ആകുന്നു (യോഹന്നാൻ 4:24) എന്നാണ് ബൈബിൾ വെളിപ്പെടുത്തുന്നത്. ആത്മാവിനെ നമുക്ക് കണ്ണുകൊണ്ട് കാണാൻ സാധ്യമല്ല; കണ്ണുകൊണ്ടു കാണാൻ സാധ്യമല്ലാത്ത ഒന്നിനു പ്രതിരൂപം ഉണ്ടാക്കുക സാധ്യമല്ല. അതിനാൽ ദൈവത്തിന്റെ പ്രതിരൂപം എന്നു സങ്കല്പിച്ചു കൊണ്ട് ഉണ്ടാക്കിയിട്ടുള്ള അനേകം വസ്തുക്കളിൽ ഒന്നു പോലും വാസ്തവത്തിൽ ദൈവത്തിന്റെ പ്രതിരൂപം ആയിരിക്കുന്നില്ല; എന്നാൽ ദൈവത്തിന്റെ പ്രതിരൂപമാണെന്നോ ദൈവത്തെ അവ ചൂണ്ടിക്കാണിക്കുന്നുവെന്നോ സങ്കല്പിച്ചു കൊണ്ടാണ് മനുഷ്യർ അവയുടെ മുമ്പിൽ വണങ്ങുന്നത്. അവ ദൈവത്തെ വെളിപ്പെടുത്തുകയോ ചൂണ്ടിക്കാണിക്കുകയോ ചെയ്യാത്ത വസ്തുക്കൾ ആയതിനാൽ അവയോടു ബഹുമാനം കാണിക്കുന്നത് ദൈവത്തെ അവഗണിച്ചു കൊണ്ട് ദൈവത്തോട് അനാദരവ് കാണിക്കുന്ന പ്രവൃത്തിയാണ്. ഒരു മുഖ്യമന്ത്രിയുടെ ഓഫീസിലെ ക്ലാർക്കിനോടു ബഹുമാനം കാണിക്കുകയും മുഖ്യമന്ത്രിയോട് യാതൊരു ബഹുമാനവും കാണിക്കാതിരിക്കുകയും ചെയ്യുന്നതു തെറ്റാണ്; അതിനെക്കാളും വളരെ വലിയ തെറ്റാണ് ആത്മാവാകുന്ന സത്യദൈവത്തോടു ബഹുമാനം കാണിക്കാതെയും ആ ദൈവത്തിന്റ സത്യവചനം അനുസരിക്കാതെയും ഇരിക്കുന്ന ഒരാൾ ആ ദൈവത്തിന്റെ സൃഷ്ടിയായ ഒരു ഭൗതികവസ്തുവിന്റെ മുമ്പിൽ വണങ്ങുന്നത്. ദൈവത്തിന്റെ സൃഷ്ടിയെ ആരാധിക്കുന്നത് യഥാർത്ഥ ദൈവത്തെ അവഹേളി ക്കുന്ന പ്രവൃത്തിയാണ്; വിഗ്രഹാരാധന നടത്തുമ്പോൾ പ്രപഞ്ചസൃഷ്ടാവായ

ദൈവത്തിന്റെ സൃഷ്ടിയെ ആരാധിക്കുകയും ആ ദൈവത്തോട് അനാദരവ് കാണിക്കുകയും ചെയ്യുന്നു എന്ന തെറ്റ് ചെയ്യുവാനിടയാകുന്നതുകൊണ്ടാണ് വിഗ്രഹാരാധന പാപമാണ് എന്ന് ബൈബിളിൽ പറഞ്ഞിരിക്കുന്നത്.

ചിന്തിച്ചു നോക്കിയാൽ ഏതു വിഗ്രഹത്തിന്റെ മുമ്പിൽ വണങ്ങുന്നതും ഏതു ചിത്രത്തിന്റെ മുമ്പിൽ കുമ്പിടുന്നതും അങ്ങേയറ്റം യുക്തിഹീനമായ പ്രവൃത്തിയാണെന്ന് മനസ്സിലാകും. 2016 ജനുവരി 21-ാം തീയതി വ്യാഴാഴ്ച തൃശ്ശൂരിൽ നിന്നു പ്രസിദ്ധീകരിക്കപ്പെട്ട മലയാള മനോരമയുടെ 11-ാം പേജിൽ "കാമുകിയെ സ്വന്തമാക്കാൻ ഭാര്യയെ കൊന്ന കേസ്" എന്ന തലക്കെട്ടോടു കൂടിയ ഒരു വാർത്തയുണ്ടായിരുന്നു. ഒരാൾ തന്റെ ഭാര്യയെ മദ്യം കഴിപ്പിച്ച ശേഷം തന്റെ വീട്ടിൽ ഭക്തിപൂർവ്വം സൂക്ഷിച്ചിരുന്ന ലോഹനിർമ്മിതമായ പൂജാവിഗ്രഹം എടുത്ത് അവളുടെ തലയ്ക്കടിച്ച് അവളെ കൊന്നു വെന്നും രക്തക്കറ കാണപ്പെട്ട ഈ പൂജാവിഗ്രഹം പോലീസ് കസ്റ്റഡിയിലെടുത്ത്വെന്നുമാണ് ഈ വാർത്തയിൽ പറഞ്ഞിരുന്നത്. പദാർത്ഥനിർമ്മിതമായ വിഗ്രഹത്തിൽ എന്തെങ്കിലും ഈശ്വര ചൈതന്യമുണ്ടായിരുന്നെങ്കിൽ അത് ഇപ്രകാരം ഒരു 'കൊലയാളി'യായി തീരാൻ അനുവദിക്കുമായിരുന്നില്ല. ഏതുരൂപത്തിലുള്ള ഏതു വിഗ്രഹവും യാതൊരു ഈശ്വരചൈതന്യവുമില്ലാത്ത വെറും പദാർത്ഥമാണെന്ന് ഈ സംഭവം തെളിയിക്കുന്നു. പാറയിൽ നിന്നു വെട്ടിയെടുത്ത കല്ലുകൊണ്ടു നിർമ്മിച്ച വിഗ്രഹത്തെ നമസ്കരിക്കുന്നതു നല്ലതാണെങ്കിൽ ആ കല്ലു വെട്ടിയെടുത്ത



പാറയെ നമസ്കരിക്കുന്നത് അതിനേക്കാൾ വളരെയധികം നല്ലതല്ലേ എന്നു ചോദിച്ചിരിക്കുന്ന ഒരു കവിവാക്യം ഹിന്ദിഭാഷയിലുണ്ട്. ചുരുക്കത്തിൽ യുക്തിഹീനതയും ബുദ്ധിഹീനതയും ജീവന്റെ ഉറവിടമായ സത്യദൈവത്തോടുള്ള അവഹേളനവുമെല്ലാം ഉൾക്കൊള്ളുന്ന പാപമാണ് വിഗ്രഹാരാധന.

3. **ചോദ്യം:** ഒന്നിന്റെ സ്ഥാനത്ത് അതിന്റെ ഗുണങ്ങളോ സാദൃശ്യമോ ഇല്ലാത്ത മറ്റൊന്ന് വച്ച് അതിനോട് ആദരവ് കാണിക്കുന്നതിൽ വിഗ്രഹാരാധയുടെ തത്ത്വം ഉണ്ടെങ്കിൽ പല മതവിശ്വാസങ്ങളുടെയും കാര്യത്തിൽ വിഗ്രഹപൂജയുടെ തത്ത്വം നമുക്ക് കാണാൻ കഴിയുകയില്ലേ?

   **ഉത്തരം:** കഴിയും; യഥാർത്ഥത്തിൽ ഉണ്ടായിരിക്കേണ്ടത് ഉണ്ടായിരിക്കാൻ അനുവദിക്കാതെ അതിന്റെ സ്ഥാനത്തു മറ്റൊന്ന് പ്രതിഷ്ഠിച്ചു തൃപ്തിപ്പെടുക എന്ന തത്ത്വം മനുഷ്യജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും നാം കാണുന്നു; പ്രത്യേകാൽ മത വിശ്വാസങ്ങളിൽ ഈ തത്ത്വം വളരെയധികം പ്രകടമായിരിക്കുന്നുവെന്ന് നമുക്ക് കാണാൻ സാധിക്കും.

4. **ചോദ്യം:** വിഗ്രഹാരാധനയുടെ തത്ത്വം പ്രകടമാക്കുന്ന പ്രധാനപ്പെട്ട മതവിശ്വാസങ്ങൾ എന്തൊക്കെയാണ്?

   **ഉത്തരം:** ക്ഷേത്രങ്ങളിൽ ദേവീദേവന്മാരുടെ വിഗ്രഹങ്ങൾ ഉണ്ടാക്കി വച്ചിട്ട് അവയുടെ മുമ്പിൽ വണങ്ങുകയും പൂജകൾ നടത്തുകയും ചെയ്യുന്നതിൽ വിഗ്രഹാരാധന ഏറ്റവും തെളിവായ വിധത്തിൽ നാം കാണുന്നു. മറ്റൊരു തരത്തിലുള്ള വിഗ്രഹാരാധന, വിഗ്രഹങ്ങളെ എതിർക്കുന്നുവെന്ന് അവകാശപ്പെടുന്ന

ചില ആളുകൾ ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. ആത്മാവായ ദൈവത്തിന്റെ വിഗ്രഹം ഉണ്ടാക്കി വെച്ച് അതിനുമുമ്പിൽ വണങ്ങുന്നതു തെറ്റാണെന്നു വിശ്വസിക്കുന്ന ഒരുകൂട്ടം മതവിശ്വാസികൾ ദുഷ്ടത യുടെ ആത്മാവായ സാത്താനെ ചൂണ്ടിക്കാണിക്കുന്ന മൂന്ന് സ്തൂപങ്ങൾ ഒരു പ്രത്യേക സ്ഥലത്ത് ഉണ്ടാക്കി വച്ചിട്ടുണ്ട്; ആത്മാവാകുന്ന ഈശ്വരന് പദാർത്ഥരൂപം കല്പിച്ചുകൊണ്ട് വിഗ്രഹങ്ങൾ ഉണ്ടാക്കുന്നതുപോലെ തന്നെയാണ് ദുഷ്ടതയുടെ ആത്മാവായ സാത്താന് പദാർത്ഥരൂപം കല്പിച്ചുകൊണ്ട് സ്തൂപങ്ങൾ ഉണ്ടാക്കി വച്ചിരിക്കുന്നത്. ആണ്ടിലൊരിക്കൽ അനേകം ആളുകൾ ഈ സ്തൂപങ്ങൾ ഉണ്ടാക്കി വച്ചിരിക്കുന്ന സ്ഥലത്തു ചെന്ന് അവയുടെ നേരെ കല്ലേറ് നടത്തുന്നു. സാത്താനെ നശിപ്പിക്കാനുള്ള ആഗ്രഹ മാണ് ഈ ചടങ്ങിലൂടെ പ്രകടമാക്കുന്നതെന്ന് ഈ വിശ്വാസികൾ അവകാശപ്പെടുന്നു. ഈ അവകാശ വാദം സത്യമായിരുന്നെങ്കിൽ അവർ കല്ലേറ് നടത്തുന്നത് കൊണ്ട് തൃപ്തിപ്പെടുമായിരുന്നില്ല, പിന്നെയോ സാത്താനെ പ്രതിനിധീകരിക്കുന്ന ആ സ്തൂപങ്ങളെ അടിച്ചു തകർത്ത് പൂർണ്ണമായി നശിപ്പിക്കുമായിരുന്നു. അങ്ങിനെ ചെയ്യുന്നതിനു പകരം സ്തൂപങ്ങൾക്ക് യഥാർത്ഥത്തിലുള്ള കേട് സംഭവി ക്കാത്ത വിധത്തിൽ അവർ കല്ലുകൾ എറിഞ്ഞ് ആ സ്തൂപങ്ങൾക്ക് അർപ്പിക്കുകയാണ് ചെയ്യുന്നത്. ക്ഷേത്രങ്ങളിലെ വിഗ്രഹങ്ങളെ ഭക്തന്മാർ സംരക്ഷി ക്കുന്നതുപോലെ തന്നെ ഈ സ്തൂപങ്ങളെയും ഈ കർമ്മം നടത്തുന്നവർ സംരക്ഷിക്കുന്നു. അതിനാൽ 'സാത്താനേറ്' എന്ന പേരിൽ അറിയപ്പെടുന്ന ഈ



കർമ്മം വാസ്തവത്തിൽ സാത്താനോട് എതിർപ്പ് പ്രകടമാക്കുന്ന ഒരു കർമ്മമല്ല. നന്മയുടെ ഉറവിടമായ ദൈവത്തിനു പ്രതിരൂപം ഉണ്ടാക്കുന്നതും തിന്മയുടെ ഉറവിടമായ സാത്താനു പ്രതിരൂപം ഉണ്ടാക്കുന്നതും തത്ത്വത്തിൽ ഒരേ തരത്തിലുള്ള പ്രവൃത്തിയാണ്; നന്മയുടെ ഉറവിടമായ ഈശ്വര നോടുള്ള ഉചിതമായ പ്രതികരണം സന്മനോഭാവം പ്രകടമാക്കുന്ന വണക്കവും തിന്മയുടെ ഉറവിടമായ സാത്താനോടുള്ള ഉചിതമായ പ്രതികരണം ദുർമനോഭാവം പ്രകട മാക്കുന്ന കല്ലേറും ആണ്. വീട്ടിൽ വളർത്തുന്ന പശുവിന് ഭക്ഷണത്തിനായി നാം പുല്ല് കൊടുക്കുന്നു; മൃഗശാലയിലെ കടുവയ്ക്കു ഭക്ഷണത്തിനായി മാംസം കൊടുക്കുന്നു; രണ്ടും ഭക്ഷണമാണ്; പശുവിന് പറ്റിയ ഭക്ഷണം പുല്ലും, കടുവയ്ക്കു പറ്റിയ ഭക്ഷണം മാംസവുമാണ്. ഇതുപോലെതന്നെ നന്മയുടെ ഉറവിടമായ ഈശ്വരനെ ആരാധിക്കുവാൻ വണക്കം എന്ന കർമ്മം നാം ഉപയോഗിക്കുമ്പോൾ തിന്മയുടെ ഉറവിടമായ സാത്താനെ ആരാധിക്കുന്നതിനുള്ള ഉചിതമാർഗ്ഗം സാത്താന്റെ രൂപമുണ്ടാക്കി അതിനു നേരെ കല്ലേറ് നടത്തുക എന്നതാണ്. പശുവിന്റെയും കടുവയുടെയും ഭക്ഷണം വ്യത്യസ്തമായിരിക്കുന്നതു പോലെ ഈശ്വര നോടും സാത്താനോടും ആദരവ് കാണിക്കുന്ന രീതിയും വ്യത്യസ്തമായിരിക്കുന്നു എന്നാണ് നാം മനസ്സിലാക്കേണ്ടത്. അതിനാൽ 'സാത്താനേറ്' എന്ന കർമ്മത്തിൽ പ്രകടമായിരിക്കുന്ന മതതത്ത്വം വിഗ്രഹാരാധന തന്നെയാണെന്നതിനു സംശയമില്ല; എന്നാൽ ഈ സത്യം മിക്ക ആളുക ളുടെയും ശ്രദ്ധയിൽ പെട്ടിട്ടില്ല; വിഗ്രഹാരാധനയെ

എതിർക്കുന്നു എന്ന് പറയുകയും ക്ഷേത്രങ്ങളിൽ ചെന്ന് ഈശ്വരന്റെ വിഗ്രഹങ്ങളെ വണങ്ങുന്നത് തെറ്റാണെന്ന് വിശ്വസിക്കുകയും ചെയ്യുന്നവരാണ് ഈ കർമ്മം ചെയ്യുന്നത് എന്നതുകൊണ്ടാണ് ഇതിൽ മറഞ്ഞിരിക്കുന്ന വിഗ്രഹാരാധനയുടെ തത്ത്വം മിക്കവരുടെയും ശ്രദ്ധയിൽ പെടാതെ പോകുന്നത്.

5. **ചോദ്യം:** ഭൗതിക വസ്തുക്കളാൽ നിർമ്മിതമല്ലാത്ത വിഗ്രഹങ്ങളുണ്ടോ?

**ഉത്തരം:** ആശയങ്ങളുടെ രൂപത്തിലുള്ള വിഗ്രഹങ്ങളും ആദ്ധ്യാത്മിക ലോകത്തിലുണ്ട്. യഥാർത്ഥത്തിലുള്ള ആശയത്തെ അതിന്റെ സ്ഥാനത്തു നിന്നു മാറ്റിക്കൊണ്ട് അതിന്റെ സ്ഥാനത്തു മറ്റൊരു ആശയം പ്രതിഷ്ഠിച്ചു വയ്ക്കുക എന്ന തത്ത്വമാണ് ഇതിൽ നാം കാണുന്നത്. ഒരാൾ യേശുവിൽ വിശ്വാസം അർപ്പിക്കുന്നതു മൂലം അയാളുടെ ഹൃദയത്തിൽ സംഭവിക്കുന്ന ആത്മിക പരിവർത്തനം ദൃശ്യരൂപത്തിൽ പുറമെ കാണിക്കുന്ന കർമ്മമാണ് ക്രിസ്തീയ സ്നാനം; ഈ ആശയമാണ് രണ്ടാം നൂറ്റാണ്ടിന്റെ അവസാനം വരെയും ക്രിസ്തീയ ലോകത്തിലുണ്ടായിരുന്നത്. അതിനുശേഷം ഈ ആശയം ക്രമേണ അപ്രത്യക്ഷമാകാനും അതിന്റെ സ്ഥാനത്ത് സ്നാനം പാപമോചനകർമ്മമാണെന്ന ആശയം പ്രതിഷ്ഠിക്കപ്പെടാനും ഇടയായി; കാലക്രമത്തിൽ പാപപരിഹാരമാർഗ്ഗം എന്ന നിലയിൽ ശിശുസ്നാനം എന്ന ആശയം ക്രിസ്തീയലോകത്തിൽ എല്ലായിടത്തും അംഗീകരിക്കപ്പെട്ടു. ദൈവവചനത്തിൽ കാണുന്ന ക്രിസ്തീയ സ്നാനമെന്ന യഥാർത്ഥ ആശയത്തിന്റെ വിഗ്രഹം ആണ് ശിശുസ്നാനം എന്ന കാര്യം സഭാനവീകരണത്തിന്റെ കാലഘട്ടത്തിലാണ്



ആളുകൾ മനസ്സിലാക്കാൻ തുടങ്ങിയത്; ഇന്ന് ക്രിസ്തീയലോകത്തിലെ കുറച്ചധികം ആളുകൾ ഈ സത്യം മനസ്സിലാക്കിയിട്ടുണ്ട്; എന്നാൽ ബഹുഭൂരി പക്ഷവും മനസ്സിലാക്കിയിട്ടില്ലാത്തവരാണ്.

കേരളത്തിലെ ക്രിസ്തീയ സമൂഹത്തിലെ അനേകം ആളുകൾ വളരെ പവിത്രമെന്നും വളരെ ഉന്നതമായ ദൈവഭക്തിയുടെ തെളിവ് എന്നും പരിഗണിക്കുന്ന ആഭരണവർജ്ജനം എന്ന ആചാരവും ആശയ വിഗ്രഹങ്ങളോടുള്ള ബന്ധത്തിൽ ശ്രദ്ധാർഹമാണ്. മറ്റുള്ളവരെ അപേക്ഷിച്ച് നാം കൂടുതൽ ശ്രേഷ്ഠത കൈവരിക്കേണ്ടത് അവരെ അപേക്ഷിച്ച് കൂടുതൽ വിലയും ഭംഗിയുമുള്ള വസ്ത്രങ്ങളും ആഭരണങ്ങളും അണിയുന്നതു മൂലമായിരിക്കരുത്, പിന്നെയോ അവരെ അപേക്ഷിച്ച് കൂടുതൽ സൽസ്വഭാവം പ്രകടമാക്കുന്നതു കൊണ്ടും കൂടുതൽ സൽപ്രവൃത്തികൾ ചെയ്യുന്നതു കൊണ്ടും ആയിരിക്കണം എന്ന് ദൈവവചനത്തിൽ (1തിമോഥെയോസ് 2 : 9-10; Iപത്രൊസ് 3: 3-5) കല്പനയുണ്ട്. സൽപ്രവൃത്തികളെക്കുറിച്ച് വചനത്തിൽ കാണുന്ന ഈ കല്പന എടുത്തു മാറ്റിയിട്ട് അതിന്റെ സ്ഥാനത്ത് ആഭരണവർജ്ജനം എന്ന മറ്റൊരു കല്പന എടുത്തു പ്രതിഷ്ഠിച്ചു വച്ചിരിക്കുന്ന കാഴ്ച കേരള ക്രൈസ്തവ സമൂഹത്തിൽ നാം കാണുന്നുണ്ട്; സൽപ്രവൃത്തികൾ ചെയ്യുന്നില്ല എന്നതിന്റെ പേരിൽ തിരുവത്താഴ ശുശ്രൂഷയിൽ (Holy Communion) നിന്ന് ആരെയും വിലക്കുന്നില്ല; എന്നാൽ ആഭരണവർജ്ജനം പാലിക്കുന്നില്ല എന്നതിന്റെ പേരിൽ വിലക്കുന്നുണ്ട്. സൽപ്രവൃത്തികളെക്കുറിച്ചുള്ള ബൈബിളിലെ

ഉപദേശം അതിന്റെ സ്ഥാനത്ത് നിന്ന് മാറ്റുകയും അതിനു പകരമായി ആഭരണവർജ്ജനം എന്ന ബൈബിളിൽ ഇല്ലാത്ത ഉപദേശം പ്രതിഷ്ഠിക്കുകയും ചെയ്തിരിക്കുകയാണ്. സൽപ്രവൃത്തികളെക്കുറിച്ചുള്ള യഥാർത്ഥ ആശയത്തിന്റെ സ്ഥാനത്തു പ്രതിഷ്ഠിക്ക പ്പെട്ടിരിക്കുന്ന ആശയവിഗ്രഹമാണ് ആഭരണവർജ്ജ നോപദേശം എന്നതാണ് സത്യം. ഇക്കാര്യം വിശദമായി **"ആഭരണധാരണം ബൈബിൾ എന്തു പറയുന്നു"**? എന്ന പുസ്തകത്തിൽ പ്രതിപാദിച്ചിട്ടുണ്ട്.

ദൈവത്തിന്റെ പരിശുദ്ധാത്മാവ് മനുഷ്യഹൃദ യത്തിൽ വസിക്കുന്നതിന്റെ ഫലമായി ഒരാളിന്റെ സ്വഭാവത്തിലും പെരുമാറ്റത്തിലും ഉണ്ടാകുന്ന പരിവർത്തനങ്ങൾ എന്തൊക്കെയായിരി ക്കുമെന്ന് ബൈബിളിൽ (ഗലാത്യർ 5:22-23) പ്രസ്താവിച്ചിട്ടുണ്ട്. സ്നേഹം, സന്തോഷം, സമാധാനം, ദയ, പരോപ കാരം, വിശ്വസ്തത, സൗമ്യത മുതലായ വിശിഷ്ട ഗുണങ്ങൾ പരിശുദ്ധാത്മാവിന്റെ ഫലമാണെന്നും പരിശുദ്ധാത്മാവിനു കീഴ്പെട്ട് ഈ വിശിഷ്ടഗുണങ്ങൾ ഒരു ക്രിസ്തീയവിശ്വാസി തന്റെ സ്വഭാവത്തിൽ പ്രകടമാക്കണമെന്നുമാണ് ദൈവവചന ത്തിലെ കല്പന. പരിശുദ്ധാത്മാവിനെ അനുസരിക്കു ന്നതിന്റെ ഫലം ഈ വിശിഷ്ടസ്വഭാവമാണെന്ന ആശയത്തിനു പകരമായി മറ്റൊരാശയം ക്രിസ്തീയ ലോകത്തിൽ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നതായി നാം കാണുന്നുണ്ട്. ആത്മാവിനെ അനുസരിക്കുന്നവർ ഒരു സഭായോ ഗത്തിൽ സംബന്ധിക്കുമ്പോൾ 'അന്യഭാഷ' പറയും എന്നതാണ് ആ ആശയം. ഇതു വിശ്വസിക്കുന്ന ആളുകൾ ആത്മാവിന്റെ ഫലമെന്ന് വചനത്തിൽ



പറഞ്ഞിട്ടുള്ള വിശിഷ്ടസ്വഭാവം ഇല്ലാതിരിക്കു ന്നതിന്റെ പേരിൽ ആരെയും കുറ്റപ്പെടുത്തുന്നില്ല; എന്നാൽ 'അന്യഭാഷ' ഇല്ലാത്തതിന്റെ പേരിൽ കുറ്റപ്പെടുത്തുന്നു. ആത്മാവിന്റെ ഫലം 'അന്യഭാഷ' യാണെന്ന ആശയം, ആത്മാവിന്റെ ഫലം വിശിഷ്ട സ്വാഭാവമാണെന്ന യഥാർത്ഥ ആശയത്തിന്റെ സ്ഥാനത്തു പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന ആശയ വിഗ്രഹമാണ്. ഈ കാര്യം ഈ പുസ്തകത്തിന്റെ രണ്ടാം ഭാഗത്തിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

ആശയവിഗ്രഹങ്ങളെല്ലാം യഥാർത്ഥ സത്യങ്ങളെ മാറ്റിവച്ചുകൊണ്ട് അവയുടെ സ്ഥാനത്ത് കയറി നിൽക്കുന്ന അസത്യങ്ങളാണ്. ദൈവവചനമായ ബൈബിൾ B.C. 1500 മുതൽ A.D.100 വരെയുള്ള കാലഘട്ടത്തിൽ പരസ്പരം അറിയാതെയും, അന്യോന്യസമ്പർക്കം ഇല്ലാതെയും ജീവിച്ചിരുന്ന 40ൽ അധികം ഗ്രന്ഥകാരന്മാരാൽ പരിശുദ്ധാത്മ നിയോഗ പ്രകാരം എഴുതപ്പെട്ടതും ദൈവത്തിന്റെ പരിശുദ്ധാ ത്മാവിനാൽ തന്നെ കൂട്ടിച്ചേർക്കപ്പെട്ടതുമായ ഗ്രന്ഥമാണ്. പില്ക്കാലത്ത് പല നൂറ്റാണ്ടുകൾക്കു ശേഷം രചിക്കപ്പെട്ട മറ്റൊരു ഗ്രന്ഥം ദൈവവച നമാണെന്നു വിശ്വസിക്കുന്നവർ പറയുന്നത് യഥാർത്ഥ ബൈബിൾ നശിപ്പിക്കപ്പെട്ടു പോയി എന്നും, അതിൽ അനേകം തിരുത്തലുകൾ വരുത്തി നിർമ്മിച്ച പുതിയൊരു ബൈബിളാണ് ഇന്ന് പ്രചാരത്തി ലിരിക്കുന്നത് എന്നുമാണ്. യഥാർത്ഥ ബൈബിളിന്റെ വിശ്വാസ്യതയും ആധികാരികതയും ഇല്ലാതാക്കാനായി ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ആശയവിഗ്രഹമാണ് ബൈബിൾ തിരുത്തിയെന്നുള്ള ഈ ആശയം.

യഥാർത്ഥ ബൈബിൾ ലോകത്തിലില്ല എന്നും തിരുത്തപ്പെട്ട ബൈബിളാണ് ഇന്ന് പ്രചാരത്തിലിരിക്കുന്നത് എന്നുമുള്ള ആശയം കൊണ്ടുവന്ന് ബൈബിളിന്റെ മുമ്പിൽ വയ്ക്കുമ്പോൾ ബൈബിളിനേക്കുറിച്ചുള്ള യഥാർത്ഥ സത്യം മറയ്ക്കപ്പെടുകയും, അതിന്റെ സ്ഥാനത്ത് ഒരു അസത്യം പ്രതിഷ്ഠിക്കപ്പെടുകയും ചെയ്യുന്നു; ആ ആശയവിഗ്രഹം ബൈബിൾസത്യങ്ങൾ ജനഹൃദയങ്ങളിലേക്ക് കടന്നുചെല്ലുന്നത് വളരെ വിദഗ്ദമായി തടയുന്നു എന്നത് നിഷ്പക്ഷമായി ചിന്തിക്കുന്ന ഏതൊരാൾക്കും ബോധ്യമാകും.

ആദ്ധ്യാത്മികലോകത്തിൽ കാണപ്പെടുന്ന ആശയവിഗ്രഹങ്ങളുടെ ഒരു ലിസ്റ്റ് തയ്യാറാക്കാൻ തുടങ്ങിയാൽ ഒരിക്കലും അത് എഴുതി തീർക്കുവാൻ സാധിക്കുകയില്ല; ഒന്നിനു പുറകെ ഒന്നായി പുതിയ പുതിയ ആശയവിഗ്രഹങ്ങൾ നമ്മുടെ ചിന്താമണ്ഡലത്തിലേക്ക് വന്നുകൊണ്ടിരിക്കും; അതിനാൽ ഈ വിഷയത്തിന്റെ ഒരു സമഗ്രപഠനം നടത്തുക അസാദ്ധ്യമാണ്; രണ്ടു കാര്യങ്ങൾ കൂടി ഒടുവിലായി ഈ വിഷയത്തോടുള്ള ബന്ധത്തിൽ പറയാം.

## കന്യകമറിയമിന്റെ മാദ്ധ്യസ്ഥം

“അമ്മയോടു പ്രാർത്ഥിച്ചാൽ ഏതു കാര്യവും സാധിച്ചു കിട്ടും; എന്റെ അസുഖം മാറിയാൽ ഞാൻ വേളാങ്കണ്ണിയിൽ ചെന്ന് അമ്മയുടെ രൂപത്തിനു മുമ്പിൽ മുട്ടുകുത്തി വണങ്ങും” എന്നോ അതിനു തുല്യമായ മറ്റ് ഭക്തിപ്രകടനവാക്കുകളോ നാം ധാരാളം കേൾക്കാറുണ്ട്. ദൈവത്തിന്റെയും മനുഷ്യരുടെയും



ഇടയിൽ മാദ്ധ്യസ്ഥം വഹിക്കുന്നത് കന്യകമറിയം ആണെന്ന ആശയം ക്രിസ്തീയ ലോകത്തിലെ പ്രധാനപ്പെട്ട വിശ്വാസങ്ങളിൽ ഒന്നാണ്. ഇതിന് അടിസ്ഥാനമായി പലരും ചൂണ്ടിക്കാണിക്കുന്ന ഒരു സംഭവം ഉണ്ട്; യോഹന്നാന്റെ സുവിശേഷം 2-ാം അദ്ധ്യായത്തിൽ അത് വിവരിച്ചിരിക്കുന്നു. കന്യകമറിയത്തിനു ബന്ധമുണ്ടായിരുന്ന കാനാ എന്ന സ്ഥലത്തെ ഒരു വീട്ടിൽ നടന്ന വിവാഹത്തിൽ പങ്കെടുക്കാനായി ആ വീട്ടുകാർ യേശുവിനെയും ശിഷ്യന്മാരെയും കൂടെ ക്ഷണിച്ചിരുന്നു. സദ്യയ്ക്ക് വിളമ്പിക്കൊണ്ടിരുന്ന വിഭവങ്ങളുടെ കൂട്ടത്തിൽ വീഞ്ഞും ഉണ്ടായിരുന്നു. മറിയമിന് ആ കുടുംബത്തോട് വളരെ അടുത്ത ബന്ധം ഉണ്ടായിരുന്നതിനാൽ കലവറക്കാര്യങ്ങൾ നോക്കുന്ന ചുമതല മറിയമാണ് നിർവ്വഹിച്ചത്; വീഞ്ഞ് തികയുകയില്ല എന്ന് മറിയം കണ്ടപ്പോൾ ആ കാര്യം യേശുവിനോട് പറയുകയും യേശു തന്റെ ആദ്യത്തെ അത്ഭുതപ്രവൃത്തി [ വെള്ളം വീഞ്ഞാക്കുന്ന അത്ഭുതം] അവിടെവച്ച് ചെയ്യുകയും അങ്ങനെ ആ വീട്ടുകാരെ സഹായിക്കുകയും ചെയ്തു. ഈ സംഭവത്തിൽ ശ്രദ്ധേയമായ ഒരു പ്രധാനപ്പെട്ട കാര്യം വീഞ്ഞു തികയുകയില്ല എന്ന വസ്തുത വീട്ടുകാരൻ അറിയുകയോ അയാൾ പ്രശ്നപരിഹാരത്തിനായി മറിയം മുഖാന്തരം യേശുവിനെ സമീപിക്കുകയോ ചെയ്തില്ല എന്നതാണ്; യേശു അതിനു മുമ്പ് യാതൊരു അത്ഭുതവും ചെയ്തിട്ടില്ലാഞ്ഞതിനാൽ യേശുവിന് അത്ഭുതം പ്രവർത്തിക്കാൻ കഴിയും എന്ന അറിവും അയാൾക്കില്ലായിരുന്നു. കലവറയുടെ ചുമതല വഹിച്ചുകൊണ്ടു നിന്ന മറിയം

തന്റെ സ്വന്തം ആവശ്യം എന്ന നിലയിൽ വീഞ്ഞിന്റെ പ്രശ്നത്തെക്കുറിച്ച് യേശുവിനോട് നേരിട്ടു പറഞ്ഞ് അതിനു പരിഹാരം കണ്ടെത്തി എന്നതു മാത്രമാണ് യഥാർത്ഥ വസ്തുത. മറിയം യേശുവിനും വീട്ടുകാരനും ഇടയ്ക്കു നിന്നു കൊണ്ട് യാതൊരു മാദ്ധ്യസ്ഥവും വഹിച്ചില്ല. വീട്ടുകാരൻ ഈ സംഭവം അറിഞ്ഞതേയില്ല എന്ന് വചനത്തിൽ നിന്നും നാം മനസ്സിലാക്കുന്നു. കാനായിലെ വിവാഹത്തോടുള്ള ബന്ധത്തിൽ മറിയം മദ്ധ്യസ്ഥത വഹിച്ചു വെള്ളം വീഞ്ഞാക്കി എന്നു പറഞ്ഞുകൊണ്ട്, മറിയം ദൈവത്തിനും മനുഷ്യർക്കും ഇടയ്ക്കു നിൽക്കുന്ന മദ്ധ്യസ്ഥയാണെന്ന് ഒരു ഉപദേശം ക്രിസ്തീയ ലോകത്തിൽ ഉണ്ടാക്കി വെച്ചിട്ടുണ്ട്. മദ്ധ്യസ്ഥത സംബന്ധിച്ച യഥാർത്ഥ ത്തിലുള്ള ബൈബിളിലെ ഉപദേശം മറ്റൊന്നാണ്: മാനവരാശിയുടെ രക്ഷയ്ക്കുവേണ്ടി മനുഷ്യത്വം സ്വീകരിച്ചശേഷം ക്രൂശിൽ മരണം സഹിക്കുകയും മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേൽക്കുകയും ചെയ്ത ദൈവപുത്രനായ യേശുക്രിസ്തുവാണ് ഏതൊരു മനുഷ്യനെയും ഏറ്റവും അധികം സ്നേഹിക്കുന്ന ആൾ എന്നും അതിനാൽ ദൈവത്തിനും മനുഷ്യർക്കും ഇടയിൽ നിൽക്കുന്ന ഏകമദ്ധ്യസ്ഥൻ മനുഷ്യൻ ആയിത്തീർന്ന യേശു ക്രിസ്തു ആണെന്നും 1തിമോത്തെയോസ് 2 : 5-6 വാക്യങ്ങളിൽ പറഞ്ഞിട്ടുണ്ട്. യേശുക്രിസ്തുവിന്റെ മദ്ധ്യസ്ഥത എന്ന ബൈബിളിലെ ആശയത്തെ അതിന്റെ സ്ഥാനത്തു നിന്ന് എടുത്തു മാറ്റിയിട്ട് ആ സ്ഥാനത്ത് മറിയമിന്റെ മദ്ധ്യസ്ഥത എന്ന ആശയം പ്രതിഷ്ഠിച്ചിരിക്കുന്ന കാഴ്ച ക്രിസ്തീയ ലോകത്തിൽ



നാം കാണുന്നു. അതിനാൽ യേശുവിന്റെ മദ്ധ്യസ്ഥത എന്ന യഥാർത്ഥ ആശയം ഇരിക്കേണ്ട സ്ഥാനത്തു പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന ആശയവിഗ്രഹമാണ് മറിയമിന്റെ മദ്ധ്യസ്ഥത എന്ന വിശ്വാസം എന്നു നാം മനസ്സിലാക്കണം.

## യഥാർത്ഥ ദൈവഭക്തി

‘‘പിതാവായ ദൈവത്തിന്റെ മുമ്പാകെ ശുദ്ധവും നിർമ്മലവുമായുള്ള ഭക്തിയോ, അനാഥരെയും വിധവമാരെയും അവരുടെ സങ്കടത്തിൽ ചെന്നു കാണുന്നതും ലോകത്താലുള്ള കളങ്കം പറ്റാത്തവണ്ണം തന്നെത്താൻ കാത്തുകൊള്ളുന്നതും ആകുന്നു ‘‘ എന്ന് യാക്കോബ് 1: 27 ൽ നാം വായിക്കുന്നു. ഇതിന്റെ അർത്ഥം മനുഷ്യരെ നിസ്വാർത്ഥമായി സ്നേഹി ക്കുകയും വിശുദ്ധജീവിതം നയിക്കുകയും ചെയ്യുന്ന താണ് യഥാർത്ഥ ദൈവഭക്തിയുടെ തെളിവ് എന്നാണ്; ഈ ആശയം അംഗീകരിക്കേണ്ടതിനു പകരം മറ്റൊരാശയം ക്രിസ്തീയ ലോകത്തിൽ അംഗീകരി ക്കപ്പെട്ടിരിക്കുന്നതായിട്ടാണ് നാം കാണുന്നത്. വലിയ ശബ്ദത്തിൽ ആക്രോശിച്ചുകൊണ്ട് പ്രസംഗിക്കുകയും സ്റ്റേജിൽ ഓടുകയും ചാടുകയും ഒക്കെ ചെയ്യുന്ന പ്രസംഗകരെ ക്രിസ്തീയലോകത്തിൽ നാം ധാരാളം കാണാറുണ്ട്. ഇവർ വലിയ ഭക്തന്മാരാണെന്നും ‘ശ്രേഷ്ഠദൈവദാസന്മാർ’ ആണെന്നും പരിഗണി ക്കപ്പെടുന്നു. സൗമ്യതയുടെ ആത്മാവിൽ ആണ് ദൈവവചനം സംസാരിക്കേണ്ടതെന്നും കേൾക്കു ന്നയാൾ ശാന്തമായി ചിന്തിച്ചു മനസ്സിലാക്കാൻ ഇടയാകണമെന്നും ഗലാത്യർ 6:1 ൽ നാം വായിക്കുന്നു. അപ്പൊസ്തല പ്രവൃത്തികളിൽ വിവരിച്ചിരിക്കുന്ന

സംഭവങ്ങൾ അത് തെളിയിക്കുകയും ചെയ്യുന്നു. മനുഷ്യസ്നേഹം, വിശുദ്ധജീവിതം, സൗമ്യതയോടെ ദൈവവചനം സംസാരിക്കുന്ന സ്വഭാവം എന്നിവയാണ് യഥാർത്ഥ ദൈവഭക്തിയുടെ തെളിവ് എന്നുള്ള ബൈബിളിലെ ആശയത്തെ മറച്ചു പിടിച്ചുകൊണ്ട് അതിന്റെ സ്ഥാനത്തു പ്രതിഷ്ഠിച്ചു വച്ചിരിക്കുന്ന ഒരു ആശയവിഗ്രഹത്തെ ഇക്കാലത്തു നാം ധാരാളമായി കാണുന്നു. ആക്രോശപ്രസംഗവും സ്റ്റേജിലെ ഓട്ട-ച്ചാട്ട-സർക്കസ്സ് പ്രദർശനവും ദൈവഭക്തിയുടെ തെളിവാണെന്ന ആശയമാണത്. [വാസ്തവത്തിൽ ഇത് വെറും അഹംഭാവത്തിന്റെ തെളിവാണ്]. ജീവിതത്തിൽ യഥാർത്ഥ ദൈവഭക്തി വെളിപ്പെടു ത്തുന്ന മനുഷ്യസ്നേഹം, നീതിബോധം, സത്യ സന്ധത, സൗമ്യത, ദയ മുതലായ വിശിഷ്ടഗുണ ങ്ങൾക്കു പ്രാധാന്യം കൊടുക്കാതെ ഉച്ചഭാഷിണിയുടെ മുമ്പിൽ നിന്നുകൊണ്ട് ചെവിക്കു കേടുവരുത്തുന്ന തരത്തിൽ ശബ്ദമുണ്ടാക്കുമ്പോൾ യഥാർത്ഥ ദൈവഭക്തിയുടെ സ്ഥാനത്ത് നാം ഒരു ആശയ വിഗ്രഹത്തെ പ്രതിഷ്ഠിക്കുകയാണ് ചെയ്യുന്നത്.

## ഭാഗം – 2
## അന്യഭാഷ

6. **ചോദ്യം:** അന്യഭാഷയിൽ സംസാരിക്കുന്നവർ മനുഷ്യരോടല്ല ദൈവത്തോടത്രേ സംസാരിക്കുന്നു, ആരും തിരിച്ചറിയുന്നില്ലല്ലോ എന്ന് 1കൊരിന്ത്യർ 14:2 ൽ പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം അന്യഭാഷ ദൈവത്തിന്റെ ഭാഷ ആണെന്നും അന്യനാട്ടിലെ



മനുഷ്യരുടെ ഭാഷ അല്ലെന്നുമാണോ?

**ഉത്തരം:** അങ്ങനെയല്ല; എന്നാൽ അങ്ങനെയാണ് അർത്ഥമെന്ന് ചിലർ ചിന്തിക്കുന്നു.

7. **ചോദ്യം:** അന്യഭാഷ ദൈവത്തിന്റെ ഭാഷയാണെങ്കിൽ അതിനു ദൈവത്തിന്റെ ഭാഷ എന്നോ സ്വർഗ്ഗത്തിന്റെ ഭാഷയെന്നോ പറയാതെ അന്യഭാഷ (അന്യന്റെ ഭാഷ) എന്ന് എന്തുകൊണ്ടാണ് പറഞ്ഞിരിക്കുന്നത്?

**ഉത്തരം:** അന്യഭാഷ അന്യനാട്ടുകാരുടെ ഭാഷയാണ്; ദൈവത്തിന്റെ ഭാഷയല്ല. അതു കൊണ്ടാണ് ദൈവ ത്തിന്റെ ഭാഷ എന്നു പറയാതെ അന്യഭാഷ എന്നു പറഞ്ഞിരിക്കുന്നത്.

8. **ചോദ്യം:** അന്യഭാഷ എന്നു പറഞ്ഞാൽ ദൈവത്തിനു മാത്രം മനസ്സിലാകുന്ന ഭാഷയെന്നാണ് അർത്ഥമെങ്കിൽ അന്യൻ എന്ന പദത്തിന് ദൈവം എന്ന് അർത്ഥം ഉണ്ടായിരിക്കേണ്ടേ? ഏതെങ്കിലും നിഘണ്ടുവിൽ അന്യൻ = ദൈവം എന്ന് കാണുന്നുണ്ടോ? “ദൈവത്തെ നാം അനുസരിക്കണം” എന്ന് പറയുന്നതിനു പകരം “അന്യനെ നാം അനുസരിക്കണം” എന്നു പറഞ്ഞാൽ മതിയോ?

**ഉത്തരം:** അന്യൻ എന്ന പദത്തിന് ദൈവം എന്ന് ഒരു നിഘണ്ടുവിലും അർത്ഥം കൊടുത്തിട്ടില്ല; ദൈവത്തെ അനുസരിക്കണം എന്നു പറയുന്നതിനു പകരം അന്യനെ അനുസരിക്കണം എന്നു പറഞ്ഞാൽ അത് ശരിയാകയില്ല. അന്യഭാഷയ്ക്ക് ദൈവത്തിന്റെ ഭാഷ എന്ന് ഒരിക്കലും അർത്ഥം വരികയില്ല.

9. **ചോദ്യം:** അന്യഭാഷയിൽ സംസാരിച്ചാൽ ദൈവത്തിനു മാത്രം മനസ്സിലാകുമെന്നും മനുഷ്യരാരും അത് തിരിച്ചറിയുകയില്ലെന്നും അപ്പൊസ്തലനായ

പൗലോസ് 1കൊരിന്ത്യർ 14:2 ൽ പറഞ്ഞിരിക്കുന്നത് കൊരിന്ത് പട്ടണത്തിലുള്ള ഗ്രീക്കുഭാഷ മാത്രം അറിയാമായിരുന്ന ആളുകളോടല്ലേ?

**ഉത്തരം:** അതെ; ഗ്രീക്കുഭാഷ മാത്രം അറിയാവുന്ന കൊരിന്ത്യരോട് അന്യഭാഷയിൽ സംസാരിച്ചാൽ അവർ ഒന്നും തിരിച്ചറിയുകയില്ല, സർവ്വജ്ഞാനിയായ ദൈവം മാത്രം തിരിച്ചറിയും എന്നാണ് അവിടെ പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം.

10. **ചോദ്യം:** ദൈവത്തിന്റെ ഭാഷയ്ക്ക്, ദൈവത്തിന്റെ ഭാഷ എന്നു തന്നെ പറയാതെ അന്യഭാഷ എന്നു പറയുന്നതിന് വല്ല ന്യായവും കണ്ടുപിടിക്കാൻ സാധിക്കുമോ?

    **ഉത്തരം:** സാധ്യമല്ല; അന്യഭാഷ ദൈവത്തിന്റെ ഭാഷയാണെന്നു പറയുന്നവർക്ക് ദൈവത്തിന്റെ ഭാഷയ്ക്ക് ദൈവത്തിന്റെ ഭാഷ എന്നു പറയാതെ അന്യഭാഷ എന്ന് പറഞ്ഞിരിക്കുന്നതിന്റെ ന്യായം എന്താണെന്ന് പറയുവാൻ ചുമതലയുണ്ട്.

11. **ചോദ്യം:** അന്യൻ എന്ന പദത്തിന് ദൈവം എന്ന് അർത്ഥമില്ലെങ്കിൽ അന്യഭാഷ എന്ന പദത്തിന് ദൈവത്തിന്റെ ഭാഷ എന്ന് എങ്ങനെ അർത്ഥം വരും? അന്യഭാഷ ദൈവത്തിന്റെ ഭാഷയാണെന്നും അന്യദേശത്തുകാരനായ മനുഷ്യന്റെ ഭാഷയല്ലെന്നും പറഞ്ഞാൽ അത് അസത്യം അല്ലേ?

    **ഉത്തരം:** വാസ്തവത്തിൽ അസത്യം ആണ്; അങ്ങനെ ചിലർ പറയുന്നത് അവരുടെ തെറ്റിദ്ധാരണ മൂലമായിരിക്കാം.

12. **ചോദ്യം:** അന്യഭാഷ ദൈവത്തിന്റെ ഭാഷയാണെങ്കിൽ "അന്യഭാഷകളിൽ" എന്ന് അപ്പൊ: പ്രവൃ: 2:4 ൽ പറഞ്ഞിരിക്കുന്നതിനാൽ, ദൈവത്തിനു സ്വന്തമായി ഒന്നിലധികം ഭാഷകൾ ഉണ്ടെന്ന് ചിന്തിക്കേണ്ടി വരില്ലേ?

    **ഉത്തരം:** അങ്ങനെ ചിന്തിക്കേണ്ടി വരും; അന്യഭാഷ ദൈവത്തിന്റെ ഭാഷയാണെന്ന് പറയുന്നവർക്ക്, ദൈവത്തിന് എങ്ങനെയാണ് സ്വന്തമായ ഒന്നിലധികം ഭാഷകൾ അപ്പൊ: പ്രവൃ: 2:4 പ്രകാരം ഉണ്ടായിരിക്കുന്നതെന്ന് വിശദീകരിക്കാൻ ചുമതലയുണ്ട്.

13. **ചോദ്യം:** അന്യഭാഷയിൽ സംസാരിച്ചാൽ ദൈവത്തിനു മാത്രമേ മനസ്സിലാവുകയുള്ളു എങ്കിൽ മനുഷ്യർ കൂടി വന്നിരിക്കുന്ന ഒരു സ്ഥലത്ത് അവരുടെ ഭാഷയിൽ സംസാരിക്കാതെ 'ദൈവത്തിന്റെ ഭാഷ'യിൽ സംസാരിക്കുന്നതിന്റെ ന്യായീകരണം എന്താണ്? ആളുകൾക്ക് അറിയാൻ പാടില്ലാത്ത ഭാഷയിൽ അവരുടെ സാന്നിദ്ധ്യത്തിൽ സംസാരിക്കുന്നത് ഉചിതമാണോ? മലയാളം അറിയാത്ത സായ്പന്മാരുടെ സഭാകൂടിവരവിൽ ചെന്ന് മലയാളിയായ പാസ്റ്റർ അവർക്കറിയാൻ പാടില്ലാത്ത മലയാളത്തിൽ സംസാരിക്കുന്നത് ഉചിതമാണോ?

    **ഉത്തരം:** യാതൊരു ന്യായീകരണവും ഇല്ല; കേൾവിക്കാരോട് അവർക്കറിയാൻ പാടില്ലാത്ത ഭാഷയിൽ സംസാരിക്കുകയും അത് തർജ്ജമ ചെയ്യാതിരിക്കുകയും ചെയ്യുന്നത് ഉചിതമല്ല. അന്യഭാഷ ദൈവത്തിന്റെ ഭാഷയാണെന്ന് വിശ്വസിക്കുന്നവർ സ്വർഗ്ഗത്തിൽ ചെന്നു കഴിഞ്ഞ് ദൈവത്തോടാണ് അന്യഭാഷ പറയേണ്ടത്, ഭൂമിയിൽ ആരുടെയും മുമ്പിൽ ദൈവത്തിന്റെ ഭാഷ പറയുവാൻ അവർക്കു ന്യായമില്ല.

14. **ചോദ്യം:** പെന്തെക്കോസ്തു നാളിൽ ശിഷ്യന്മാർക്ക്

അന്യഭാഷാവരം ലഭിച്ചപ്പോൾ അവർ അന്യഭാഷകളിൽ ദൈവത്തിന്റെ 'വൻകാര്യങ്ങൾ' (അപ്പ: പ്രവൃ: 2:11 നോക്കുക) സംസാരിച്ചത് ദൈവം മാത്രമാണോ മനസ്സിലാക്കിയത്? പർത്ഥർ, മേദ്യർ, ക്രേത്യർ, അറബികൾ തുടങ്ങിയ പത്തു പതിനഞ്ച് അന്യനാട്ടുകാർ അവരുടെ സ്വന്തം മാതൃഭാഷകളിൽ ശിഷ്യന്മാർ യേശുവിന്റെ സുവിശേഷം പ്രസംഗിക്കുന്നത് കേട്ടു മനസ്സിലാക്കിയില്ലേ?

**ഉത്തരം:** ശിഷ്യന്മാർ സംസാരിച്ചത് അന്യനാട്ടുകാരുടെ ഭാഷകളിൽ ആയിരുന്നതുകൊണ്ട് ആ അന്യനാട്ടുകാർ ശിഷ്യന്മാരുടെ സംസാരം കേട്ടു മനസ്സിലാക്കി. ദൈവത്തിനു മാത്രമാണ് അന്യഭാഷ മനസ്സിലാകുന്നത് എന്നു പറയുന്നത് തികഞ്ഞ അസത്യമാണെന്ന് ഈ സംഭവം തെളിയിക്കുന്നു.

15. **ചോദ്യം:**പെന്തെക്കോസ്തു നാളിൽ ശിഷ്യന്മാർ അന്യഭാഷകളിൽ സംസാരിച്ചത് മനുഷ്യരോടല്ലായിരുന്നു, ദൈവത്തോടായിരുന്നു എന്നു പറയാൻ പറ്റുമോ?

    **ഉത്തരം:** പെന്തെക്കോസ്തുനാളിൽ ശിഷ്യന്മാർ അന്യഭാഷകളിൽ സംസാരിച്ചത് പത്തു പതിനഞ്ച് അന്യനാടുകളിലെ മനുഷ്യരോടായിരുന്നു; ദൈവത്തോടായിരുന്നില്ല; അതാണ് സത്യം.

16. **ചോദ്യം:** പെന്തെക്കോസ്തു നാളിൽ ശിഷ്യന്മാർ അന്യഭാഷാവരം ഉപയോഗിച്ചു സംസാരിച്ചത് അന്യനാട്ടുകാരുടെ ഭാഷകളിൽ അല്ലായിരുന്നെങ്കിൽ അന്യഭാഷാഭാഷണം അവിശ്വാസികൾക്ക് ഒരു അടയാളമായി (ആശ്ചര്യ വിഷയം) ഇരിക്കും എന്ന് 1കൊരിന്ത്യർ 14:22ൽ പറഞ്ഞിരിക്കുന്നത് തെറ്റാണെന്നല്ലേ വരിക?

    **ഉത്തരം:** തെറ്റാണെന്ന് വരും; അന്യനാട്ടുകാരുടെ സ്വന്തം ഭാഷകളിൽ ശിഷ്യന്മാർ സംസാരിച്ചതുകൊണ്ടാണ് അവരുടെ അന്യഭാഷാഭാഷണം അന്യനാട്ടുകാർക്ക് അടയാളം (അത്ഭുതം) ആയി ഇരുന്നത്.

17. **ചോദ്യം:** പെന്തക്കോസ്തു നാളിൽ ശിഷ്യന്മാർ അന്യഭാഷകളിൽ സംസാരിച്ചത് അന്യനാടുകളിൽ നിന്നു വന്നിരുന്ന ആളുകൾക്ക് മനസ്സിലായി എന്നും തങ്ങളുടെ ഭാഷകൾ പഠിക്കാത്തവർക്ക് തങ്ങളുടെ ഭാഷകളിൽ ദൈവവചനം സംസാരിക്കാൻ എങ്ങനെ പ്രാപ്തി ലഭിച്ചു എന്നു പറഞ്ഞ് അവർ ആശ്ചര്യം പ്രകടിപ്പിച്ചു എന്നും അപ്പൊ: പ്രവൃ: 2 : 6-8 വരെ വാക്യങ്ങളിൽ കാണുന്നതിനാൽ അന്യഭാഷ എന്നു പറഞ്ഞാൽ അത് അന്യനാട്ടുകാർ തിരിച്ചറിയുന്ന അവരുടെ മാതൃഭാഷ എന്നു തന്നെയാണ് അർത്ഥമെന്നു വ്യക്തമല്ലേ?

    **ഉത്തരം:** വ്യക്തമാണ്.

18. **ചോദ്യം:** അന്യഭാഷ എന്നു പറഞ്ഞാൽ ലോകത്തിൽ ഒരിടത്തും ഇല്ലാത്തതും ദൈവത്തിനുമാത്രം അറിയാവുന്നതുമായ രഹസ്യഭാഷ എന്നാണർത്ഥമെങ്കിൽ അന്യഭാഷയിലുള്ള സംസാരം ഒരു അടയാളമായി (ആശ്ചര്യവിഷയമായി) അവിശ്വാസികൾക്ക് എങ്ങനെയാണ് അനുഭവപ്പെടുക?

    **ഉത്തരം:** അന്യഭാഷ ദൈവത്തിന്റെ ഭാഷയാണെങ്കിൽ അതു കേൾക്കുന്ന മനുഷ്യർക്ക് അതൊരു അടയാളം (ആശ്ചര്യവിഷയം) ആയി അനുഭവപ്പെടുകയില്ല.

19. **ചോദ്യം:** വിദേശഭാഷകൾ പഠിക്കാതെ ആ ഭാഷകളിൽ

പരിശുദ്ധാത്മ സഹായത്താൽ ദൈവവചനം സംസാരിക്കുന്നത് അവിശ്വാസികൾക്ക് ഒരു അടയാളം (അത്ഭുതവിഷയം) ആയി അനുഭവപ്പെടും എന്ന് 1കൊരിന്ത്യർ 14:22ൽ പറഞ്ഞിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ അന്യഭാഷ രണ്ടു തരമുണ്ടെന്നും ഒന്നിന് അടയാളഭാഷ എന്നും മറ്റതിന് വരഭാഷ എന്നും പറയുന്നു എന്നും അവകാശപ്പെടുന്നതിന് ദൈവ വചനത്തിൽ എന്തെങ്കിലും ന്യായീകരണ മുണ്ടെങ്കിൽ അതെന്താണ്?

**ഉത്തരം:** യാതൊരു ന്യായീകരണവുമില്ല; 1കൊരിന്ത്യർ 14:22 ന്റെ അർത്ഥം മനസ്സിലായിട്ടുള്ളവർ ഈ അബദ്ധവ്യാഖ്യാനം സ്വീകരിക്കുകയില്ല. മാതൃഭാഷ ശരിയായി പഠിക്കുകയും മാതൃഭാഷയിൽ പ്രിന്റ് ചെയ്ത് കിട്ടിയിരിക്കുന്ന ദൈവവചനം ശ്രദ്ധിച്ചു വായിച്ചു മനസ്സിലാക്കുകയും ചെയ്യുന്നവർക്ക് ഈ വിധത്തിൽ ചിന്തിക്കാനും, സംസാരിക്കാനും സാദ്ധ്യമല്ല.

20. **ചോദ്യം:** ഒരാളിന്റെ മാതൃഭാഷയിൽ ഇല്ലാത്ത ഒന്നോ രണ്ടോ ശബ്ദങ്ങൾ ഉണ്ടാക്കിയാൽ ‘അടയാളഭാഷ’ പറഞ്ഞുവെന്നു പരിഗണിക്കാമെന്നും ദീർഘനേരം മാതൃഭാഷയിൽ ഇല്ലാത്ത ശബ്ദങ്ങൾ ഉണ്ടാക്കിയാൽ ‘ഭാഷാവരം’ കിട്ടിയെന്നു പറയാമെന്നും ദൈവവചന ത്തിൽ നാം കാണുന്നുണ്ടോ? ഉണ്ടെങ്കിൽ ആ വാക്യം ഏതാണ്?

**ഉത്തരം:** ഇങ്ങനെ പറയുന്ന ഒരു വാക്യം ബൈബിളിൽ ഇല്ല; ഇങ്ങനെ പറയുന്നത് വചനത്തിന് അങ്ങേയറ്റം വിരുദ്ധമാണ്.

21. **ചോദ്യം:** ദൈവത്തിന്റെ ഭാഷയിൽ ദൈവത്തോട് മാത്രം



സംസാരിക്കാൻ പ്രാപ്തി നൽകുകയും അന്യനാട്ടു കാരോട് അവരുടെ ഭാഷകളിൽ സംസാരി ക്കാൻ പ്രാപ്തി നൽകാതിരിക്കുകയും ചെയ്യുന്ന പ്രത്യേക തരത്തിലുള്ള ഒരു അന്യഭാഷാവരത്തെ ക്കുറിച്ച് വചനത്തിൽ എവിടെയെങ്കിലും പറഞ്ഞി ട്ടുണ്ടോ? ഇങ്ങനെയുള്ള ‘അന്യഭാഷ’ എങ്ങനെയാണ് 1കൊരിന്ത്യർ 14:22 പ്രകാരം അവിശ്വാസികൾക്ക് അടയാളം (ആശ്ചര്യവിഷയം) ആയി അനുഭവപ്പെടുക?

**ഉത്തരം:** ഇങ്ങനെയുള്ള ഒരു അന്യഭാഷയെപ്പറ്റി വചനത്തിൽ ഒരിടത്തും പറഞ്ഞിട്ടില്ല. ഇത് ഒരിക്കലും അവിശ്വാസികൾക്ക് അടയാളമായി (ആശ്ചര്യ വിഷയമായി) ഇരിക്കുക സാദ്ധ്യമല്ല.

22. **ചോദ്യം:** അവിശ്വാസികൾക്ക് അടയാളം (ആശ്ചര്യവിഷയം) ആയി അനുഭവപ്പെടാത്ത അന്യ ഭാഷ 1കൊരിന്ത്യർ 14:22 പ്രകാരം യഥാർത്ഥ ത്തിലുള്ള അന്യഭാഷയാണോ?

**ഉത്തരം:** അല്ല; അത് യഥാർത്ഥത്തിലുള്ള അന്യ ഭാഷയല്ല; യഥാർത്ഥത്തിലുള്ള അന്യഭാഷാവരം ഒരാൾക്ക് ലഭിച്ചാൽ അന്യനാട്ടുകാർ അയാളുടെ സംസാരം കേൾക്കുമ്പോൾ നമ്മുടെ ഭാഷ പഠിച്ചി ട്ടില്ലാത്ത ഈ ആൾ എങ്ങനെയാണ് നമ്മുടെ ഭാഷയിൽ സംസാരിക്കുന്നത് എന്ന് ചോദിക്കും.

23. **ചോദ്യം:** വിശ്വാസികൾ ഒരുമിച്ചു കൂടിയിരിക്കുമ്പോൾ അവരിൽ അനേകം ആളുകൾ ഒരുമിച്ച് ഒരേ സമയത്ത്, തങ്ങൾ അന്യഭാഷയിൽ ദൈവത്തെ സ്തുതി ക്കുകയാണ് എന്നു വിശ്വസിച്ചുകൊണ്ട് അവരുടെ മാതൃഭാഷയിലില്ലാത്ത ശബ്ദങ്ങൾ .ഉച്ചരിച്ചു കൊണ്ടിരിക്കുന്ന കാഴ്ച ധാരാളമായി കാണപ്പെടുന്നു.

"ഞാൻ ഭാഷ അറിയാഞ്ഞാൽ സംസാരിക്കുന്നവനു ഞാൻ ബർബരൻ (Barbrain = കേൾക്കുന്നതു മനസ്സിലാകാത്ത അപരിഷ്കൃതൻ) ആയിരിക്കും; സംസാരിക്കുന്നവൻ എനിക്കും ബർബരൻ ആയി രിക്കും" (1കൊരിന്ത്യർ 14:11) എന്നാണ് ദൈവവചനം പറയുന്നത്. അപ്പോൾ ഇക്കാലത്ത് അന്യോന്യം മനസ്സിലാകാത്തതും ഉറക്കെ ഉച്ചരിക്കപ്പെടുന്നതുമായ അന്യഭാഷാഭാഷണം നടത്തപ്പെടുമ്പോൾ ആർക്കും ഒന്നും മനസ്സിലാകാത്തതിനാൽ ആ കർമ്മം നടത്തു ന്നവർ തങ്ങളെത്തന്നെ വാസ്തവത്തിൽ ബർബരന്മാർ (അന്യോന്യം ഭാഷ മനസ്സിലാകാത്ത അപരിഷ്കൃതർ) ആക്കിത്തീർക്കുകയല്ലേ ചെയ്യുന്നത്? അവർ അതല്ല ചെയ്യുന്നതെന്ന് എങ്ങനെ തെളിയിക്കും?

**ഉത്തരം:** അവർ തങ്ങളെത്തന്നെ ബർബരന്മാർ ആക്കുകയാണ് ചെയ്യുന്നത്; അല്ലെന്നു തെളിയിക്കാൻ യാതൊരു മാർഗ്ഗവുമില്ല.

24. **ചോദ്യം:** "അവ്വണ്ണം നിങ്ങളും ആത്മവരങ്ങളെക്കുറിച്ചു വാഞ്ഛയുള്ളവരാകയാൽ സഭയുടെ ആത്മികവർദ്ധ നയ്ക്കായി സഫലന്മാർ ആകുവാൻ ശ്രമിപ്പിൻ. അതുകൊണ്ട് അന്യഭാഷയിൽ സംസാരിക്കുന്നവൻ വ്യാഖ്യാനവരത്തിനായി പ്രാർത്ഥിക്കട്ടെ'' എന്ന് 1കൊരിന്ത്യർ 14: 12-13 വാക്യങ്ങളിൽ നാം വായി ക്കുന്നു. ഇതിന്റെ അർത്ഥം അന്യഭാഷയിലെ സംസാരം മൂലം എന്തെങ്കിലും നല്ലഫലം ഉണ്ടാകണ മെങ്കിൽ ആ സംസാരം തർജ്ജമ ചെയ്യപ്പെടണം എന്നല്ലേ? അപ്പോൾ ഇക്കാലത്തു നാം കാണുന്ന, അനേകർ ഒരുമിച്ച് ഒരേസമയത്തു പറയുന്ന, യാതൊരു തർജ്ജയും സാധ്യമല്ലാത്ത അന്യഭാഷാഭാഷണം



തികച്ചും അഫലമാണ് എന്നു വ്യക്തമല്ലേ? അത് സഫലമാണെന്ന് എങ്ങനെ തെളിയിക്കും? അതുമൂലം എന്തെങ്കിലും നല്ല ഫലം ഉണ്ടാകുന്നുണ്ടെങ്കിൽ അതെന്താണ്?

**ഉത്തരം:** അനേകർ ഒരുമിച്ച് ഒരേ സമയത്തു പറയുന്ന, യാതൊരു തർജ്ജമയും സാധ്യമല്ലാത്ത 'അന്യഭാഷാഭാഷണം' വചനപ്രകാരം തികച്ചും അഫലമാണ്. സമയവും നാവിന്റെ ശക്തിയും പാഴാക്കുന്ന പ്രവൃത്തി മാത്രമാണത്.

25. **ചോദ്യം:** "സഭ ഒക്കെയും ഒരുമിച്ചുകൂടി എല്ലാവരും അന്യഭാഷകളിൽ സംസാരിക്കുന്നു എങ്കിൽ ആത്മവര മില്ലാത്തവരോ അവിശ്വാസികളോ അകത്തു വന്നാൽ നിങ്ങൾക്കു ഭ്രാന്തുണ്ട് എന്നു പറക യില്ലയോ"? എന്ന് 1കൊരിന്ത്യർ 14:23ൽ നാം വായിക്കുന്നു ഇതിന്റെ അർത്ഥം ഒരു സഭയിൽ അനേകം ആളുകൾ ഒരേ സമയത്ത് അന്യഭാഷകളിൽ സംസാരിച്ചാൽ ആ സംസാരം ഭ്രാന്ത് പിടിച്ചവരുടെ സംസാരം പോലെ മാത്രമേ അവിശ്വാസികളുടെ ദൃഷ്ടിയിൽ ഇരിക്കുകയുള്ളു എന്നല്ലേ? ഇക്കാലത്തു നടന്നു കൊണ്ടിരിക്കുന്ന അന്യഭാഷാഭാഷണങ്ങൾ എല്ലാം വാസ്തവത്തിൽ ഇത്തരത്തിലുള്ളവയല്ലേ? അതു കൊണ്ടല്ലേ ടി. വി. ചാനലുകളുടെ കോമഡി ഷോകളിൽ അന്യഭാഷാഭാഷണത്തിനു സ്ഥാനം കിട്ടിയിരിക്കുന്നത്? അവിശ്വാസികൾക്ക് ആശ്ചര്യ വിഷയമായി ഒന്നാം നൂറ്റാണ്ടിൽ ഇരുന്ന അന്യ ഭാഷാവരം ഇക്കാലത്ത് പരിഹാസവിഷയം ആയിത്തീ ർന്നിരിക്കുന്നതിന്റെ കാരണം ദൈവവചന ത്തിലെ പ്രമാണത്തിന് വിരുദ്ധമായി മാത്രം 'അന്യ ഭാഷാവരം'

ഇക്കാലത്ത് ഉപയോഗിക്കുന്നു എന്നതല്ലേ?

**ഉത്തരം:** അതെ.

26. **ചോദ്യം:** ദൈവത്തോട് തമിഴ്നാട്ടുകാരൻ തമിഴിൽ പ്രാർത്ഥിക്കുന്നതും മലയാളി മലയാളത്തിൽ പ്രാർത്ഥിക്കുന്നതും, സകല ഭാഷകളെയും ഒരുപോലെ പരിഗണിക്കുന്ന ദൈവം ഒരുപോലെ തന്നെയല്ലേ മനസ്സിലാക്കുന്നത്? തന്നോട് മനുഷ്യർ പ്രാർത്ഥിക്കുന്നതും സഭാ കൂടിവരവുകളിൽ വചനം പ്രസംഗിക്കുന്നതും കഴിയുന്നിടത്തോളം അന്യഭാഷയിൽ ആയിരിക്കണമെന്ന് ദൈവം ആഗ്രഹിക്കുവാൻ എന്തെങ്കിലും ന്യായമുണ്ടോ? ഉണ്ടെങ്കിൽ ആ ന്യായം എന്താണ്?

**ഉത്തരം:** സകല ഭാഷകളും ഒരുപോലെ അറിയുന്ന ദൈവത്തിന് ആരെങ്കിലും ഏതെങ്കിലും പ്രത്യേക ഭാഷയിൽ പ്രാർത്ഥിക്കണമെന്നോ സംസാരിക്കണെമെന്നോ യാതൊരു പ്രത്യേക താല്പര്യവുമില്ല; തമിഴ്നാട്ടുകാരൻ തമിഴിൽ പ്രാർത്ഥിക്കാതെ ഹിന്ദിയിൽ പ്രാർത്ഥിച്ചാൽ അതിനു ദൈവം കൂടുതലായ വില കല്പിക്കുകയില്ല. ഒരാൾ സ്വന്തം ഭാഷയുപയോഗിക്കാതെ അന്യഭാഷ ഉപയോഗിച്ച് സ്വന്തം നാട്ടുകാരോട് സംസാരിക്കണമെന്ന് ദൈവം ആഗ്രഹിക്കാൻ യാതൊരു ന്യായവും മനുഷ്യ ബുദ്ധിയിൽ ഇല്ല; ദൈവവചനത്തിലുമില്ല.

27. **ചോദ്യം:** അന്യഭാഷയിലെ സംസാരത്തിന് ദൈവം വച്ചിരിക്കുന്ന ക്രമം അനുസരിച്ചുകൊണ്ടുള്ള സംസാരമാണോ ഇന്നു നാം കാണുന്നത്? 1കൊരിന്ത്യർ 14: 27-28 വാക്യങ്ങളിൽ പറഞ്ഞിരിക്കു ന്നതുപോലെ ഭാഷാവരം ലഭിച്ചിട്ടുള്ള ഒരാൾ അന്യഭാഷയിൽ



സംസാരിക്കുമ്പോൾ മറ്റൊരാൾ അതു തർജ്ജമ ചെയ്തു കൊണ്ടിരിക്കുകയും അന്യഭാഷാ വരമുള്ള ബാക്കി എല്ലാവരും അതു ശ്രദ്ധിച്ചു കേട്ടുകൊണ്ടിരിക്കുകയും അയാൾ സംസാരം നിർത്തിക്കഴിഞ്ഞിട്ട് അന്യഭാഷാവരമുള്ള മറ്റൊരാൾ അതേ വിധത്തിൽ തർജ്ജമ അനുവദിച്ചു കൊണ്ടു സംസാരിക്കുകയും ചെയ്യുന്ന രീതി അന്യഭാഷാ വരുമുള്ളവരുടെ യോഗങ്ങളിൽ ഇന്നു കാണുന്നുണ്ടോ? അനേകർ ഒരുമിച്ച് ഒരേ സമയത്ത് 'അന്യഭാഷ' പറയുന്നത് വചനവിരുദ്ധമായതിനാൽ ആ രീതി കാണപ്പെടുന്ന യോഗങ്ങളിൽ സംബന്ധിക്കുകയില്ലെന്ന് തീരുമാനിക്കാനും, വചനവിരുദ്ധമായ ഈ രീതി നിർത്തണമെന്ന് ബന്ധപ്പെട്ട ആളുകളോട് ആവശ്യപ്പെടാനും സത്യത്തെ സ്നേഹിക്കുന്ന വിശ്വാസികൾക്ക് ചുമതലയില്ലേ?

**ഉത്തരം:** അന്യഭാഷാവരം എങ്ങനെ ഉപയോഗിക്കണമെന്ന് ചൂണ്ടിക്കാണിക്കുന്ന ദൈവ വചനത്തിലെ പ്രമാണം ധിക്കരിച്ചു കൊണ്ടുള്ള അന്യഭാഷാഭാഷണം മാത്രമാണ് ഇന്ന് ലോകത്തിൽ കാണുന്നത്; ദൈവകല്പനാലംഘനം നിർത്തണ മെന്നും നിർത്തുന്നതുവരെ ഈ അന്യഭാഷാ പ്രസ്ഥാനക്കാരോട് സഹകരിക്കുകയില്ലെന്നും നാം പറയേണ്ടതാണ്.

28. **ചോദ്യം:** വചനത്തിലെ നിബന്ധനകൾ അനുസരിച്ച് കൊണ്ട് ഉപയോഗിക്കാൻ കഴിയുന്ന അന്യഭാഷാവരം ഇന്ന് കാണാതിരിക്കുകയും വചനത്തിലെ നിബന്ധനകൾക്കു വിരുദ്ധമായി മാത്രം സംസാരിക്കാൻ ഇടവരുത്തുന്ന അന്യഭാഷാവരം ഇന്നു കാണപ്പെടുകയും ചെയ്യുന്നെങ്കിൽ അതിന്റെ അർത്ഥമെന്താണ്?

അത് പരിശുദ്ധാത്മാവ് നൽകുന്ന വരമാണെന്ന് എങ്ങനെയാണ് പറയാൻ കഴിയുക? പരിശുദ്ധാത്മാവ് വചനം അനുസരിക്കാൻ പ്രാപ്തി നൽകുന്നില്ല, വചനം ധിക്കരിക്കാൻ പ്രേരണ നൽകുന്നു എന്ന് പറയാമോ?

**ഉത്തരം:** പരിശുദ്ധാത്മാവ് വചനം അനുസരിക്കാനുള്ള പ്രേരണ മാത്രമേ നൽകുകയുള്ളു; ഇന്നത്തെ അന്യഭാഷയുടെ പിന്നിലെ ആത്മാവ് പരിശുദ്ധാത്മാവ് അല്ല, അബദ്ധചിന്ത മാത്രമാണ്.

29. **ചോദ്യം:** പെന്തക്കോസ്ത് നാളിൽ കർത്താവ് ശിഷ്യന്മാർക്കു നൽകിയ അന്യഭാഷാവരം ഇന്ന് നമുക്ക് കിട്ടിയാൽ നമുക്ക് തമിഴ്നാട്ടുകാരോട് തമിഴിലും, ഒറീസ്സാക്കാരോട് ഒറിയ ഭാഷയിലും ആന്ധ്രക്കാരോട് തെലുങ്കിലും സുവിശേഷം പറയാൻ സാധിക്കുകയില്ലേ? ഈ കഴിവ് ദൈവാത്മാവ് നമുക്ക് തരാതിരിക്കുന്നതിന്റെ അർത്ഥം ശിഷ്യന്മാർക്ക് കർത്താവ് നൽകിയ അന്യഭാഷാവരം നമുക്ക് തരുന്നില്ല എന്നല്ലേ? അന്യനാട്ടുകാരുടെ മുമ്പിൽ പ്രയോജനപ്പെടാത്തതും ദൈവത്തിനു മുമ്പിൽ പ്രത്യേകമായ പ്രയോജനം ഒന്നുമില്ലാത്തതുമായ, ഒന്നാം നൂറ്റാണ്ടിലേതിൽ നിന്നു വ്യത്യസ്തമായ ഒരു അന്യഭാഷാവരമാണ് ഇക്കാലത്ത് ദൈവം നൽകുന്നതെങ്കിൽ ഇക്കാലത്തെ അന്യഭാഷാവരം ഒന്നാം നൂറ്റാണ്ടിൽ ദൈവം ശിഷ്യന്മാർക്ക് നൽകിയിരുന്നില്ല എന്നും ഇക്കാലത്തേത് പുതിയ അന്യഭാഷാവരമാണ് എന്നും പറയേണ്ടേ? ഒന്നാം നൂറ്റാണ്ടിൽ തന്ന അന്യഭാഷാവരം നിർത്തിക്കളഞ്ഞിട്ട് പുതിയൊരു അന്യഭാഷാവരം തരുമെന്ന് വചനത്തിൽ എവിടെയെങ്കിലും പറയുന്നുണ്ടോ?



**ഉത്തരം:** ഒന്നാം നൂറ്റാണ്ടിലെ അന്യഭാഷാവരം ഇന്ന് ലോകത്തിൽ ഒരിടത്തും കാണപ്പെടുന്നില്ല: ഇന്നു ലോകത്തിൽ കാണപ്പെടുന്ന അന്യഭാഷാവരം ഒന്നാം നൂറ്റാണ്ടിലേതല്ല; ഇന്നു കാണപ്പെടുന്നത് സത്യമായ ഒരു അന്യഭാഷാവരമാണെങ്കിൽ, വചനത്തിൽ പറഞ്ഞിട്ടില്ലാത്ത പുതിയ ഒരു വചനവിരുദ്ധവരമാണത്.

30. **ചോദ്യം:** ഒന്നാം നൂറ്റാണ്ടിൽ നൽകപ്പെട്ട അന്യഭാഷാവരവും ഇന്ന് കാണപ്പെടുന്ന അന്യഭാഷാ വരവും തമ്മിൽ വ്യത്യാസമുണ്ടെന്നതിന് സംശയമില്ല; ഒന്നാം നൂറ്റാണ്ടിൽ നൽകപ്പെട്ട വരം അന്യനാട്ടു കാരോട് അവരുടെ മാതൃഭാഷകളിൽ വചനം സംസാരിക്കാൻ പ്രാപ്തി നൽകിയപ്പോൾ ഇന്ന് അങ്ങനെ സംഭവിക്കാത്തതിനാൽ ഒന്നാം നൂറ്റാണ്ടിലേത് ശരിയായ അന്യഭാഷാവരമായിരുന്നു എന്നും ഇന്നത്തേത് മുക്കുപണ്ടം പോലുള്ള അതിന്റെ വ്യാജരൂപം ആണെന്നും പറഞ്ഞാൽ അത് തെറ്റാണെന്ന് തെളിയിക്കാമോ?

**ഉത്തരം:** ശുദ്ധമായ സ്വർണ്ണവും മുക്കുപണ്ടവും തമ്മിൽ വ്യത്യാസമുള്ളതുപോലെ തന്നെ ഒന്നാം നൂറ്റാണ്ടിലെ അന്യഭാഷാവരവും ഇന്നത്തെ അന്യഭാഷാവരവും തമ്മിൽ വ്യത്യാസമുണ്ട്. മുക്കുപണ്ടം സ്വർണ്ണമല്ലെന്നു തെളിയുന്നതു പോലെ ഇന്നത്തെ അന്യഭാഷാവരം ഒട്ടുമേ അന്യഭാഷാവരമല്ല എന്ന് സൂക്ഷ്മ പരിശോധനയിൽ തെളിയുന്നു.

31. **ചോദ്യം:** അന്യഭാഷയിൽ സംസാരിക്കുന്നവൻ മനുഷ്യരോടല്ല, ദൈവത്തോടത്രേ സംസാരിക്കുന്നത് എന്ന് 1കൊരി 14:2 ൽ പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം ദൈവത്തോട് സംസാരിക്കാൻ വേണ്ടിയുള്ളതാണ്

അന്യഭാഷയെന്നാണെങ്കിൽ 1കൊരി 14:27 ൽ അത് തർജ്ജമചെയ്ത് മനുഷ്യരെ കേൾപ്പിക്കുന്ന കാര്യം എന്തിനാണ് പറഞ്ഞിരിക്കുന്നത്? ദൈവത്തോടു പറയുന്നത് ദൈവം മാത്രം മനസ്സിലാക്കിയാൽ പോരേ?
**ഉത്തരം:** ഞാൻ നിങ്ങളോട് അരുളിച്ചെയ്ത എന്റെ വചനം എനിക്കു മനസ്സിലാകുന്ന അന്യഭാഷയിൽ എനിക്കു വിശദീകരിച്ചു തരണം എന്ന് പറഞ്ഞുകൊണ്ട് ദൈവം ആർക്കും അന്യഭാഷാവരം നൽകിയിട്ടില്ല; അന്യനാടുകളിലെ മനുഷ്യരെ വചനം പഠിപ്പിക്കാനായി ദൈവം അന്യഭാഷാവരം നൽകിയപ്പോൾ അന്യഭാഷ തർജ്ജമചെയ്യാൻ കല്പിച്ചത്, അന്യഭാഷയിൽ സ്വന്തനാട്ടുകാരുടെ സാന്നിദ്ധ്യത്തിൽ സംസാരിച്ചാൽ അവർക്കും കൂടി പ്രയോജനം കിട്ടണം എന്നു കരുതിക്കൊണ്ടാണ്. സകല ഭാഷകളും ഒരുപോലെ ദൈവം മനസ്സിലാക്കുന്നതിനാൽ ഒരാൾ സ്വന്തഭാഷ മാറ്റിവച്ചിട്ട് അന്യഭാഷയിൽ തന്നോട് സംസാരിക്കണമെന്ന് ദൈവം ഒരിക്കലും ആഗ്രഹിക്കുമെന്നു ചിന്തിക്കാൻ ന്യായമില്ല.

32. **ചോദ്യം:** അന്യഭാഷാവരം ദൈവത്തോടു സംസാരിക്കാൻ മാത്രമാണ് ഉപയോഗിക്കേണ്ടതെങ്കിൽ ആ വരം ദൈവസന്നിധിയിൽ തനിച്ച് ഇരിക്കുമ്പോൾ മാത്രമല്ലേ ഉപയോഗിക്കേണ്ടത്? മറ്റുള്ളവരുടെ സാന്നിദ്ധ്യത്തിൽ അവർക്കു മനസ്സിലാകാത്ത ഭാഷയിൽ ഉറക്കെ സംസാരിക്കുന്നതു കൊണ്ട് എന്തു പ്രയോജനമാണുണ്ടാവുക?
**ഉത്തരം:** യാതൊരു പ്രയോജനവുമുണ്ടാകയില്ല; മറ്റുള്ളവരുടെ സാന്നിദ്ധ്യം ഉള്ളിടത്ത് തർജ്ജമ കൂടാതെ അന്യഭാഷാവരം ഉപയോഗിക്കുന്നത് ദൈവ



ത്തോടുള്ള ധിക്കാരം ആണെന്ന് 1കൊരിന്ത്യർ 14:16, 14:27-28 എന്നീ വാക്യങ്ങൾ വ്യക്തമാക്കുന്നു.

## പ്രാർത്ഥനയുടെ ഭാഷ

33. **ചോദ്യം:** 1കൊരിന്ത്യർ 12:28 ൽ നാം വായിക്കുന്നത് ദൈവം സഭയിൽ ഒന്നാമത് അപ്പൊസ്തലന്മാർ....ഇങ്ങനെ ഓരോരുത്തരെ നിയമിക്കുകയും പിന്നെ വീര്യപ്രവൃത്തികൾ, രോഗശാന്തികളുടെ വരം, സഹായം ചെയ്യാനുള്ള വരം, പരിപാലനവരം, വിവിധ ഭാഷാവരം എന്നിവ നൽകുകയും ചെയ്തു എന്നാണ്. "വിവിധ ഭാഷാവരം" എന്ന് ഇവിടെ പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം സ്വർഗ്ഗത്തിലെ ദൈവത്തോട് വിവിധ ഭാഷകളിൽ സംസാരിക്കാനുള്ള വരം എന്നാണോ അതോ ലോകത്തിലെ വിവിധ രാജ്യങ്ങളിലെ വിവിധ ഭാഷക്കാരോട് അവരുടെ ഭാഷകളിൽ സംസാരിക്കാനുള്ള വരം എന്നാണോ അർത്ഥം?
**ഉത്തരം:** ലോകത്തിലെ വിവിധ രാജ്യങ്ങളിലെ വിവിധഭാഷക്കാരോട് അവരുടെ മാതൃഭാഷകളിൽ സംസാരിക്കാനുള്ള വരം എന്നാണ് അർത്ഥം. സ്വർഗ്ഗത്തിലെ ദൈവത്തോട് സംസാരിക്കാൻ (പ്രാർത്ഥിക്കാൻ) മാതൃഭാഷ കൊള്ളുകയില്ല, അന്യഭാഷയാണ് അതിനു നല്ലത് എന്നൊരാശയം ബൈബിളിൽ ഇല്ല; മാതൃഭാഷയിൽ കഴിച്ച പ്രാർത്ഥന ദൈവം സ്വീകരിച്ച അനേകം സംഭവങ്ങൾ വചനത്തിൽ നാം കാണുന്നു; എന്നാൽ ഒരാൾ അന്യഭാഷയിൽ പ്രാർത്ഥിച്ചു എന്നു പറയുന്ന ഒരു വാക്യമോ അന്യഭാഷയിലെ പ്രാർത്ഥനയ്ക്കു ദൈവം ഉത്തരം

നൽകിയെന്നു പറയുന്ന ഒരു വാക്യമോ ബൈബിളിൽ ഇല്ല.

34. **ചോദ്യം:** നാം അധരഫലം എന്ന സ്തോത്രയാഗം ഇടവിടാതെ അർപ്പിക്കണമെന്ന് എബ്രായർ 13:15 ൽ പറഞ്ഞിരിക്കുന്നു. എല്ലാറ്റിനായും സ്തോത്രം ചെയ്യണമെന്ന് 1തെസ്സലോനിക്കാർ 5: 17-18 ൽ പറഞ്ഞിരിക്കുന്നു. ദൈവം ചെയ്തുതരുന്ന ഉപകാരങ്ങൾ ഒന്നും മറക്കാതെ അവ ഓരോന്നും ഓർത്തുകൊണ്ട് സ്തോത്രം ചെയ്യണമെന്ന് 103-ാം സങ്കീർത്തനം 2-ാം വാക്യത്തിൽ പറഞ്ഞിരിക്കുന്നു ഇതെല്ലാം അനുസരിച്ചുകൊണ്ട് ദൈവസന്നിധിയിൽ നാം സ്തോത്രം ചെയ്യണമെങ്കിൽ നമ്മുടെ ബുദ്ധിയും ഓർമ്മയും ശരിയായി പ്രവർത്തിക്കേണ്ടതാവശ്യമാണ്. അതിനു നാം അനുവദിച്ചുകൊണ്ട്, നമുക്ക് അറിയാവുന്ന ഏതെങ്കിലും ഭാഷയിൽ സ്തോത്രം ചെയ്യുന്നെങ്കിൽ മാത്രമേ വചനത്തിലെ ഈ നിർദ്ദേശങ്ങൾ അനുസരിക്കാൻ കഴിയുകയുള്ളു. അന്യഭാഷയിൽ സ്ത്രോത്രം ചെയ്തു പ്രാർത്ഥിച്ചാൽ നമ്മുടെ ബുദ്ധി അഫലം ആയിരിക്കുമെന്ന് 1കൊരിന്ത്യർ 14:14 ൽ പറഞ്ഞിട്ടുള്ളതിനാൽ, സഭയിൽ ദൈവത്തോട് നന്ദിയും സ്നേഹവും പ്രകടമാക്കി ക്കൊണ്ടു പ്രാർത്ഥിക്കേണ്ടത് അന്യഭാഷയിലല്ല, നമുക്കറിയാവുന്ന ഭാഷയിൽ തന്നെ ആയിരി ക്കണമെന്ന് സ്പഷ്ടമാണ്. പ്രാർത്ഥന കേട്ടു മനസ്സിലാക്കി മറ്റുള്ളവർക്ക് നമ്മുടെ പ്രാർത്ഥനയ്ക്ക് "ആമേൻ" പറയാൻ സാധിക്കണമെന്ന് 1കൊരിന്ത്യർ 14:16ലും പറഞ്ഞിട്ടുണ്ട്. വചനത്തിലെ ഈ കല്പനകളെല്ലാം ധിക്കരിച്ചുകൊണ്ട് ഇക്കാലത്തു പലർ ഒരുമിച്ചു കൂടി ഒരേ സമയത്തു. നടത്തുന്ന അന്യഭാഷാ



ബഹളങ്ങൾക്ക് എന്ത് ന്യായീകരണമാണ് പറയാൻ സാധിക്കുന്നത്? നമ്മുടെ ബുദ്ധി അഫലമായിരിക്കുവാൻ അനുവദിച്ച്കൊണ്ട് നാം അന്യഭാഷയിൽ സ്തോത്രം ചെയ്താൽ അത് നാം ബോധപൂർവ്വം അർപ്പിക്കുന്ന സ്തോത്രയാഗമായിട്ടോ ദൈവം ചെയ്തുതന്നിട്ടുള്ള ഉപകാരങ്ങൾ ഒന്നൊന്നായി ഓർത്തുകൊണ്ടുള്ള സ്തോത്രാർപ്പണമായിട്ടോ ഇരിക്കുമോ? ഇരിക്കുമെന്ന് എങ്ങനെ തെളിയിക്കും?

**ഉത്തരം:** തെളിയിക്കാൻ യാതൊരു മാർഗ്ഗവുമില്ല; ദൈവം ചെയ്തിട്ടുള്ള ഉപകാരങ്ങൾ മറക്കാതെ ഓർത്തുകൊണ്ട് എല്ലാറ്റിനായും സ്തോത്രം ചെയ്തു പ്രാർത്ഥിക്കണമെങ്കിൽ മാതൃഭാഷയിൽ തന്നെയോ അല്ലെങ്കിൽ നമുക്കു നന്നായി അറിയാവുന്ന മറ്റേതെങ്കിലും ഭാഷയിലോ പ്രാർത്ഥിക്കണം; 'അന്യഭാഷ'യിൽ പ്രാർത്ഥിക്കാൻ പാടില്ല.

35. **ചോദ്യം:** സ്വന്തം ഭാഷയിലെ പ്രാർത്ഥന ദൈവം സ്വീകരിച്ച് ഉത്തരം നൽകിയതിന്റെ വ്യക്തമായ തെളിവല്ലേ അപ്പൊ: പ്രവൃ: 4:23-31 വരെ വാക്യങ്ങളിൽ ഉള്ളത്?

**ഉത്തരം:** അതെ.

36. **ചോദ്യം:** ഒരാൾ അയാളുടെ സ്വന്തം ഭാഷയിൽ നടത്തുന്ന പ്രാർത്ഥനയെക്കാൾ കൂടുതൽ വില അന്യഭാഷയിൽ നടത്തുന്ന പ്രാർത്ഥനയ്ക്ക് ദൈവം കല്പിക്കുന്നുവെന്നു തെളിയിക്കുന്ന ഏതെങ്കിലും വാക്യം വചനത്തിൽ ഉണ്ടോ? ഉണ്ടെങ്കിൽ അത് ഏതാണ്? അപ്പൊ: പ്രവൃ: 4: 23-31 വരെ വാക്യങ്ങളിൽ കാണുന്ന പ്രാർത്ഥന ശിഷ്യന്മാർ സ്വന്തഭാഷയിൽ നടത്താതെ അന്യഭാഷയിൽ നടത്തിയിരുന്നെങ്കിൽ

ദൈവത്തിന് അത് കൂടുതൽ പ്രസാദകരമായേനേ എന്നു തെളിയിക്കാൻ സാധിക്കുമോ? എങ്കിൽ എങ്ങനെയാണ് തെളിയിക്കുന്നത്?

**ഉത്തരം:** ഒരാൾ തന്റെ പ്രാർത്ഥന ഏതുഭാഷയിൽ നടത്തിയാലും അയാളുടെ ഹൃദയത്തിലെ ആശയങ്ങൾ മാത്രമാണ് ദൈവം നോക്കുന്നത്. അന്യഭാഷയിലെ പ്രാർത്ഥനയ്ക്ക് മാതൃഭാഷയിലെ പ്രാർത്ഥനയെക്കാൾ ദൈവം വില കല്പിക്കുന്നതായി ബൈബിളിൽ ഒരിടത്തും പറയുന്നില്ല. മാതൃഭാഷയിലെ പ്രാർത്ഥന യാതൊരു മടിയും ഇല്ലാതെ ദൈവം സ്വീകരിക്കു ന്നുവെന്ന അപ്പൊ: പ്രവൃ: 4:23-31 വരെയുള്ള വാക്യങ്ങൾ തെളിയിക്കുന്നു.

37. **ചോദ്യം:** അന്യഭാഷയിലെ പ്രാർത്ഥനയ്ക്ക് കൂടുതൽ വില ദൈവം കല്പിക്കുന്നുവെന്ന് പ്രസ്താവിക്കുന്ന യാതൊരു വാക്യവും ബൈബിളിൽ ഇല്ല; എന്നാൽ ദൈവമുമ്പാകെ നീതിയും വിശുദ്ധിയുമുള്ള മനുഷ്യൻ ശ്രദ്ധയോടെ (ഹൃദയഭാരത്തോടെ) നടത്തുന്ന പ്രാർത്ഥന വളരെ ഫലിക്കുന്നു എന്ന് യാക്കോബ് 5:16ലും ഹൃദയനുറുക്കത്തോടെ ദൈവത്തെ വിളിച്ചപേ ക്ഷിക്കുന്നവന്റെ പ്രാർത്ഥന ദൈവം സ്വീകരി ക്കുന്നുവെന്ന് 51-ാം സങ്കീർത്തനം 17-ാം വാക്യത്തിലും 34-ാം സങ്കീർത്തനം 18-ാം വാക്യത്തിലും പറഞ്ഞിട്ടുണ്ട്. ഈ വാക്യങ്ങളിലെല്ലാം പരാമർശിക്കുന്നത് സ്വന്ത ഭാഷയിൽ ആത്മാർത്ഥതയോടെ നടത്തുന്ന പ്രാർത്ഥ നയാണെന്നു സ്പഷ്ടമാണ്. ഒന്നാം നൂറ്റാണ്ടിൽ യേശുവിന്റെ ശിഷ്യന്മാരും സഹവി ശ്വാസികളും എന്നെങ്കിലും എവിടെയെങ്കിലും വച്ച് അന്യഭാഷയിൽ ദൈവത്തെ സ്തുതിച്ചതായോ ദൈവത്തോട്



പ്രാർത്ഥിച്ചതായോ പറയുന്ന ഒറ്റ ഒരു വാക്യമെങ്കിലും ദൈവവചനത്തിലുണ്ടോ?

**ഉത്തരം:** ഇല്ല; അന്യഭാഷയിലെ പ്രാർത്ഥനയ്ക്ക് (സംസാരത്തിന്) മാതൃഭാഷയിലെ പ്രാർത്ഥനയെ (സംസാരത്തെ) അപേക്ഷിച്ച് കൂടുതൽ വില ദൈവം കല്പിക്കുന്നില്ല; ദൈവം ഒരുവന്റെ ഭാഷയല്ല ഹൃദയവിചാരമാണ് നോക്കുന്നത്. അന്യഭാഷാഭക്തി കൂടുന്നതിന് ആനുപാതികമായി ദൈവഭക്തിയും ആത്മാഭിഷേകത്തിന്റെ തെളിവായ വചന പരി ജ്ഞാനവും കുറയുന്നു എന്നതാണ് യഥാർത്ഥ വസ്തുത. യേശുവിന്റെ ശിഷ്യന്മാരും സഹ വിശ്വാസികളും എവിടെയെങ്കിലും ഒരുമിച്ചു കൂടിയിരുന്ന് എല്ലാവരും ചേർന്ന് ഒരേസമയത്ത് അന്യഭാഷയിൽ ദൈവത്തെ സ്തുതിച്ചു എന്നു പറയുന്ന ഒറ്റ ഒരു വാക്യവും ബൈബിളിൽ ഇല്ല.

38. **ചോദ്യം:** പെന്തെക്കോസ്തുനാളിൽ പരിശുദ്ധാത്മാവു നൽകിയ അന്യഭാഷാവരം ശിഷ്യന്മാർ ഉപയോഗി ച്ചപ്പോൾ അവിടെ വന്നു ചേർന്നിരുന്ന അന്യനാട്ടു കാരുമായി അവർക്ക് ആശയവിനിമയം സാധ്യമാവു കയാണ് ചെയ്തത്; ഇന്ന് ഒരിടത്തു കൂടി വരുന്ന വിശ്വാസികൾ അന്യഭാഷാവരം ഉപയോഗിച്ചു സംസാരിക്കുമ്പോൾ അവർക്ക് ആശയവിനിമയം അസാദ്ധ്യമായിത്തീരുകയാണ് ചെയ്യുന്നത്; അപ്പോൾ ഇന്നത്തെ അന്യഭാഷാവരം അന്നത്തെ അന്യഭാഷാവര ത്തിന്റെ വിപരീതമായ വരമാണെന്നല്ലേ പറയേണ്ടി വരുന്നത്?

**ഉത്തരം:** അതെ; അതാണ് സത്യം; ഇന്നത്തെ 'അന്യഭാഷാവര'ത്തിന്റെ ഫലം പെന്തക്കോസ്ത്

നാളിലെ അന്യഭാഷാവരത്തിന്റെ വിപരീതഫലം തന്നെയാണ്.

39. **ചോദ്യം:** പെന്തക്കോസ്തുനാളിൽ ശിഷ്യന്മാർ അന്യ ഭാഷാവരമുപയോഗിച്ച് പർത്ഥരോടും മേദ്യരോടും ഏലാമ്യരോടും ഒക്കെ അവരുടെ മാതൃ ഭാഷകളിൽ സംസാരിച്ചപ്പോൾ ആ സംസാരം മനസ്സിലാകാതിരുന്ന യെരുശലേമ്യരായിരുന്ന യെഹൂ ദന്മാർ, ശിഷ്യന്മാരെ ക്കുറിച്ച് അവർ വീഞ്ഞുകുടിച്ച് ലഹരിയിൽ അതുമിതും പറയുകയായിരിക്കും എന്നു തെറ്റിദ്ധരിച്ചുവെന്നും അവരെ വിമർശിച്ചു കൊണ്ടു സംസാരിച്ചുവെന്നും നാം കാണുന്നു. ആ വിമർശനം കേട്ട പത്രോസ് അന്യഭാഷാവരം ഉപയോഗിക്കാതെ യെഹൂദ്യ ഭാഷയിൽ, അതായത് തന്റെയും അവരുടെയും മാതൃഭാഷയിൽതന്നെ അവരോട് സുവിശേഷം പ്രസംഗിച്ചു (അപ്പ. പ്രവൃ. 2 :12-40); ഓരോ കേൾവിക്കാരനോടും അവന്റെ മാതൃഭാഷയിൽ സംസാരിക്കുക എന്നതാണ് ദൈവഹിതം എന്നല്ലേ ഇതെല്ലാം തെളിയിക്കുന്നത്? കേൾവിക്കാരന്റെ മാതൃഭാഷയിൽ നിന്ന് വ്യത്യസ്തമായ മറ്റേതെങ്കിലും അന്യഭാഷയിൽ അവനോട് സംസാരിക്കുന്നതിന് പെന്തക്കോസ്തു നാളിൽ പരിശുദ്ധാത്മാവ് ശിഷ്യന്മാർക്ക് പ്രേരണ നൽകിയെന്നാണോ നൽകി യില്ലെന്നാണോ അപ്പൊ: പ്രവൃ: 2-ാം അദ്ധ്യായത്തിൽ നാം കാണുന്നത്? വാസ്തവത്തിൽ മാതൃഭാഷയുടെ പ്രാധാന്യവും മഹത്വവും തന്നെയല്ലേ പരിശുദ്ധാത്മാവ് അപ്പൊ: പ്രവൃ: 2-ാം അദ്ധ്യായത്തിൽ വ്യക്തമാക്കി യിരിക്കുന്നത്?

**ഉത്തരം:** കേൾവിക്കാരായിരുന്ന അന്യനാട്ടുകാരോട്



അവരുടെ മാതൃഭാഷകളിലും യെരുശലേമിലെ യെഹൂദന്മാരോട് അവരുടെ മാതൃഭാഷയിലും സുവി ശേഷം പ്രസംഗിക്കാൻ ശിഷ്യന്മാർക്ക് പരിശുദ്ധാത്മാവ് പ്രേരണ നൽകി. അതിൻപ്രകാരം ശിഷ്യന്മാർ പ്രവർത്തിച്ചു; അങ്ങനെ ഓരോ മനുഷ്യനോടും അവന്റെ മാതൃഭാഷയിൽ സുവിശേഷം സംസാരി ക്കണമെന്നാണ് ദൈവഹിതം എന്നു തന്നെയാണ് പെന്തക്കോസ്തുനാളിൽ പരിശു ദ്ധാത്മാവ് വെളിപ്പെടുത്തിയത്.

40. **ചോദ്യം:** ഭൂമിയിലുള്ള അന്യനാട്ടുകാരുടെ അന്യ ഭാഷകളിൽ സംസാരിക്കാൻ കഴിവ് ലഭിച്ചിട്ടില്ലാ ത്തവർക്ക് സ്വർഗ്ഗത്തിലെ ദൈവത്തിന്റെ ഭാഷ സംസാരിക്കാൻ കഴിവ് ലഭിച്ചിരിക്കുന്നു എന്ന് ഇക്കാലത്ത് ചിലർ പറയുന്നത് എങ്ങനെയാണ് സത്യമാവുക?

**ഉത്തരം:** ഭൂമിയിലുള്ള അന്യഭാഷകളൊന്നും അറിയില്ല; പക്ഷേ അങ്ങു ദൂരെ സ്വർഗ്ഗത്തിലുള്ള ദൈവത്തിന്റെ അന്യഭാഷ എനിക്ക് അറിയാം എന്നു പറയുന്നത്, നൂറടി ഉയരമുള്ള ഒറ്റ ഒരു കുന്നിന്മേലും കയറാൻ എനിക്കു പ്രാപ്തിയില്ല; പക്ഷേ ഇരുപത്തൊമ്പ തിനായിരം അടി ഉയരമുള്ള എവറസ്റ്റ് കൊടുമുടിയുടെ മുകളിൽ എനിക്കു നിഷ്പ്രയാസം കയറാൻ കഴിയും എന്നു പറയുന്നതു പോലുള്ള, യാഥാർത്ഥ്യത്തിനു നിരക്കാത്ത അവകാശവാദമാണ്. ഹിമാലയപർവ്വത ത്തിന്റെ ചിത്രം എടുത്ത് അതിലുള്ള എവറസ്റ്റ് കൊടുമുടിയുടെ ഭാഗത്ത് കാൽചവിട്ടിക്കൊണ്ട് "ഞാനിപ്പോൾ എവറസ്റ്റ് കൊടുമുടിയുടെ നിറു കയിലാണ് നിൽക്കുന്നത്" എന്ന് ഒരാൾ പറഞ്ഞാൽ

അതു ശരിയാണെന്നങ്ങു സമ്മതിച്ചു കൊടുക്കാം; എന്നാൽ "ദൈവത്തോടു സംസാരിക്കുന്നതിനായി എനിക്ക് അന്യഭാഷ കിട്ടിയി രിക്കുന്നു'' എന്ന അവകാശവാദം ഈ വിധത്തിൽ പോലും അംഗീകരിച്ചു കൊടുക്കാൻ സത്യത്തെ അല്പമെങ്കിലും സ്നേഹിക്കുന്ന ഒരാളിന് ഒരിക്കലും സാധ്യമല്ല.

41. **ചോദ്യം:** എനിക്കു കിട്ടിയ അന്യഭാഷ ഒരു മനുഷ്യന്റെയും ഭാഷയല്ല, ദൈവത്തിന്റെ ഭാഷയാണ് എന്നുപറഞ്ഞു കൊണ്ട് അന്യഭാഷ സംസാരിക്കുന്നവർ മിക്കപ്പോഴും അവർ നേരത്തെ പറഞ്ഞിട്ടുള്ള അഞ്ചോ ആറോ ശബ്ദങ്ങൾ വീണ്ടും വീണ്ടും ഉച്ചരിക്കുക മാത്രമാണ് ചെയ്യുന്നത്. ഇവർ സംസാരിക്കുന്ന അന്യഭാഷ ദൈവത്തിന്റെ ഭാഷയാണെങ്കിൽ ദൈവത്തിന്റെ ഭാഷയിൽ ആകെ അഞ്ചോ, പത്തോ, കൂടിയാൽ ഇരുപതോ അങ്ങേയറ്റം പോയാൽ മുപ്പതോ വാക്കുകൾ മാത്രമേ ഉള്ളുവെന്നും ഭാഷാജ്ഞാന ത്തിന്റെ കാര്യത്തിൽ ഒരു വയസ്സു മാത്രം പ്രായമുള്ള ഒരു മനുഷ്യശിശുവിനെക്കാളും പിന്നിലാണ് ദൈവം എന്നുമല്ലേ അർത്ഥം വരുന്നത്?

**ഉത്തരം:** ഇക്കാലത്തെ ക്രിസ്തീയലോകത്തിൽ പടർന്ന് പിടിച്ചിരിക്കുന്ന അന്യഭാഷ എന്ന ഭയങ്കര തെറ്റി ദ്ധാരണ മൂലം ക്രിസ്തീയ വിശ്വാസികൾ ദൈവത്തെ വല്ലാതെ അവഹേളിക്കുന്നവരായി ത്തീർന്നു പോയിരിക്കുകയാണ്; ദൈവത്തിന്റെ ഭാഷയാണെ ന്നവകാശപ്പെട്ടു കൊണ്ട് എട്ടോ പത്തോ ശബ്ദങ്ങൾ ആവർത്തിച്ചാവർത്തിച്ചു പലപ്പോഴും പറയുന്നു; ദൈവത്തിന്റെ ഭാഷയിൽ കൂടുതൽ വാക്കുകൾ ഇല്ലാത്തതു കൊണ്ടല്ലേ ഒരേ വാക്കുകൾ തന്നെ



ആവർത്തിക്കേണ്ടി വരുന്നത്? ദൈവത്തിന് ഒരു സാധാരണ മനുഷ്യനുള്ളതിന്റെ ആയിരത്തിലൊന്നു ഭാഷാജ്ഞാനം പോലും ഇല്ല എന്ന് അന്യഭാഷാ ഭക്തന്മാർ ഇപ്രകാരം പരോക്ഷമായി പ്രസ്താവി ക്കുന്നു. ഇത് വസ്തവത്തിൽ ദൈവത്തെ കഠിനമായി അവഹേളിക്കുന്ന പ്രവൃത്തിയാണ്; അറിയാതെ ചെയ്യുന്ന തെറ്റുകൾ ദൈവം ക്ഷമിക്കുമെങ്കിൽ ഈ തെറ്റ് ക്ഷമിക്കപ്പെടും എന്നാശിക്കാൻ മാത്രമേ നമുക്ക് സാധിക്കുകയുള്ളു.

42. **ചോദ്യം:** അന്യഭാഷാവരം ലഭിച്ചതിലൂടെ ദൈവത്തിന്റെ ഭാഷ സംസാരിക്കാൻ പ്രാപ്തി ലഭിച്ചുവെന്ന് അവകാശപ്പെടുന്നതു സത്യമാണെങ്കിൽ ഈ വരം ലഭിച്ചവർക്ക് ദൈവത്തോടു മാത്രമല്ല, അന്യോന്യവും ദൈവം നൽകുന്ന ഈ അന്യഭാഷയിൽ സംസാരി ക്കാൻ കഴിയേണ്ടതല്ലേ?

**ഉത്തരം:** കഴിയേണ്ടതാണ്; നൂറ് മലയാളികൾക്ക് തമിഴിൽ സംസാരിക്കാൻ പ്രാപ്തി ലഭിച്ചാൽ തമിഴ് നാട്ടുകാരനോടു മാത്രമല്ല, അവർക്ക് അന്യോന്യവും തമിഴിൽ സംസാരിക്കാൻ കഴിയുന്നു; ദൈവത്തിന്റെ ഭാഷ ലഭിച്ചുവെന്ന അവകാശവാദം സത്യമാണെങ്കിൽ അതു ലഭിച്ചവർ ദൈവത്തോടു മാത്രമല്ല, അന്യോ ന്യവും ആ സ്വർഗ്ഗീയ ഭാഷയിൽ സംസാരിക്കും; അങ്ങനെ അവർ ചെയ്യാതിരിക്കുന്നത് അവർക്കു വാസ്തവത്തിൽ ദൈവത്തിന്റെ ഭാഷയെന്നല്ല, യാതൊരു ഭാഷയും ലഭിച്ചിട്ടില്ല എന്നതിന്റെ തെളിവാണ്.

43. **ചോദ്യം:** അടുത്തടുത്ത് നിൽക്കുന്ന ഒരു വാഴയും തെങ്ങും നോക്കിക്കൊണ്ട്, വാഴയുടെ വളർച്ച നിന്നു

പോകും, തെങ്ങിന്റെ വളർച്ച നിന്നുപോകയില്ല എന്ന് ഒരാൾ പറഞ്ഞാൽ തെങ്ങ് വളർന്നു കൊണ്ടിരിക്കുന്നിടത്തോളം കാലം വാഴ വളർന്നുകൊണ്ടിരിക്കുകയില്ല എന്നല്ലേ അർത്ഥം വരുന്നത്? 1കൊരിന്ത്യർ 13-ാം അദ്ധ്യായത്തിന്റെ 8-ാം വാക്യത്തിൽ ഭാഷാവരവും പ്രവചനവരവും നിന്നു പോകും എന്നും 13-ാം വാക്യത്തിൽ വിശ്വാസവും പ്രത്യാശയും സ്നേഹവും നിലനിൽക്കും എന്നും കാണുന്നതിൽ നിന്ന് നാം മനസ്സിലാക്കേണ്ടത്, വിശ്വാസവും പ്രത്യാശയും സ്നേഹവും നിലനിൽക്കുന്നിടത്തോളം ഭാഷാവരവും പ്രവചനവരവും നിലനിൽക്കയില്ല എന്നല്ലേ? വിശ്വാസികളുടെ ഹൃദയത്തിലുള്ള സ്നേഹം ഒരിക്കലും അവസാനിക്കാതെ നിത്യതയിലും തുടരുമെന്നു നമുക്കറിയാം; എന്നാൽ ഇന്ന് അവർക്കുള്ള വിശ്വാസവും പ്രത്യാശയും യേശുക്രിസ്തു വീണ്ടും വരുമ്പോൾ കണ്ണു കൊണ്ട് കാണാവുന്ന യാഥാർത്ഥ്യങ്ങളായി രൂപാന്തരപ്പെടുമെന്നതിനാൽ അവരുടെ വിശ്വാസവും പ്രത്യാശയും നിലനിൽക്കുന്നത് യേശുക്രിസ്തുവിന്റെ വീണ്ടുവരവു വരെ മാത്രമാണ് എന്ന് പറയേണ്ടി വരുന്നു. വിശ്വാസവും പ്രത്യാശയും നിലനിൽക്കുന്നിടത്തോളം കാലം പ്രവചനവരവും ഭാഷാവരവും നിലനിൽക്കയില്ലെന്ന് പറഞ്ഞിരിക്കുന്നതിനാൽ യേശുക്രിസ്തുവിന്റെ വീണ്ടും വരവിനു മുമ്പ് ഭാഷാവരവും പ്രവചനവരവും നിന്നുപോകും എന്നല്ലേ നാം മസ്സിലാക്കേണ്ടത്? നിലനിൽക്കുമെന്നു പറഞ്ഞ വിശ്വാസവും പ്രത്യാശയും യേശുക്രിസ്തുവിന്റെ വീണ്ടും വരവു വരെ മാത്രമേ ഉണ്ടായിരിക്കുകയുള്ളൂവെന്നതിനാൽ നിലനിൽക്കാതെ



നീങ്ങിപ്പോകുമെന്നു പറഞ്ഞിരിക്കുന്ന ഭാഷാവരവും പ്രവചനവരവും അതിനു മുമ്പ് നീങ്ങിപ്പോകുമെന്നു വ്യക്തമല്ലേ?

**ഉത്തരം:** വ്യക്തമാണ്.

44. **ചോദ്യം:** അപ്പൊസ്തലിക കാലത്ത് നിലവിലിരുന്നതും നീങ്ങിപ്പോകുമെന്നു വചനത്തിൽ പറഞ്ഞിട്ടുള്ളതുമായ ഭാഷാവരവും പ്രവചനവരവും ഇന്ന് കാണപ്പെടുന്നില്ലെങ്കിൽ അവ നീങ്ങിപ്പോയി എന്നു കരുതുന്നതിൽ തെറ്റുണ്ടോ? ഉണ്ടെങ്കിൽ അതെന്താണ്?

**ഉത്തരം:** തെറ്റില്ല; അങ്ങനെ ചിന്തിക്കാൻ മാത്രമേ ന്യായമുള്ളു.

45. **ചോദ്യം:** പെന്തക്കോസ്ത് നാളിൽ അപ്പൊസ്തലന്മാർ ചെയ്തതു പോലെ മുമ്പിൽ കാണപ്പെട്ട അന്യനാട്ടുകാരോട് അവരുടെ മാതൃഭാഷയിൽ സുവിശേഷം പ്രസംഗിക്കാൻ നമുക്ക് കഴിയുന്നില്ലെങ്കിൽ അപ്പൊസ്തലന്മാർക്കു ലഭിച്ച അന്യഭാഷാവരം നമുക്ക് കിട്ടിയിട്ടില്ല എന്നല്ലേ നാം പറയേണ്ടത്?

**ഉത്തരം:** അതെ; അതാണ് സത്യം.

46. **ചോദ്യം:** 1കൊരിന്ത്യർ 14:3 ൽ പറയുന്ന, കേൾവിക്കാർക്ക് ആത്മികവർദ്ധനയും ആശ്വാസവും പ്രദാനം ചെയ്യുന്ന, ദൈവവചനസത്യങ്ങളും ദൈവിക വാഗ്ദാനങ്ങളും വിശദീകരിച്ചു കൊടുക്കാനുള്ള കഴിവാകുന്ന പ്രവചനവരമാണോ അതോ ഭാവികാല സംഭവങ്ങൾ വെളിപ്പെടുത്താനുള്ള കഴിവാകുന്ന (ഉദാ: അപ്പൊ: പ്രവൃ: 21: 10-11) പ്രവചനവരമാണോ വിശ്വാസികൾ വാഞ്ഛിക്കണം (അതിയായി ആഗ്രഹിക്കണം) എന്ന് 1കൊരിന്ത്യർ 14: 1 ൽ പറഞ്ഞിരിക്കുന്നത്?

**ഉത്തരം:** വചനത്തിലെ സത്യങ്ങളും വാഗ്ദാനങ്ങളും വിശദീകരിച്ചു കൊടുക്കാനുള്ള കഴിവാകുന്ന പ്രവചനവരം വാഞ്ഛിക്കാനാണ് വചനത്തിൽ കല്പനയുള്ളത്.

47. **ചോദ്യം:** നിത്യയുഗങ്ങൾ ആരംഭിക്കുന്നതുവരെയുള്ള ഭാവികാലസംഭവങ്ങൾ എല്ലാം വെളിപാടു പുസ്തകത്തിൽ നാം അറിയേണ്ടിടത്തോളം എഴുതി വച്ചതിനു ശേഷം അവയോട് യാതൊന്നും കൂട്ടിച്ചേർക്കുവാൻ പാടില്ലെന്നു വെളിപാട് 22:18 ൽ പറഞ്ഞിരിക്കുന്നതിനാൽ നീങ്ങിപ്പോകുമെന്ന് 1കൊരിന്ത്യർ 14:8 ൽ പറഞ്ഞിരിക്കുന്ന പ്രവചനവരം ഭാവികാല സംഭവങ്ങൾ വെളിപ്പെടുത്താനുള്ള കഴിവാകുന്ന പ്രവചനവരമാണെന്നും നാം വാഞ്ഛിക്കണമെന്ന് 1കൊരിന്ത്യർ 14:1 ൽ പറഞ്ഞിരിക്കുന്നത്, വചന സത്യങ്ങളും ദൈവിക വാഗ്ദത്തങ്ങളും വിശദീകരിച്ചു സംസാരിക്കാനുള്ള കഴിവാകുന്ന പ്രവചനവരമാണെന്നും വ്യക്തമല്ലേ?

**ഉത്തരം:** വ്യക്തമാണ്.

48. **ചോദ്യം:** കൃഷിചെയ്തു ധാന്യം വിളയിക്കാൻ പ്രാപ്തിയില്ലാതെ യിസ്രായേൽ ജനം മരുഭൂമിയിൽ കൂടി യാത്ര ചെയ്തപ്പോൾ ദൈവം അവർക്ക് ആകാശത്തുനിന്ന് ഭക്ഷണം (മന്നാ) എല്ലാ ദിവസവും വർഷിപ്പിച്ചു കൊടുത്തു; ഇങ്ങനെ നാല്പതു വർഷം ദൈവം മരുഭൂമിയിൽ ഈ അത്ഭുതം പ്രവർത്തിച്ചു. കനാൻ നാട്ടിൽ യിസ്രായേൽ ജനം എത്തി കൃഷി ചെയ്തു ധാന്യം വിളയിച്ചു കൊയ്തെടുത്തു കഴിഞ്ഞപ്പോൾ ആകാശത്തു നിന്നു മന്നാ വർഷിപ്പിക്കുന്നതു ദൈവം നിർത്തി (യോശുവ 5:12).



ഇതുപോലെ അന്യനാടുകളിലെ ഭാഷകൾ വശമില്ലാതിരുന്ന ശിഷ്യന്മാർക്ക് അന്യനാട്ടുകാരെ സുവിശേഷം അറിയിക്കാനായി പരിശുദ്ധാത്മാവ് അന്യഭാഷാവരം നൽകിയെന്നും അന്യനാട്ടുകാർ യേശുവിൽ വിശ്വസിക്കുകയും, അവരുടെ ദേശങ്ങളിൽ സഭകൾ സ്ഥാപിക്കപ്പെടുകയും അവിടങ്ങളിലെ വിശ്വാസികൾ ശിഷ്യത്വത്തിലേക്ക് വളർന്നു കഴിയുകയും ചെയ്തപ്പോൾ അന്യഭാഷാവരം 1കൊരിന്ത്യർ 13:8 പ്രകാരം നിർത്തുവാൻ ദൈവത്തിന് ഹിതമായി എന്നും കരുതുന്നതിൽ വചനവിരുദ്ധമായി എന്തെങ്കിലുമുണ്ടോ? ഉണ്ടെങ്കിൽ അതെന്താണ്?

**ഉത്തരം:** വചനാനുസൃതമായ ചിന്തയാണിത്; അതിൽ വചനവിരുദ്ധമായി യാതൊന്നുമില്ല. അന്യഭാഷ ദൈവത്തിന്റെ ഭാഷയാണെന്നും നമ്മുടെ മാതൃഭാഷകൾ വേണ്ടവിധം മനസ്സിലാക്കാനുള്ള സർവ്വജ്ഞാനം ദൈവത്തിനില്ലെന്നും അതുകൊണ്ട് ദൈവത്തോട് നാം ദൈവത്തിന്റെ ഭാഷയിൽ തന്നെ സംസാരിക്കണമെന്നും മറ്റുമുള്ള പിശകായ ചിന്തകളാണ് വചനവിരുദ്ധം.

49. **ചോദ്യം:** ദൈവവചനത്തിലെ കല്പനകൾ പ്രമാണിച്ചു ജീവിക്കുന്നവരെ ദൈവം അനുഗ്രഹിക്കും എന്ന സത്യത്തിനു പ്രാധാന്യം കൊടുത്തുകൊണ്ട് വചനത്തിലെ ഉപദേശങ്ങളും വാഗ്ദത്തങ്ങളും വിശദമാക്കി വിശ്വാസികൾക്ക് ഉറപ്പും ധൈര്യവും ആശ്വാസവും പ്രദാനം ചെയ്യുന്ന വിധത്തിൽ പ്രബോധനം നൽകുന്നതിനുള്ള കഴിവാകുന്ന, 1കൊരിന്ത്യർ 14:1-3 വരെ വാക്യങ്ങളിൽ പറയുന്ന പ്രവചനവരം കാര്യമായിട്ടെടുക്കാതെ, ഭൂതവും

ഭാവിയും പ്രവചിക്കാൻ കഴിവുള്ളവൻ എന്നു ഭാവിച്ചുകൊണ്ട് വിശ്വാസികളോട് "നിങ്ങൾക്ക് ശത്രുക്കളുണ്ട്, സൂക്ഷിക്കണം, നിങ്ങൾക്കെതിരെ നിങ്ങളുടെ ബന്ധുക്കൾ തന്നെ കൂടോത്രം ചെയ്തിട്ടുണ്ട്, കരുതിയിരിക്കണം, നിങ്ങളുടെ മേൽ ബന്ധനങ്ങളുണ്ട്, അതുകൊണ്ടാണ് വിവാഹാലോചനകൾ മുടങ്ങിയത്, നിങ്ങളുടെ മേൽ ശാപമുണ്ട് അതുകൊണ്ടാണ് ബിസിനസ്സ് തകർന്നത്, നിങ്ങൾക്ക് ആരോ കൈവിഷം തന്നിട്ടുണ്ട്, ഇരുപത്തൊന്നു ദിവസം ഉപവാസം എടുക്കണം, ബന്ധനം അഴിയും, ശാപം മുറിയും; ഞാൻ ഉപവാസപ്രാർത്ഥന നടത്താം" എന്നൊക്കെ പറഞ്ഞു നടക്കുന്നവർ ഇക്കാലത്തുണ്ട്. അവർ 'വിടുതൽ ശുശ്രൂഷയും' 'ശാപം മുറിക്കൽ' ശുശ്രൂഷയുമൊക്കെ നടത്തുന്നു; തങ്ങൾക്ക് ചിലരോട് അനിഷ്ടം തോന്നിയിട്ടുണ്ടെങ്കിൽ പ്രവചനം വഴി അവർക്കു നേരെ ഒളിയമ്പുകൾ എയ്യുവാനും അവർക്കെതിരെ ഗുരുതരമായ ആരോപണങ്ങൾ ഉന്നയിക്കുവാനും ഇവർ മടിക്കുന്നില്ല; വാസ്തവത്തിൽ ഇക്കാലത്ത് നിലവിലിരിക്കുന്ന, 1കൊരിന്ത്യർ 14:3 പ്രകാരമുള്ള പ്രവചനവരമുപയോഗിച്ച് ദൈവവചന സത്യങ്ങൾ വിശദമാക്കി മനുഷ്യർക്ക് ആശ്വാസവും ധൈര്യവും പകർന്നു കൊടുക്കേണ്ടതിനു പകരം 1കൊരിന്ത്യർ 13:8 പ്രകാരം നിന്നുപോയിരിക്കുന്ന പ്രവചനവരം നിന്നുപോയിട്ടില്ലെന്ന് അവകാശപ്പെട്ടു കൊണ്ട് അതും ഇതും പറഞ്ഞ് വിശ്വാസികൾക്കെതിരെ അടിസ്ഥാനരഹിതമായ ആരോപണങ്ങളുന്നയിച്ച് അവരെ മാനസികമായി തകർക്കുകയും യാഥാർത്ഥ്യത്തിനു നിരക്കാത്ത ആശകൾ കൊടുത്ത് അവരെ



വഞ്ചിക്കുകയും ഒക്കെ ചെയ്യുന്ന തെറ്റ് ഇന്നു നാം ധാരാളം കാണുന്നില്ലേ? സത്യത്തിനു വിരുദ്ധമായി ദൈവവചനം പിശകായി വ്യാഖ്യാനിക്കുന്നതു കൊണ്ടല്ലേ ഇങ്ങനെയൊക്കെ സംഭവിക്കുന്നത്?

**ഉത്തരം:** അതെ; ദൈവവചനത്തിന്റെ ദുർവ്യാഖ്യാനം മാത്രമാണ് ഇവയിലെല്ലാമുള്ളത്. പരിശുദ്ധാത്മാവിനെ ധിക്കരിച്ചുകൊണ്ട് വ്യാജപ്രവചനം നടത്തി ക്രിസ്തീയ വിശ്വാസികളെ ഭയപ്പെടുത്തുകയും, പീഡിപ്പിക്കുകയും ചെയ്യുന്നവർക്ക് തീർച്ചയായും ദൈവം ശിക്ഷ നൽകും.

50. **ചോദ്യം:** "പിന്നെ അവൻ (യേശു) അവരോട്, നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ.....വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും: എന്റെ നാമത്തിൽ അവർ ഭൂതങ്ങളെ പുറത്താക്കും; പുതുഭാഷകളിൽ സംസാരിക്കും; സർപ്പങ്ങളെ പിടിച്ചെടുക്കും; മരണകരമായ യാതൊന്നു കുടിച്ചാലും അവർക്കു ഹാനി വരു കയില്ല; രോഗികളുടെ മേൽ കൈ വച്ചാൽ അവർക്കു സൗഖ്യം വരും എന്നു പറഞ്ഞു" എന്നാണ് മർക്കോസ് 16:15–18 വരെ വാക്യങ്ങളിൽ നാം വായിക്കുന്നത്. ഇവിടെ പറഞ്ഞിരിക്കുന്ന അഞ്ചുകാര്യങ്ങൾ ഓരോന്നും അടയാളങ്ങൾ (ആശ്ചര്യം ഉളവാക്കുന്ന കാര്യങ്ങൾ) ആയി മറ്റുള്ളവരുടെ ദൃഷ്ടിയിൽ ഇരിക്കും എന്നല്ലേ യേശു പറഞ്ഞത്?

**ഉത്തരം:** അതെ.

51. **ചോദ്യം:** യേശുവിനെപ്പറ്റി മനസ്സിലാക്കിയിട്ടില്ലാത്ത ആളുകൾ മേല്പറഞ്ഞ അഞ്ചുകാര്യങ്ങളിൽ ഒന്നോ അതിലധികമോ യേശുവിൽ വിശ്വസിക്കുന്നവർ

ചെയ്യുന്നതായി കാണുമ്പോൾ അത്ഭുതപ്പെടുകയും അവർ പറയുന്നതെന്താണെന്ന് ശ്രദ്ധിക്കുകയും ചെയ്യുമെന്നല്ലേ ഈ വേദഭാഗത്തു നിന്നു നാം മനസ്സിലാക്കേണ്ടത്?

**ഉത്തരം:** അതെ.

52. **ചോദ്യം:** അവിശ്വാസികളായ ആളുകളുടെ ദൃഷ്ടിയിൽ ആശ്ചര്യവിഷയമായി (അടയാളമായി) ഇരിക്കുന്ന അഞ്ചു കാര്യങ്ങളിൽ ഒന്ന് ശിഷ്യന്മാർ പുതുഭാഷ കളിൽ സംസാരിക്കുക എന്നതല്ലേ?

**ഉത്തരം:** അതെ.

53. **ചോദ്യം:** സംസാരിക്കുക എന്നു പറഞ്ഞാൽ ശബ്ദങ്ങൾ ഉപയോഗിച്ച് ആശയങ്ങൾ കൈമാറുക എന്നല്ലേ അർത്ഥം?

**ഉത്തരം:** അതെ.

54. **ചോദ്യം:** ഒരാളിൽ നിന്ന് മറ്റൊരാളിലേക്ക് ശബ്ദങ്ങളിലൂടെ ആശയങ്ങൾ കൈമാറ്റപ്പെടുന്നില്ല എങ്കിൽ സംസാരം നടക്കുന്നു എന്ന് പറയാൻ സാധിക്കുമോ?

**ഉത്തരം:** സാധിക്കയില്ല.

55. **ചോദ്യം:** "സംസാരിക്കുക" എന്നു മാത്രം പറഞ്ഞാൽ ദൈവത്തോടു പ്രാർത്ഥിക്കുക എന്നോ ദൈവത്തിനു സ്തോത്രം ചെയ്യുക എന്നോ അർത്ഥം കിട്ടുമോ? കൃഷി ഓഫീസർ ജൈവകൃഷിരീതിയെക്കുറിച്ച് അരമണിക്കൂർ സംസാരിച്ചു എന്നു പറഞ്ഞാൽ അയാൾ ദൈവത്തോട് അരമണിക്കൂർ സംസാരിച്ചു എന്ന് അർത്ഥം വരുമോ? കേൾവിക്കാരായ മനുഷ്യരോടു സംസാരിച്ചു എന്നല്ലേ അർത്ഥം വരിക? അപ്പോൾ വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും.....അവർ പുതിയ ഭാഷകളിൽ



സംസാരിക്കും എന്ന് പറഞ്ഞിരിക്കുന്നതിന്, പെന്തെക്കോസ്തു നാളിൽ അന്യനാടുകളിൽ നിന്ന് പെരുന്നാൾ ആഘോഷത്തിൽ പങ്കെടുക്കാനായി യെരുശലേമിലേക്കു വന്നിരുന്ന യെഹൂദന്മാരോട് ശിഷ്യന്മാർ അവരുടെ ദേശങ്ങളിലെ ഭാഷകളിൽ സംസാരിച്ചതുപോലെ, സുവിശേഷം അന്യനാടുകളിൽ അറിയിക്കാനായി ശിഷ്യന്മാരും മറ്റുള്ളവരും പോകുമ്പോൾ, അവർ ആ പുതിയ സ്ഥലങ്ങളിലെ പുതിയ ഭാഷകളിൽ അവിടങ്ങളിലെ ജനങ്ങളോട് സുവിശേഷം പ്രസംഗിക്കും എന്നല്ലേ അർത്ഥം വരുന്നത്?

**ഉത്തരം:** അതെ; അന്യനാടുകളിൽ എത്തുന്ന ശിഷ്യന്മാർ അവിടത്തെ നാട്ടുകാരുടെ ഭാഷകളിൽ സുവിശേഷം അറിയിക്കും എന്നാണർത്ഥം.

56. **ചോദ്യം:** മർക്കോസ് 16:15-18 വരെ വാക്യങ്ങളിൽ പറഞ്ഞിട്ടുള്ള അത്ഭുതകരമായ അഞ്ചുകാര്യങ്ങളിൽ നാലെണ്ണവും (ഭൂതങ്ങളെ പുറത്താക്കുക, സർപ്പങ്ങളെ പിടിച്ചെടുക്കുക, മരണകരമായ യാതൊന്നു കുടിച്ചാലും കുഴപ്പംവരാതിരിക്കുക, രോഗികളുടെ മേൽ കൈ വച്ചാലുടൻ അവർക്കു സൗഖ്യം വരിക എന്നിവ) മനുഷ്യരോടുള്ള ബന്ധത്തിലാണ് നടക്കുന്നതും നടക്കേണ്ടതെന്നും എല്ലാവരും സമ്മതിക്കുന്നു. പുതുഭാഷകളിൽ സംസാരിക്കുക എന്ന ഒറ്റ കാര്യം മാത്രം മനുഷ്യരോടുള്ള ബന്ധത്തിൽ നടക്കുന്ന അത്ഭുതമല്ല, ദൈവത്തോടുള്ള ബന്ധത്തിൽ നടക്കുന്ന അത്ഭുതമാണത് എന്നു ചിലർ പറയുന്നതിനുള്ള ന്യായമെന്താണ്? ദൈവത്തോടു സംസാരിക്കുന്നതിന് വിശ്വാസികളുടെ സ്വന്തം മാതൃഭാഷ കൊള്ളുകയി

ല്ലെങ്കിൽ മാതൃഭാഷയല്ലാത്ത മറ്റ് ഏതെങ്കിലും ഒറ്റ ഒരു ഭാഷയിൽ സംസാരിച്ചാൽ പോരേ? "പുതുഭാഷകളിൽ" എന്ന് ബഹുവചനത്തിൽ മർക്കോസ് 16:17 ൽ പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം മാതൃഭാഷയല്ലാത്ത ഒന്നിലധികം അന്യഭാഷകളിൽ സംസാരിക്കും എന്നല്ലേ? ഒറ്റ ഒരു അന്യഭാഷയിൽ മാത്രം എന്നോടു സംസാരിച്ചാൽ ഞാൻ കേൾക്കയില്ല, പുതിയ ഒന്നിലധികം അന്യഭാഷകളിൽ എന്നോട് സംസാരിച്ചാൽ (പ്രാർത്ഥിച്ചാൽ) മാത്രമേ ഞാൻ കേൾക്കുകയുള്ളു എന്ന് ദൈവം പറഞ്ഞിരിക്കുന്ന തായിട്ടാണോ മർക്കോസ് 16:17 ൽ നിന്നു നാം മനസ്സിലാക്കണ്ടത്?

**ഉത്തരം:** ഇങ്ങനെയൊന്നുമല്ല നാം മനസ്സിലാക്കേണ്ടത്; ദൈവത്തോടു മനുഷ്യർ പ്രാർത്ഥിക്കുമ്പോൾ (സംസാരിക്കുമ്പോൾ) അന്യഭാഷ ഉപയോഗിക്കണമെന്ന് ദൈവം ആഗ്രഹിക്കാൻ യാതൊരു ന്യായവും ഇല്ല; ദൈവവചനത്തിൽ അങ്ങനെ പറയുന്ന ഒറ്റ വാക്യം പോലുമില്ല. പുതിയ ദേശങ്ങളിൽ സുവിശേഷ ഘോഷണത്തിനായി ശിഷ്യന്മാർ ചെല്ലുമ്പോൾ ആ ദേശങ്ങളിലെ പുതിയ ഭാഷകളിൽ അവർ സംസാരിക്കും എന്നു മാത്രമാണ് ഇവിടത്തെ ആശയം.

57. **ചോദ്യം:** ദൈവത്തോട് അന്യഭാഷയിൽ പ്രാർത്ഥിക്കുന്നതിനെക്കുറിച്ചാണ് മർക്കോസ് 16:17 ൽ പറഞ്ഞിരിക്കുന്നത് എന്നും അന്യഭാഷയിൽ ദൈവത്തോട് വിശ്വാസികൾ പ്രാർത്ഥിക്കുന്നത് അവിശ്വാസികൾ കാണുമ്പോൾ എന്തൊരത്ഭുതം! അന്യനാട്ടുകാരോട് അവരുടെ ഭാഷകളിൽ സംസാരിക്കാൻ ഇവർക്കു കഴിവില്ലെങ്കിലും ദൈവത്തോട് ഒന്നല്ല, പല അന്യഭാഷകളിൽ സംസാരിക്കാൻ ഇവർക്കു



കഴിവുണ്ടല്ലോ എന്നു ചിന്തിച്ച് അശ്ചര്യപ്പെടുമെന്ന് യേശു പറഞ്ഞുവെന്നുമാണോ മർക്കോസ് 16:17-18 വാക്യങ്ങളിൽ നിന്നു നാം മനസ്സിലാക്കേണ്ടത്?

**ഉത്തരം:** അന്യനാട്ടുകാരോട് അവരുടെ ഭാഷകളിൽ സംസാരിക്കാനുള്ള വരം നൽകാതിരിക്കുന്ന, സകല ഭാഷകളും ഒരുപോലെ അറിയുന്ന ദൈവം, തന്നോട് സംസാരിക്കാനായി വിശ്വാസികൾക്ക് ലോകത്തിലില്ലാത്ത പ്രത്യേക ഭാഷ കൊടുക്കുന്നല്ലോ; എന്തൊരത്ഭുതം! എന്ന് അവിശ്വാസികൾ ചിന്തിക്കുമെന്ന് പറയാൻ യാതൊരു ന്യായവുമില്ല; ഇന്നത്തെ 'അന്യഭാഷ' കേൾക്കുന്ന അവിശ്വാസികൾ അങ്ങനെ ചിന്തിക്കുന്നതായി നാം കാണുന്നുമില്ല.

58. **ചോദ്യം:** സംസാരിക്കുക എന്നു മാത്രം പറയുമ്പോൾ മനുഷ്യരോടു സംസാരിക്കുക എന്നു തന്നെയാണ് അർത്ഥമെന്നതിനു സംശയമില്ല; ദൈവത്തോടു സംസാരിക്കുക എന്ന ആശയം ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ദൈവത്തോട് സംസാരിച്ചു എന്ന് പ്രത്യേകം എടുത്തു പറയും എന്നതിനും സംശയമില്ല; അതിനാൽ പുതുഭാഷകളിൽ സംസാരിക്കും എന്ന് മർക്കോസ് 16:17ൽ പറഞ്ഞിരിക്കുന്നതിന് പുതിയ ദേശങ്ങളിലേക്ക് (രാജ്യങ്ങളിലേക്ക്) വിശ്വാസികൾ ചെന്ന് സുവിശേഷം അറിയിക്കുമ്പോൾ അവിടത്തുകാരോട് അവരുടെ മാതൃഭാഷകളിൽ തന്നെ സുവിശേഷം അറിയിക്കും എന്നതാണ് അർത്ഥമെന്ന് നാം മനസ്സിലാക്കുകയല്ലേ വേണ്ടത്? സ്വന്തം നാട്ടിൽ വിശ്വാസികൾ ഒരുമിച്ചു കൂടിയിരുന്നു കൊണ്ട് ദൈവത്തോട് അന്യഭാഷകളിൽ സംസാരിക്കും എന്നാണർത്ഥമെന്ന് എങ്ങനെയാണ് തെളിയിക്കുന്നത്? പുതുഭാഷകളിൽ സംസാരിക്കുന്നത്

ദൈവത്തോടുള്ള ബന്ധത്തിൽ ചെയ്യേണ്ട കാര്യമാണെ ങ്കിൽ ബാക്കി നാലു കാര്യങ്ങളും കൂടി അതോടൊപ്പം ദൈവത്തോടുള്ള ബന്ധത്തിൽ തന്നെ ചെയ്യേണ്ട താണെന്നും പറയേണ്ടേ? അപ്പോൾ ഭൂതത്തെ പുറത്താക്കുന്നതും സർപ്പത്തെ പിടിച്ചെടുക്കുന്നതും മരണകരമായ വിഷമുള്ളതു കുടിച്ചാലും ദോഷം വരാതിരിക്കുന്നതും രോഗിയുടെ മേൽ കൈവച്ചു സൗഖ്യമാക്കുന്നതും ദൈവത്തോടുള്ള ബന്ധത്തിൽ എങ്ങനെയാണ് ചെയ്യുക?

**ഉത്തരം:** "പുതുഭാഷകളിൽ സംസാരിക്കും" എന്ന് മർക്കോസ് 16:17ൽ പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം ശിഷ്യന്മാർ അന്യദേശങ്ങളിൽ ചെല്ലുമ്പോൾ അവിടങ്ങളിലെ ഭാഷകളിൽ അവിടങ്ങളിലെ ജനങ്ങളോട് സുവിശേഷം അറിയിക്കും എന്നുതന്നെ യാണ്; സംശയമില്ല. ആ അനുഭവം ഇന്ന് ആവർ ത്തിച്ചാൽ മലയാളം പഠിച്ചിട്ടില്ലാത്ത സായ്പ് അമേരിക്കയിൽ നിന്ന് ഇവിടെ വന്നാൽ മലയാളത്തിൽ പ്രസംഗിക്കും; തെലുങ്കുഭാഷ പഠിച്ചിട്ടില്ലാത്ത മലയാളി പാസ്റ്റർ ആന്ധ്രയിൽ ചെന്നാൽ മലയാളത്തിലെന്ന പോലെ, ഓരോ വാചകവും നിർത്തി നിർത്തി തെലുങ്കു ഭാഷയിൽ പ്രസംഗിക്കും. അന്യനാടുകളിലെ മനുഷ്യരോട് അന്യഭാഷകളിൽ സംസാരിക്കാൻ വരം ലഭിക്കുന്നില്ലെങ്കിലും ദൈവത്തോട് അന്യഭാഷയിൽ സംസാരിക്കാൻ വരം ലഭിക്കുമെന്ന് ഈ വാക്യത്തിന് അർത്ഥമില്ല. ദൈവവുമായി ബന്ധപ്പെട്ട യാതൊരു കാര്യവുമല്ല, പിന്നെയോ മനുഷ്യരുമായി ബന്ധപ്പെട്ട അഞ്ചുകാര്യങ്ങളാണ് മർക്കോസ് 16: 17–18 വാക്യ ങ്ങളിൽ പറഞ്ഞിരിക്കുന്നത്. അവയിൽ അന്യഭാഷ



മാത്രം ദൈവത്തോടു ബന്ധപ്പെട്ടും, ബാക്കി നാലെണ്ണം മനുഷ്യരോടു ബന്ധപ്പെട്ടും ഇരിക്കുന്നുവെന്നു വ്യാഖ്യാനിക്കാൻ യാതൊരു ന്യായവും ഇല്ല.

59. **ചോദ്യം:** പൗലോസ് അനേകം അന്യനാടുകളിൽ ചെന്ന് അവിടത്തുകാരോട് അവരുടെ മാതൃഭാഷകളിൽ സുവിശേഷം അറിയിച്ചതും (1കൊരിന്ത്യർ 14:18), ഫിലിപ്പ്യയിൽ ചെന്നപ്പോൾ വെളിച്ചപ്പാടത്തിയിൽ നിന്നു ഭൂതത്തെ പുറത്താക്കിയതും (അപ്പൊ: പ്രവൃ: 16–18) അണലിയുടെ കടിയേറ്റിട്ടും കുഴപ്പം വരാതിരു ന്നതും (അപ്പെ : പ്രവൃ : 28: 1–6) പുബ്ലിയോസിന്റെ അപ്പന്റെ മേൽ കൈവച്ച് അയാളെ സൗഖ്യമാക്കിയതും (അപ്പൊ: പ്രവൃ: 28:7–8) എല്ലാം മർക്കോസ് 16: 15–18 വരെ വാക്യങ്ങളിൽ കാണുന്ന അഞ്ച് അത്ഭുതകരമായ കാര്യങ്ങളുടെ ഉദാഹരണങ്ങളല്ലേ? അന്യനാടുകളി ലേക്ക് ഈ അദ്ധ്യായത്തിന്റെ 15–ാം വാക്യത്തിലെ കല്പനപ്രകാരം, സുവിശേഷഘോഷണത്തിനായി വിശ്വാസികൾ പോകുമ്പോൾ വചനം ഉറപ്പിക്കുന്നതിനു വേണ്ടി (എബ്രാ: 2: 3–4) ദൈവം പ്രവർത്തിക്കുമെന്ന് പറഞ്ഞിരിക്കുന്ന അത്ഭുത കാര്യങ്ങളല്ലേ ഇവ? ഇവയിൽ നാലെണ്ണത്തിന്റെയും നേരെ കണ്ണടച്ചിട്ട് ഒരെണ്ണം സന്ദർഭത്തിൽ നിന്ന് അടർത്തിമാറ്റി പിശകായി വ്യാഖ്യാനിച്ച്, മനുഷ്യരോടു സംസാരിക്കുന്ന കാര്യത്തെപ്പറ്റി പറഞ്ഞിരിക്കുന്നത് ദൈവത്തിനു സ്തോത്രമർപ്പിക്കുന്ന ശുശ്രൂഷയാണെന്നു വ്യാഖ്യാനിച്ചു കൊണ്ട് അവിടെ 1കൊരിന്ത്യർ 14: 27–28 വാക്യങ്ങൾ ലംഘിച്ചു ശബ്ദ കോലാഹലം നടത്തുവാൻ പഴുതുണ്ടെന്നു പറയുന്നത് സത്യത്തിന് എങ്ങനെ നിരക്കും?

**ഉത്തരം:** മർക്കോസ് 16: 17-18 ൽ പറയുന്ന അഞ്ച് കാര്യങ്ങളിൽ അഞ്ചും മനുഷ്യരോടുള്ള ബന്ധത്തിലുള്ളവയാണെന്ന് സന്ദർഭത്തിൽ നിന്നു സ്പഷ്ടമാണ്. അവയിൽ ആദ്യത്തേത് ദൈവത്തോടാണ് ബന്ധപ്പെട്ടിരിക്കുന്നതെന്നും ബാക്കി നാലെണ്ണവും മനുഷ്യരുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നും വ്യാഖ്യാനിക്കാൻ സത്യത്തിന്റെ ആത്മാവായ ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മെ അനുവദിക്കുന്നില്ല; പുതുഭാഷ കളിൽ സംസാരിക്കുന്നത് ദൈവത്തോടാണെങ്കിൽ രോഗശാന്തി വരുത്തുന്നത് ആർക്കാണെന്നാണ് പറയേണ്ടിവരിക? അന്യഭാഷാഭക്തന്മാർ ഇക്കാര്യം ചിന്തിക്കുന്നില്ല!

60. **ചോദ്യം:** ദൈവത്തോടു നമുക്കു സംസാരിക്കാൻ കഴിയേണ്ടതിനാണ് ദൈവം നമുക്ക് അന്യഭാഷ തരുന്നത് എന്നു പറയുന്നതിന്റെ ശരിയായ അർത്ഥമെന്താണ്?

    **ഉത്തരം:** ഇങ്ങനെ പറയുന്നതിന്റെ ശരിയായ അർത്ഥം മനുഷ്യരുടെ വിവിധ ഭാഷകൾ മനസ്സിലാക്കുന്നതിനാവശ്യമായ സർവ്വജ്ഞാനം ദൈവത്തിനില്ലെന്നും പ്രത്യേകമായ സ്വന്തം ഭാഷയിൽ മനുഷ്യരുടെ പ്രാർത്ഥന കേട്ടെങ്കിലേ ദൈവത്തിനു വേണ്ടവിധം അതു മനസ്സിലാകയുള്ളു എന്നും ഭാഷാജ്ഞാനത്തിന്റെ കാര്യത്തിൽ ദൈവം മനുഷ്യനെക്കാൾ വളരെ പിന്നിലാണെന്നുമാണ്.



# ഭാഗം - 3
# അഭിഷേകം

61. **ചോദ്യം:** പരിശുദ്ധാത്മാഭിഷേകത്തിന്റെ ഫലം ആഴമേറിയ വചനപരിജ്ഞാനമാണെന്ന് 1 യോഹന്നാൻ 2:20 ലും, 2:27 ലും പറഞ്ഞിരിക്കുമ്പോൾ പരിശുദ്ധാത്മാഭിഷേകത്തിന്റെ തെളിവ് അന്യഭാഷാഭാഷണമാണെന്നു പറയുന്നത് വചനത്തിനു വിരുദ്ധമല്ലേ? അന്യഭാഷയല്ല, പിന്നെയോ ആഴമേറിയ വചനപരിജ്ഞാനമാണ് പരിശുദ്ധാത്മാഭിഷേകത്തിന്റെ തെളിവെന്നല്ലേ നാം പറയേണ്ടത്?

    **ഉത്തരം:** അതെ.

62. **ചോദ്യം:** കൊരിന്തുസഭയിലുണ്ടായിരുന്ന എല്ലാവരും പരിശുദ്ധാത്മാഭിഷേകം ഉള്ളവരായിരുന്നു എന്ന് 2 കൊരി : 1:21 ൽ പറഞ്ഞിരിക്കുന്നു. എന്നാൽ അന്യഭാഷയിൽ സംസാരിക്കാത്തവരും കൊരിന്ത്യ വിശ്വാസികളിൽ ഉണ്ടായിരുന്നുവെന്ന് 1കൊരി : 12:30 ൽ കാണുന്നു. ഇതിൽ നിന്നും തെളിയുന്നത് അന്യഭാഷാവരം അഭിഷേകത്തിന്റെ തെളിവല്ല എന്നല്ലേ?

    **ഉത്തരം:** അതെ. അന്യഭാഷ അഭിഷേകത്തിന്റെ തെളിവാണെന്നു പറയുന്ന ഒറ്റ വാക്യം പോലും ബൈബിളിൽ ഇല്ല. “അന്യഭാഷ കിട്ടിയോ? അഭിഷേകം പ്രാപിച്ചുവോ?” എന്നു നാം കേൾക്കാറുള്ള ചോദ്യം വചനവിരുദ്ധമായ ചോദ്യമാണ്. പെന്തക്കോസ്ത് നാൾമുതൽ 20-ാം നൂറ്റാണ്ട് ആരംഭിക്കുന്നതു വരെ ക്രിസ്തീയലോകത്തിൽ ഈ ചോദ്യം ആരും ആരോടും ചോദിച്ചിട്ടില്ല.

63. **ചോദ്യം:** ആഴമേറിയ വചനപരിജ്ഞാനം അഭിഷേ

കത്തിന്റെ തെളിവാണെന്ന് സമ്മതിക്കാതിരിക്കുകയും, അന്യഭാഷയാണ് അഭിഷേകത്തിന്റെ യഥാർത്ഥ തെളിവ് എന്ന് ഒരാൾ പറകയും ചെയ്യുന്നെങ്കിൽ ആ അഭിപ്രായം വചനപ്രകാരം ശരിയാണെന്നാണോ തെറ്റാണെന്നാണോ നാം പറയേണ്ടത്?

**ഉത്തരം:** തെറ്റാണെന്നാണ് പറയേണ്ടത്.

64. **ചോദ്യം:** ലേവ്യപുസ്തകം 8:10ൽ ''മോശെ അഭിഷേകതൈലം എടുത്ത് കൂടാരവും അതിലുള്ള തൊക്കെയും അഭിഷേകം'' ചെയ്തു ശുദ്ധീകരിച്ചു എന്നു നാം വായിക്കുന്നില്ലേ? 1 ശമുവേൽ 10:1 ൽ ശൗലിനെ ശമുവേൽ രാജാവായി അഭിഷേകം ചെയ്തുവെന്നും 1രാജാക്കന്മാർ 19:16 ൽ എലീശയെ പ്രവാചകനായി അഭിഷേകം ചെയ്യണമെന്ന് ദൈവം ഏലിയാവിന് കല്പന കൊടുത്തതായും നാം വായിക്കുന്നില്ലേ? അഭിഷേകം എന്നത് ശുദ്ധീകരണ കർമ്മവും ഉദ്യോഗ നിയമനകർമ്മവു മാണെന്നല്ലേ പഴയനിയമത്തിൽ നാം കാണുന്നത്? ദൈവത്താലുള്ള ശുദ്ധീകരണവും ഉദ്യോഗനിയമനവും ലഭിച്ചു കഴിഞ്ഞിട്ടുണ്ടെങ്കിൽ അതിന്റെ അർത്ഥം ദൈവത്താൽ അഭിഷേകം ചെയ്യപ്പെട്ടിട്ടുണ്ട് എന്നല്ലേ? എല്ലാ ക്രിസ്തീയ വിശ്വാസികളും യേശുവിൽ വിശ്വാസം അർപ്പിച്ചു ശുദ്ധീകരണം പ്രാപിച്ച് വിശുദ്ധപദവി നേടിയവരും (2കൊരിന്ത്യർ 1: 1–2) ദൈവസന്നിധിയിൽ സ്തോത്രയാഗമർപ്പിക്കുന്ന ശ്രേഷ്ഠപുരോഹിതന്മാർ എന്ന ഉദ്യോഗനിയമനം ലഭിച്ചവരും (2പത്രോസ് 2:9) ആണെന്ന് ദൈവം അരുളിച്ചെയ്തിട്ടില്ലേ? യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു രക്ഷിക്കപ്പെട്ട് (റോമർ 10:9) ദൈവമക്കളായിത്തീർന്ന സകല മനുഷ്യരും ദൈവാത്മാവിനാൽ അഭിഷേകം ചെയ്യപ്പെട്ട് ശുദ്ധീകരണം പ്രാപിച്ചവർ ആണെന്നു വ്യക്തമല്ലേ? പരിശുദ്ധാത്മാഭിഷേകത്തിന്റെ തെളിവ് അന്യഭാഷാഭാഷണമാണെന്നു പറയാൻ ദൈവവചനത്തിൽ എന്തെങ്കിലും ന്യായം നാം കാണുന്നുണ്ടോ?



**ഉത്തരം:** പരിശുദ്ധാത്മാഭിഷേകത്തിന്റെ തെളിവ് ആഴമേറിയ വചനപരിജ്ഞാനമാണെന്ന് വചനത്തിൽ (1യോഹ: 2:20, 27) കാണുന്നുണ്ട്; അന്യഭാഷാഭാഷണം പരിശുദ്ധാത്മാഭിഷേകത്തിന്റെ തെളിവാണെന്നു പറയുന്ന ഒറ്റ വാക്യം പോലും ബൈബിളിൽ ഇല്ല; ഹൃദയം ശുദ്ധീകരിക്കപ്പെട്ട് ദൈവപൈതൽ ആയിത്തീരുന്നത്, അഭിഷേകം മുഖാന്തരമായതിനാൽ യേശുവിൽ വിശ്വസിച്ച് ആത്മരക്ഷ പ്രാപിക്കുമ്പോൾ പരിശുദ്ധാത്മാഭിഷേകം മനുഷ്യരായ നാം ആവശ്യപ്പെടാതെ തന്നെ ദൈവം ചെയ്യുന്നു എന്നതാണ് സത്യം. അന്യഭാഷ പറയുന്നതാണ് പരിശുദ്ധാഭിഷേകത്തിന്റെ തെളിവെന്നു പറയുന്നത് ദൈവവചനത്തിൽ ഇല്ലാത്ത ഉപദേശമാണ്. വചനത്തോടു കൂട്ടുചേർക്കുക, വചനത്തിൽ ഉള്ളതിനു നേരെ കണ്ണടയ്ക്കുക എന്നീ തെറ്റുകൾ എന്ന (1കൊരിന്ത്യർ 2:17) ഈ ഉപദേശത്തിലുണ്ട്.

65. **ചോദ്യം:** യേശുവിൽ വിശ്വസിക്കുകയും വിശ്വാസം ഏറ്റു പറഞ്ഞു പ്രാർത്ഥിച്ച് യേശുവിന്റെ കർത്തൃത്വം സ്വീകരിച്ച് രക്ഷിക്കപ്പെടുകയും ചെയ്തിട്ടുണ്ട് എന്നു പറയുന്ന ആളുകളോട് ''അഭിഷേകം പ്രാപിച്ചിട്ടുണ്ടോ'' എന്നു ചിലർ ചോദിക്കുന്നു. ഈ ചോദ്യത്തിന്റെ അർത്ഥമെന്താണ്? ഇത് സംബന്ധിച്ചുള്ള വചനത്തിലെ ഉപദേശമെന്താണ്?

**ഉത്തരം:** ഈ ചോദ്യം കൊണ്ട് ഇക്കാലത്ത്

അർത്ഥമാക്കുന്നത് ഒരാൾ രക്ഷിക്കപ്പെട്ട ശേഷം "എന്നെ ആത്മാവിനാൽ അഭിഷേകം ചെയ്യണമേ കർത്താവേ, എനിക്ക് അന്യഭാഷ നൽകാൻ പ്രസാദിക്കേണമേ" എന്നു പ്രാർത്ഥിച്ചുകൊണ്ടിരിക്കണമെന്നും ഈ പ്രാർത്ഥന തുടരുമ്പോൾ ഒരു പ്രത്യേക സമയത്ത് അയാളുടെ മാതൃഭാഷയിൽ ഇല്ലാത്ത ചില ശബ്ദങ്ങൾ അയാളുടെ നാവിൽ നിന്നുയരുമെന്നും അത് ദൈവാത്മാവ് അയാൾക്ക് നൽകുന്ന അന്യഭാഷയാണെന്നും ഈ 'അന്യഭാഷ' അയാൾ പറയുമ്പോൾ അയാൾ അഭിഷേകം പ്രാപിക്കുന്നു എന്നും ഒരു പഠിപ്പിക്കൽ ഇന്നത്തെ ക്രിസ്തീയ ലോകത്തിലുണ്ട്. ഇത് വിശ്വസിക്കുന്നവരാണ് ഈ ചോദ്യം ഉന്നയിക്കുന്നത്. കർത്താവിന്റെ ശിഷ്യന്മാരോ അപ്പൊസ്തലനായ പൗലോസോ മറ്റാരെങ്കിലുമോ ഈ ചോദ്യം ആരോടും ചോദിച്ചിട്ടില്ല; ഒന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഒരൊറ്റ വിശ്വാസിയും രക്ഷിക്കപ്പെട്ടശേഷം 'കാത്തിരിപ്പുപ്രാർത്ഥന' നടത്തി അഭിഷേകം പ്രാപിച്ചു എന്നു പറഞ്ഞിട്ടില്ല; അപ്പൊസ്തലനായ പൗലോസിന്റെ അനുഭവസാക്ഷ്യം അപ്പൊ: പ്രവൃ: 22-ാം അദ്ധ്യായത്തിൽ നാം വായിക്കുന്നു. യേശുവിൽ താൻ വിശ്വാസമർപ്പിച്ചതിനെക്കുറിച്ചും സ്നാനമേറ്റതിനെക്കുറിച്ചും അവിടെ പറയുന്നുണ്ടെങ്കിലും സ്നാനമേറ്റ ശേഷം അഭിഷേകം പ്രാപിക്കാനായി കാത്തിരുന്നു പ്രാർത്ഥിച്ചുവെന്ന് അദ്ദേഹം പറയുന്നില്ല. 'അഭിഷേകം പ്രാപിക്കൽ' എന്നൊരു



ഉപദേശം ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭംവരെയും ലോകത്തിൽ ആരും കേട്ടിരുന്നില്ല, അറിഞ്ഞിരുന്നുമില്ല. പരിശുദ്ധാത്മാവിനാലുള്ള അഭിഷേകത്താൽ മാത്രമേ ഹൃദയശുദ്ധീകരണം നടക്കുകയും പാപമോചനം ലഭിക്കുകയും ചെയ്യുകയുള്ളുവെന്ന് ദൈവവചനം വ്യക്തമാക്കിയിട്ടുണ്ട് (റോമർ 5:1; 1യോഹന്നാൻ 1:7; ലേവ്യ: 8:10-12). അഭിഷേകത്താലാണ് ശുദ്ധീകരണം നടക്കുന്നതെന്ന് പ്രസ്താവിക്കുന്ന അനേകം വാകൃങ്ങൾ പഴയനിയമത്തിലെ ലേവ്യപുസ്തകത്തിലുണ്ട്; ഹൃദയശുദ്ധീകരണത്തിന്റെയും രാജകീയ പുരോഹിത വർഗ്ഗത്തിലെ അംഗം എന്ന ഉദ്യോഗനിയമനത്തിന്റെയും (1പത്രൊസ് 2:9) മുഖാന്തരം പരിശുദ്ധാത്മാഭിഷേകം ആയതിനാൽ യേശുവിൽ വിശ്വാസമർപ്പിക്കുന്ന ഒരാളിനെ യേശുക്രിസ്തു തന്റെ പരിശുദ്ധാത്മാവിനാൽ അഭിഷേകം ചെയ്ത് അയാളുടെ ഹൃദയം ശുദ്ധീകരിക്കുന്നതിനാലാണ് അയാൾക്ക് ആത്മരക്ഷ ലഭിക്കുന്നത് എന്നു ദൈവവചനത്തിൽ വ്യക്തമായി പറഞ്ഞിരിക്കുന്നു. ഈ വചനസത്യം മനസ്സിലാക്കാത്തവരാണ്, "രക്ഷിക്കപ്പെട്ടു സ്നാനപ്പെട്ടിട്ട് അഭിഷേകം പ്രാപിച്ചുവോ'' എന്ന അബദ്ധചോദ്യം ചോദിക്കുന്നത്. എം.എ. പരീക്ഷ പാസ്സായ ശേഷം കോളജിൽ പഠിപ്പിച്ചുകൊണ്ടിരിക്കുന്ന ഒരാളിനോട് എഴുതാനും വായിക്കാനും പഠിച്ചിട്ടുണ്ടോ എന്നു ചോദിക്കുന്നതുപോലുള്ള ചോദ്യമാണിത്. ദൈവവചനം സംബന്ധിച്ച അറിവല്ല, അറിവില്ലായ്മയാണ് ഈ ചോദ്യത്തിന്റെ

അടിസ്ഥാനം.

66. **ചോദ്യം:** പരിശുദ്ധാത്മാഭിഷേകത്തിന്റെ ഫലമായി ആഴമേറിയ വചനപരിജ്ഞാനം ഉണ്ടാകുമെന്ന് 1യോഹന്നാൻ 2:20 ലും 2:27 ലും പറഞ്ഞിരിക്കുന്നു; വചനപരിജ്ഞാനം അഭിഷേകത്തിന്റെ തെളിവാണ് എങ്കിൽ വചനപരിജ്ഞാനം തീരെ കുറവായിരിക്കുന്ന ആളുകൾക്ക് പരിശുദ്ധാത്മാഭിഷേകം ലഭിച്ചിട്ടില്ല എന്നു പറയാമോ?

**ഉത്തരം:** യേശുവിൽ വിശ്വാസമർപ്പിച്ചു രക്ഷിക്കപ്പെടുമ്പോൾ ആത്മാഭിഷേകത്തിന്റെ ഫലമായി ഹൃദയശുദ്ധീകരണം സംഭവിക്കുന്നു; പാപത്തിന്റെ അടിമത്തത്തിൽ നിന്ന്, അഥവാ സാത്താന്റെ ഭരണാധികാരത്തിൽ നിന്ന് മോചിത നായിത്തീരുകയും ചെയ്യുന്നു; അതിനുശേഷം വചനം പഠിക്കുമ്പോൾ വചനപരിജ്ഞാനം ലഭിച്ചു തുടങ്ങുന്നു; 1പത്രോസ് 2:2-3ൽ പറഞ്ഞിരിക്കുന്നതു പ്രകാരമുള്ള ആത്മിക വളർച്ചയും ഉണ്ടാകുന്നു; ആ വളർച്ചയിലൂടെ പ്രകടമാകുന്ന വചനപരിജ്ഞാനം ആത്മാഭിഷേകത്തിന്റെ അനന്തരഫലമാണെന്നാണ് നാം മനസ്സിലാക്കേണ്ടത്. ആഴമേറിയ വചനപരിജ്ഞാനം ഒരാളിൽ കാണപ്പെടുന്നില്ല എങ്കിൽ 'അഭിഷേകം പ്രാപിക്കാത്തവൻ' എന്ന് അയാളെ വിളിക്കുന്നത് ശരിയല്ല; ഒരാൾ തന്റെ കൈകൊണ്ട് നന്നായി അദ്ധ്വാനിക്കുന്നത് കൈ ഉള്ളതിന്റെ തെളിവാണ്, എന്നാൽ മടിയനായി ഇരുന്നാൽ, അത് അയാൾക്കു കൈ ഇല്ല എന്നതിന്റെ തെളിവല്ല; ഒരാൾ യേശുവിൽ വിശ്വാസമർപ്പിച്ച് ആത്മാഭിഷേകത്താൽ ഹൃദയശുദ്ധീകരണം പ്രാപിച്ച് ദൈവത്തിൽ



നിന്നുള്ള പുതുജനനം പ്രാപിക്കുകയും സ്നാനമേല്ക്കുകയും ചെയ്തശേഷം പ്രാർത്ഥനയോടെ വചനം പഠിക്കാനും മറ്റുള്ളവരെ സുവിശേഷം അറിയിക്കാനും ശ്രമിക്കേണ്ടതാണ്; അതിനു പകരം തെറ്റിദ്ധാരണയിലകപ്പെട്ട്, "കർത്താവേ, നിന്നോടു പ്രാർത്ഥിക്കുവാൻ എന്റെ മാതൃഭാഷ ധാരാളം മതിയാകുമെങ്കിലും ഒരു അന്യഭാഷയിൽ നാലഞ്ചു വാക്കുകൾ നിന്നോടു സംസാരിക്കാൻ എനിക്കു ഭാഗ്യം തരേണമേ" എന്ന് വീണ്ടും വീണ്ടും പ്രാർത്ഥിച്ച് സമയം പാഴാക്കിയാൽ തനിക്കു ലഭിച്ച ആത്മാഭിഷേകം അയാൾ പ്രയോജനകരമായി ഉപയോഗിക്കാതെ നിഷ്ഫലമാക്കിക്കളയുന്നു എന്നാണർത്ഥം; എന്നാൽ യേശുവിൽ വിശ്വാസം അർപ്പിച്ചപ്പോൾ പരിശുദ്ധാത്മാഭിഷേകത്താൽ ലഭിച്ച ഹൃദയശുദ്ധീകരണവും രാജകീയപുരോഹിത വർഗ്ഗത്തിലെ ഒരംഗം (1പത്രോസ് 2:9) എന്ന ഉദ്യോഗനിയമനവും അതുമൂലം നഷ്ടമാവുകയില്ല. 'അന്യഭാഷ' പറഞ്ഞും പറയാൻ ശ്രമിച്ചും കൊണ്ട് സമയം നഷ്ടപ്പെടുത്തുന്നതു നിർത്തിയിട്ട് പ്രാർത്ഥനയോടെ വചനം വായിക്കാനും ധ്യാനിക്കാനും തുടങ്ങിയാൽ ആത്മാഭിഷേകത്തിന്റെ ഫലമായ വചനപരിജ്ഞാനം അയാളിൽ കാണപ്പെട്ടു തുടങ്ങും; രക്ഷിക്കപ്പെട്ട ഒരാൾ അന്യഭാഷ പറഞ്ഞ് സമയം പാഴാക്കിയാൽ അയാൾക്ക് ലഭിച്ച ആത്മാഭിഷേകത്തിന്റെ തെളിവ് അയാളിൽ ഇല്ലാതായിത്തീരുന്നു; എന്നാൽ ലഭിച്ച ആത്മാഭിഷേകം വാസ്തവത്തിൽ നഷ്ടപ്പെടുന്നില്ല.

67. **ചോദ്യം:** പരിശുദ്ധാത്മനിറവുള്ളവരിൽ കൃപാവര ങ്ങൾ കാണപ്പെടുമെന്നതിനാൽ കൃപാവര ങ്ങളിലൊ ന്നായ അന്യഭാഷാവരം പരിശുദ്ധാത്മാ ഭിഷേക ത്തിന്റെ അടയാളമാണെന്നു പറഞ്ഞാൽ അത് തെറ്റാകുമോ?

**ഉത്തരം:** വീര്യപ്രവൃത്തികളുടെ വരം, രോഗശാന്തി വരം, സഹായം ചെയ്യാനുള്ള വരം, പരിപാലനവരം, വിവധ ഭാഷാവരം (1കൊരി: 12:28) മുതലായ കൃപാ വരങ്ങളിൽ യാതൊന്നിനെക്കുറിച്ചും അത് അഭിഷേ കത്തിന്റെ തെളിവാണ് എന്ന് വചനത്തിൽ പറഞ്ഞിട്ടില്ല. ഇവയിൽ ഒന്നിനെ ക്കുറിച്ച്, അതാണ് അഭിഷേകത്തിന്റെ തെളിവ് എന്നു പറയാമെങ്കിൽ മറ്റുള്ള ഓരോന്നിനെക്കുറിച്ചും അങ്ങനെ തന്നെ പറയാൻ ന്യായമുണ്ട്. 'അന്യഭാഷ' അഭിഷേക ത്തിന്റെ തെളിവാണെന്നു പറയാമെങ്കിൽ വീര്യപ്രവൃ ത്തികളുടെ വരം (മരിച്ചവരെ ഉയിർപ്പിക്കാനുള്ള വരം) ഇല്ലാത്തവൻ അഭിഷേകം പ്രാപിച്ചിട്ടില്ല എന്നു പറയാം; രോഗശാന്തിവരം ഇല്ലാത്തവൻ അഭിഷേകം പ്രാപിച്ചിട്ടില്ലെന്നു പറയാം, സഹായം ചെയ്യാനുള്ള വരം ഇല്ലാത്തവനും അഭിഷേകം പ്രാപിച്ചിട്ടില്ലെന്നു പറയാം. ഇങ്ങനെ ദൈവവചനത്തിൽ അടിസ്ഥാനം ഇല്ലാത്ത ഓരോന്ന് പറയാൻ തുടങ്ങിയാൽ പുതിയ പുതിയ 'അതിഗംഭീര' ഉപദേശങ്ങൾ നമുക്കു ണ്ടാക്കാൻ കഴിയും; ഉദാഹരണത്തിന്, ജീവ പുസ്തകത്തിൽ ഒരാളിന്റെ പേര് എഴുത പ്പെടണമെങ്കിൽ ഒരാൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ച് ആ വിശ്വാസം ഏറ്റു പറഞ്ഞാൽ മാത്രം പോരാ, 'അഭിഷേകം' പ്രാപിച്ച



ഒരു 'ശ്രേഷ്ഠദൈവദാസൻ' അയാളുടെ തലയിൽ കൈ വച്ചു പ്രാർത്ഥിക്കുക കൂടി ചെയ്യണം, എങ്കിലേ രക്ഷ പൂർണ്ണമാകയുള്ളു എന്ന് ഒരു ഉപദേശം നമുക്ക് ഉണ്ടാക്കാൻ കഴിയും; കുമ്പസാരം എന്ന വ്യാജോപദേശം [പുരോഹിതനു പാപം മോചി പ്പിക്കാൻ അധികാരമുണ്ടെന്ന ആശയം] ഈ സൂപ്പർ ഭോഷ്കിനു മുമ്പിൽ തീർത്തും നിഷ്പ്രഭമായി പ്പോകയും ചെയ്യും. എന്നാൽ ദൈവവചനത്തോട് കൂട്ടു ചേർക്കുന്ന ഇത്തരം പ്രവൃത്തികൾ ചെയ്യുന്നതു മൂലം ഒരു നാളിൽ ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പിൽ നിന്ന് പ്രതിഫലമല്ല കഠിനശിക്ഷതന്നെയാവും ഈ ഉപദേഷ്ടാക്ക ന്മാർക്ക് കിട്ടുക. അതിനാൽ 'അന്യഭാഷ'യാണ് അഭിഷേകത്തിന്റെ തെളിവ് എന്ന അസത്യം പറയുന്നവർ വചനം വായിച്ചു മനസ്സിലാക്കി അവരുടെ തെറ്റ് തിരുത്തുകയാണ് വേണ്ടത്.

68. **ചോദ്യം:** അന്യഭാഷയിൽ സംസാരിച്ചിട്ടില്ലാത്തവർക്ക് യേശുക്രിസ്തുവിന്റെ വീണ്ടുവരവ് സംഭവിക്കുമ്പോൾ കാഹളധ്വനി കേൾക്കാൻ സാധിക്കുകയില്ലെന്നും അവർ എടുക്കപ്പെടുകയില്ലെന്നും വചനത്തിൽ പറയുന്നുണ്ടോ? ഉണ്ടെങ്കിൽ എവിടെയാണ് അങ്ങനെ നാം വായിക്കുന്നത്?

**ഉത്തരം:** കാഹളം ധ്വനിക്കുന്നത് ഭാഷ എന്ന മാധ്യമത്തിലൂടെയല്ല; അന്യഭാഷയും കാഹളധ്വനിയും തമ്മിൽ യാതൊരു ബന്ധവുമില്ല. ദൈവവചനത്തിൽ യാതൊരു അടിസ്ഥാനവും ഇല്ലാത്ത നിരവധി അസത്യങ്ങളും ഭോഷത്വങ്ങളും ദൈവഭക്തിയുടെ പേരിൽ ആളുകൾ പറയാൻ ഒരുമ്പെടുന്നതിന്റെ ഒരു

തെളിവാണ് ഈ ആശയം.

69. **ചോദ്യം:** ജീവനുള്ള മനുഷ്യന്റെ രൂപത്തിലിരിക്കുന്ന ജീവനില്ലാത്ത വസ്തു ഒരു പ്രതിമയാണ് എന്നു നാം പറയുന്നു; ദൈവത്തിന്റെ കഴിവുകളും ഗുണങ്ങളും ഒന്നുമില്ലാത്ത ഒരു രൂപത്തെ ദൈവം എന്നു കരുതി ആരാധിക്കുന്നതിന് വിഗ്രഹാരാധാന എന്നും നാം പറയുന്നു. പെന്തെക്കോസ്ത് നാളിൽ നൽകപ്പെട്ട അന്യഭാഷാവരത്തിന്റെ ഗുണങ്ങളും പ്രയോജനവും ഒന്നും ഇല്ലാത്തതും എന്നാൽ ശബ്ദരൂപത്തിൽ അതുപോലെയിരിക്കുന്നതുമായ ഇന്നത്തെ അന്യ ഭാഷാവരം അന്നത്തെ അന്യഭാഷാവരത്തിന്റെ വിഗ്രഹം ആണെന്നു പറഞ്ഞാൽ അത് തെറ്റാണെന്ന് എങ്ങനെ തെളിയിക്കും? അന്യഭാഷാവരത്തിനും പ്രവചനവരത്തിനും പിശകായ വ്യാഖ്യാനങ്ങൾ നൽകിക്കൊണ്ട്, ഗലാത്യർ 5:22-23 ൽ ചൂണ്ടിക്കാണി ച്ചിരിക്കുന്ന പരിശുദ്ധാത്മാവിന്റെ ഫലത്തെക്കുറിച്ചുള്ള അടിസ്ഥാന ക്രിസ്തീയോപദേശത്തിൽ നിന്ന് വിശ്വാസികളുടെ ശ്രദ്ധ അയഥാർത്ഥ കാര്യങ്ങളിലേക്ക് തിരിക്കുന്ന തെറ്റല്ലേ ഇന്നു ക്രിസ്തീയ ലോകത്തിൽ നാം കാണുന്നത്?

**ഉത്തരം:** അതെ; അന്യഭാഷാവരത്തെക്കുറിച്ച് ഇന്ന് നാം കേൾക്കുന്ന ഉപദേശം പരിശുദ്ധാത്മാവിന്റെ ഫലത്തെ ക്കുറിച്ചുള്ള ഉപദേശത്തിൽ നിന്ന് നമ്മുടെ ശ്രദ്ധ അകറ്റാൻ മാത്രമേ ഉപകരിക്കുന്നുള്ളൂ.

70. **ചോദ്യം:** കടിഞ്ഞാൺ ഇല്ലാതെ കുതിര ഓടുവാൻ അനുവദിച്ചാൽ അത് വെറുതെ ഓടുന്നതുപോലെ തലച്ചോറിന്റെ (ബുദ്ധിയുടെ) നിയന്ത്രണമില്ലാതെ നാവ് ചലിക്കാൻ നാം അനുവദിച്ചാൽ, ആറു മാസം മാത്രം



പ്രായമുള്ള ശിശുവിനെപ്പോലെ നമ്മുടെ നാവ് അർത്ഥമില്ലാത്ത ശബ്ദങ്ങളുണ്ടാക്കുന്നു; ഇതു മാത്രമാണ് ഇന്നത്തെ അന്യഭാഷാവരത്തിലുള്ളത് എന്നല്ലേ സത്യത്തെ സ്നേഹിക്കുന്ന ഒരാൾ കണ്ടെത്തുന്നത്? അന്യഭാഷ എന്നു പറഞ്ഞാൽ അന്യനാട്ടുകാരന്റെ ഭാഷ എന്നാണ് അർത്ഥമെന്ന സത്യം നിഷേധിച്ചു കൊണ്ട്, ദൈവത്തിന്റെ ഭാഷയാണ് അന്യഭാഷ എന്ന് വചനത്തിൽ പറഞ്ഞിട്ടുണ്ടെന്ന് അബദ്ധം പറയുകയും യാതൊരു അർത്ഥവുമില്ലാത്ത ശബ്ദങ്ങൾ ഉണ്ടാക്കിക്കൊണ്ട് അത് അന്യഭാഷ യാണെന്ന് (ദൈവത്തിന്റെ ഭാഷയാണെന്ന്) അവകാശ പ്പെടുകയും ചെയ്യുന്നത്, വെള്ളത്തിൽ കുമ്മായം കലക്കി ‘പാൽ’ ഉണ്ടാക്കുന്നതു പോലെയുള്ള സത്യ വിരുദ്ധ പ്രവൃത്തി അല്ലേ?

**ഉത്തരം:** അതെ; പിശകായ ധാരണകൾ നിമിത്തം ചിലർ അറിവില്ലാതെ ഇങ്ങനെ ചെയ്യുന്നതാവാം; ഏതായാലും കുമ്മായവെള്ളം പാൽ തന്നെയാണെന്ന് പറയാൻ മനസ്സില്ലാത്തവർക്ക് ഇക്കാലത്തെ ‘അന്യഭാഷ’ വചനത്തിൽ പറഞ്ഞിട്ടുള്ള അന്യഭാഷ യാണെന്നു പറയാൻ മനസ്സ് വരികയില്ല; ബുദ്ധിയാൽ നിയന്ത്രിക്കപ്പെട്ടുകൊണ്ട് കീ-ബോർഡിന്റെ കട്ടകൾ അമർത്തുമ്പോൾ ശരിയായ പാട്ട് കേൾക്കുന്നു; ബുദ്ധി യാൽ നിയന്ത്രിക്കപ്പെടാതെ കട്ടകൾ അമർത്തിയാൽ പാട്ട് പോലെ തോന്നിക്കുന്ന വെറും ശബ്ദവും കിട്ടുന്നു. ഇതുപോലെ ബുദ്ധിയാൽ നിയന്ത്രിക്കപ്പെടാതെ നാവ് ചലിക്കാൻ അനുവദി ക്കുമ്പോൾ ഭാഷയെന്ന് തോന്നിക്കുന്ന വെറും ശബ്ദങ്ങൾ ഉണ്ടാകുന്നു; ഇതാണ് ഇക്കാലത്തെ ‘അന്യഭാഷ’യുടെ രഹസ്യമെന്ന്

സത്യത്തെ സ്നേഹിക്കുന്നവർ മനസ്സിലാക്കുന്നു.

71. **ചോദ്യം:** റോഡിലൂടെ കാർ ഓടിക്കാൻ അനുവദിക്കണം, തടയരുത് എന്നു പറഞ്ഞാൽ ട്രാഫിക് നിയമങ്ങൾ വകവയ്ക്കാതെ കാർ ഓടിക്കാൻ അനുവദിക്കണം എന്നാണ് അർത്ഥമെന്നു നാം പറകയില്ല; അങ്ങനെ അർത്ഥമില്ല എന്നു തന്നെയാണ് നാം പറയുക. അങ്ങനെയാണെങ്കിൽ അന്യഭാഷ വിലക്കരുത് എന്ന് 1കൊരിന്ത്യർ 14:39 ൽ പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം ഈ അദ്ധ്യായത്തിന്റെ 27-28 വാക്യങ്ങളിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥ പാലിച്ചുകൊണ്ട് അന്യഭാഷ പറയാൻ അനുവാദ മുണ്ടെന്നാണ്; വ്യവസ്ഥ ലംഘിച്ചുകൊണ്ട് അന്യഭാഷ പറയാമെന്നാണ് 39-ാം വാക്യത്തിന്റെ അർത്ഥമെന്ന് തെളിയിക്കാൻ സാധിക്കുമെങ്കിൽ എങ്ങനെയാണ് അത് തെളിയിക്കുന്നത്?
**ഉത്തരം:** അങ്ങനെ തെളിയിക്കാൻ യാതൊരു മാർഗ്ഗവുമില്ല.

## ഭാഗം - 4
## ആത്മാവിന്റെ ഫലം

72. **ചോദ്യം:** പരിശുദ്ധാത്മാവ് എന്നു പറഞ്ഞാൽ ദൈവത്തിന്റെ ആത്മാവ് എന്നല്ലേ അർത്ഥം?
**ഉത്തരം:** അതെ.

73. **ചോദ്യം:** പരിശുദ്ധാത്മാവ് നമ്മെ നിയന്ത്രിക്കാൻ അനുവദിച്ചാൽ ദൈവത്തിന്റെ സ്വഭാവം തമ്മിൽ കാണപ്പെടുകയില്ലേ?
**ഉത്തരം:** കാണപ്പെടും.



74. **ചോദ്യം:** പരിശുദ്ധാത്മനിറവ് നമ്മിലുണ്ടായാൽ ദൈവത്തിന്റെ എല്ലാ കഴിവുകളും തമ്മിൽ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കാമോ?
**ഉത്തരം:** പ്രതീക്ഷിക്കാൻ ന്യായമില്ല.

75. **ചോദ്യം:** ദൈവത്തിന് സർവ്വശക്തി, സർവ്വജ്ഞാനം, സർവ്വവ്യാപകത്വം മുതലായ കഴിവുകളുണ്ട്; കാറ്റിനെയും കടലിനെയും നിയന്ത്രിക്കാനും കടലിനെ വിഭജിക്കാനും മരിച്ചവരെ ഉയിർപ്പിക്കാനും സസ്യങ്ങളെയും ജന്തുക്കളെയും ഒക്കെ സൃഷ്ടിക്കാനും കഴിവുണ്ട്; പരിശുദ്ധാത്മാവ് നമ്മിൽ വരുന്നതിന്റെ ഫലമായി ദൈവത്തിന്റെ ഈ കഴിവുകളെല്ലാം നമുക്കു കിട്ടുമോ?
**ഉത്തരം:** കിട്ടുകയില്ല.

76. **ചോദ്യം:** ഗലാത്യർ 5:22-23-ൽ പറയുന്ന പരിശുദ്ധാത്മാവിന്റെ ഫലമായ സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, ഇന്ദ്രിയജയം എന്നീ വിശിഷ്ട ഗുണങ്ങളല്ലേ പരിശുദ്ധാത്മാവ് നമ്മിൽ ഉളവാക്കുന്നത്?
**ഉത്തരം:** അതെ.

77. **ചോദ്യം:** ഓരോ മനുഷ്യന്റെയും തലയിലെ മുടിയുടെ എണ്ണം പോലും ദൈവം കൃത്യമായി അറിയുന്നു എന്നു വചനത്തിൽ പറഞ്ഞിട്ടുണ്ട്; ഇത്തരത്തിലുള്ള സർവ്വജ്ഞാനം മനുഷ്യരായ നമുക്ക് ആത്മനിറവിന്റെ ഫലമായി ലഭിക്കുമെന്ന് പ്രതീക്ഷിക്കാമോ?
**ഉത്തരം:** പ്രതീക്ഷിക്കാൻ ന്യായമില്ല; ദൈവം തന്റെ പരിശുദ്ധാത്മാവിനെ നമ്മിലേക്കയക്കുന്നത് ദൈവമക്കൾ എന്ന നിലയിൽ ദൈവത്തെ അനുസരിച്ചുകൊണ്ടു ചെയ്യേണ്ട പ്രവൃത്തികൾ ചെയ്യുന്നതിനുള്ള

പ്രേരണയും പ്രാപ്തിയും നമുക്കു നൽകുന്നതിനു വേണ്ടി മാത്രമാണ്.

78. **ചോദ്യം:** പരിശുദ്ധാത്മാവ് നമ്മിൽ വസിക്കുന്നതിന്റെ ഫലമായി സ്വഭാവപരിവർത്തനം സംഭവിച്ച പുതിയ സൃഷ്ടികളായി (2കൊരിന്ത്യർ 5:17 നോക്കുക) നാം കാണപ്പെടണമെന്നും ദൈവത്തിന്റെ സർവ്വായുധവർഗ്ഗം (എഫെസ്യർ 6: 13-18) ധരിച്ച ക്രിസ്തുവിന്റെ പടയാളികളായി പൗലോസിനെപ്പോലെ നാം പോരാടണമെന്നും (2തിമോ : 2:2 ; 4:7) അല്ലേ ദൈവം ആഗ്രഹിക്കുന്നത്?

**ഉത്തരം:** അതെ.

79. **ചോദ്യം:** കർത്താവ് പരിശുദ്ധാത്മാവിനെ നമ്മിലേക്കു പകരുന്നതിന്റെ അടിസ്ഥാനപരമായ ഉദ്ദേശ്യം എന്താണെന്നാണ് യോഹന്നാൻ 7:37-38; 2കൊരിന്ത്യർ 5:17; ഗലാത്യർ 5:22-23; 1കൊരിന്ത്യർ 9:16; എഫെസ്യർ 2:10 എന്നീ വാക്യങ്ങൾ അനുസരിച്ചു ചിന്തിക്കുമ്പോൾ നമുക്കു മനസ്സിലാകുന്നത്?

**ഉത്തരം:** പരിശുദ്ധാത്മാവിന്റെ ഫലം പ്രവൃത്തികളിൽ നിറഞ്ഞുനിൽക്കുന്ന സദ്ഗുണസമ്പന്നരായി ലോകത്തിൽ ജീവിക്കുകയും ദൈവത്തിന്റെ സത്യ വചനത്താൽ മനുഷ്യരുടെ ഹൃദയങ്ങളെ ശോഭിതമാക്കുകയും ചെയ്യുന്നവരായി നാം കാണപ്പെടണം എന്നാണ് മനസ്സിലാകുന്നത്.

## ഭാഗം - 5
## ആത്മസ്നാനം

80. **ചോദ്യം:** ദൈവമക്കൾ പരിശുദ്ധാത്മാസ്നാനം പ്രാപിക്കുന്നത് അവർ കാത്തിരുന്നു പ്രാർത്ഥിച്ച്



അന്യഭാഷ പറയുമ്പോഴാണെന്ന് ചിലർ പഠിപ്പിക്കുന്നു; ഇത് ശരിയാണോ?

**ഉത്തരം:** ഒരാൾ രക്ഷിക്കപ്പെടുന്നത് യേശുവിനെ രക്ഷിതാവും കർത്താവുമായി സ്വീകരിച്ച് ആ വിശ്വാസം ദൈവമുമ്പാകെ ഏറ്റു പറയുമ്പോഴാണെന്ന് റോമർ 10:9ൽ പറയുന്നു; രക്ഷിക്കപ്പെടുമ്പോൾ ഒരാൾ യേശുക്രിസ്തുവിന്റെ സഭയുടെ അംഗമായിത്തീരുന്നുവെന്ന് അപ്പൊ: പ്രവൃ: 2:47ൽ പറയുന്നു; സഭയുടെ അംഗമായിത്തീരുന്നത് യേശുക്രിസ്തു അദൃശ്യമായി നമ്മെ പരിശുദ്ധാത്മാവിൽ സ്നാനം കഴിപ്പിക്കുന്നതു മുഖാന്തരമാണെന്ന് 1കൊരിന്ത്യർ 12:13ൽ പറയുന്നു; അതിനാൽ യേശുവിൽ വിശ്വാസം അർപ്പിച്ചിട്ടുള്ള ഒരാൾ രക്ഷിക്കപ്പെട്ടു കഴിഞ്ഞവനും പരിശുദ്ധാത്മാവിൽ സ്നാനം ഏറ്റു കഴിഞ്ഞവനുമാണ്. പരിശുദ്ധാത്മ സ്നാനത്തിന്റെ തെളിവാണ് അന്യഭാഷാ ഭാഷണം എന്നത് ദൈവവചനത്തിലെ ഉപദേശമല്ല; റോമൻ കത്തോലിക്കാ സഭയ്ക്ക് എഴുതപ്പെട്ട അപ്പൊക്രിഫ ഉണ്ട്; ആ സഭയുടെ, ദൈവവചനത്തിൽ ഇല്ലാത്ത ഉപദേശങ്ങൾ അപ്പൊക്രിഫയിൽ ഉണ്ടെന്ന് പറയാറുണ്ട്; പ്രോട്ടസ്റ്റന്റ് ലോകത്തിന് എഴുതപ്പെടാത്ത അപ്പൊക്രിഫാ ഉണ്ടെന്നു പറയേണ്ടിയിരിക്കുന്നു; കാരണം പ്രോട്ടസ്റ്റൻറ് ലോകത്തിലും ദൈവവചനത്തിൽ അടിസ്ഥാനമില്ലാത്ത പല ആചാരാനുഷ്ഠാനങ്ങളും വിശ്വാസങ്ങളും ഉണ്ട്; അവയിൽ പ്രധാനപ്പെട്ടവയാണ് കാത്തിരിപ്പു പ്രാർത്ഥനയുടെയും അന്യഭാഷാ ഭാഷണത്തിന്റെയും ഉപദേശങ്ങൾ; അതിനാൽ അവ അലിഖിത (എഴുതപ്പെട്ടിട്ടില്ലാത്ത) അപ്പൊക്രിഫയിലെ ഉപദേശ

ങ്ങളാണെന്ന് പറയേണ്ടിയിരിക്കുന്നു.

81. **ചോദ്യം:** പരിശുദ്ധാത്മാവിനെക്കുറിച്ച് നാം അത്യാവശ്യമായി മനസ്സിലാക്കേണ്ട സത്യങ്ങൾ എന്തൊക്കെയാണ്?

**ഉത്തരം:** പരിശുദ്ധാത്മാവ് സത്യത്തിന്റെയും നീതിയുടെയും ആത്മാവാണ്; യേശുവിൽ വിശ്വാസം അർപ്പിക്കുവാൻ പരിശുദ്ധാത്മാവ് നമ്മെ പ്രേരിപ്പിക്കുന്നു; യേശുവിൽ നാം വിശ്വാസം അർപ്പിക്കുമ്പോൾ പരിശുദ്ധാത്മാവ് നമ്മെ അഭിഷേകം ചെയ്തു ശുദ്ധീകരിക്കുകയും, സ്തോത്രയാഗം അർപ്പിക്കുന്ന പുരോഹിത ശുശ്രൂഷ ചെയ്യാനുള്ള ഉദ്യോഗനിയമനം നമുക്കു നൽകുകയും ചെയ്യുന്നു; മാത്രമല്ല അദൃശ്യമായ പരിശുദ്ധാത്മസ്നാനത്താൽ നമ്മെ യേശു ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയുടെ അവയവങ്ങൾ (1കൊരിന്ത്യർ 12:27) ആക്കിത്തീർക്കുകയും ചെയ്യുന്നു; ദൈവവചനം ധ്യാനിക്കുകയും പ്രാർത്ഥിക്കുകയും വചനം അനുസരിക്കുകയും ചെയ്യുന്നതിന്റെ ഫലമായി പരിശുദ്ധാത്മനിറവിന്റെ അനുഭവം (അപ്പൊ: പ്രവൃ: 4:31) നമ്മിലുണ്ടാകുന്നു; പരിശുദ്ധാത്മാവിനെ അനുസരിച്ചുകൊണ്ടു ജീവിക്കുമ്പോൾ (അപ്പൊ: പ്രവൃ: 8:26-40; അപ്പൊ: പ്രവൃ: 16: 6-40) പാപത്തിൽ മരിച്ചു കിടക്കുന്ന അനേകം ആളുകളുടെ ഹൃദയങ്ങളെ ജീവന്റെ വചനത്താൽ ശോഭിത മാക്കാനും അവരെ രക്ഷയിലേക്ക് നടത്താനും സൽപ്രവൃത്തികളിൽ സമ്പന്നരായി (എഫെസ്യർ 2:10) പരിശുദ്ധാത്മ ഫലം (ഗലാത്യർ 5: 22-23) നിറഞ്ഞവരായി



ക്രിസ്തീയ സാക്ഷ്യം പുലർത്തി ജീവിക്കുവാനും നമുക്ക് സാധിക്കുകയും ചെയ്യുന്നു. ഇവയാണ് പരിശുദ്ധാത്മാവിനെക്കുറിച്ച് അവശ്യം നാം മനസ്സിലാക്കേണ്ട കാര്യങ്ങൾ.

## "തനിക്കു താൻ ആത്മിക വർദ്ധന"

82. **ചോദ്യം:** "അന്യഭാഷയിൽ സംസാരിക്കുന്നവൻ തനിക്കു താൻ ആത്മികവർദ്ധന വരുത്തുന്നു" എന്ന് 1കൊരിന്ത്യർ 14:4 ൽ പറഞ്ഞിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ചില ഉപദേഷ്ടാക്കന്മാർ പറയുന്നത്, ഒരാളിന് ആത്മിക വർദ്ധനയുണ്ടാകണമെങ്കിൽ അയാൾ അന്യഭാഷയിൽ സംസാരിച്ചേ മതിയാകു എന്ന് ഈ വാക്യം തെളിയിക്കുന്നു എന്നാണ്; ഈ ആശയം ശരിയാണോ?

**ഉത്തരം:** ആത്മികവർദ്ധനയുടെ കാരണം യാതൊരു ഭാഷയുമല്ല, പിന്നെയോ ദൈവവചനം മനസ്സിലാക്കി അനുസരിക്കുന്നതും ദൈവവുമായുള്ള കൂട്ടായ്മയും ആണ് എന്നതിനാൽ ഈ ആശയം ശരിയല്ല; ഈ ആശയം ശരിയാണെങ്കിൽ ഒരു സഭാകൂടിവരവിൽ ആരും ഒരു മിനിട്ട് സമയം പോലും സ്വന്തം ഭാഷയിൽ സംസാരിക്കുകയോ പ്രാർത്ഥിക്കുകയോ പാടുകയോ ചെയ്യരുത്; മുഴുവൻ സമയവും ഓരോരുത്തരും അന്യഭാഷയിൽ തന്നെ പാടുകയും പ്രാർത്ഥിക്കുകയും പ്രസംഗി ക്കുകയും ചെയ്യണം; ആത്മികവർദ്ധനയുടെ മുഖാന്തരം അന്യഭാഷയാണ് എന്ന് അർത്ഥ മെടുക്കുന്നവർ സഭായോ

ഗത്തിൽ എല്ലാവരും എപ്പോഴും അന്യഭാഷയിൽ സംസാരിച്ചു കൊണ്ടിരിക്കണം എന്നാണ് ഉപദേശി ക്കേണ്ടത്. ആ ഉപദേശം ആ ഉപദേഷ്ടാക്കന്മാർ പ്രാവർത്തി കമാക്കുകയും വേണം. ഇങ്ങനെ അവർ ചെയ്യാതിരിക്കുന്നത് അവരുടെ ഉപദേശം തെറ്റാണെ ന്നതിന്റെ സ്പഷ്ടമായ തെളിവാണ്. ഈ വേദഭാഗത്തു പറഞ്ഞിരിക്കുന്നത് ഇപ്രകാരമുള്ള ഒരു ആശയമേ അല്ല; പരിശുദ്ധാത്മാവിന്റെ ഫലമായ സ്നേഹം പ്രവൃത്തികളിലൂടെ വെളിപ്പെടു ത്തുന്നതിനാണ് നാം പ്രാധാന്യം കൊടുക്കേണ്ടത് എന്ന് ഈ അദ്ധ്യായത്തിന്റെ ഒന്നാം വാക്യത്തിൽ പറഞ്ഞശേഷം അന്യഭാഷാവരം ഏതോ വളരെ വിലപ്പെട്ട വരമാണെന്ന് തെറ്റിദ്ധരിക്കരുത് എന്ന ആശയം വ്യക്തമാക്കുന്നതിനു വേണ്ടി, ഒരാൾ മറ്റുള്ളവർക്കു മനസ്സിലാകാത്ത അന്യഭാഷയിൽ സഭയിൽ സംസാരിച്ചാൽ ആ സംസാരം മൂലം മറ്റാർക്കും ആത്മികവർദ്ധനയുണ്ടാകുന്നില്ല, അയാൾക്കു മാത്രമേ ആത്മിക വർദ്ധയുണ്ടാവു കയുള്ളു എന്നും അതിനാൽ തർജ്ജമ കൂടാതെ അന്യഭാഷയിൽ സംസാരിക്കുന്നത് ഒട്ടും ഉചിതമല്ല എന്നും ചൂണ്ടിക്കാണിക്കുന്നതിനു വേണ്ടി പറയുന്ന വാചകമാണ്, "അന്യഭാഷയിൽ സംസാരിക്കുന്നവൻ തനിക്കു താൻ ആത്മിക വർദ്ധന വരുത്തുന്നു" എന്നത്. ഇവിടെ ഉദ്ദേശിച്ചിരിക്കുന്ന യഥാർത്ഥ ആശയം, വിശ്വാസികൾക്കെല്ലാം അറിയാവുന്ന, തന്റെയും മറ്റുള്ളവരുടെയും സ്വന്തം ഭാഷയിൽ ഒരാൾ സംസാരിച്ചാൽ എല്ലാവർക്കും ആത്മിക വർദ്ധനയുണ്ടാകുമെന്നും അങ്ങനെ ചെയ്യാതെ



അന്യഭാഷാവരമുള്ളയാൾ അന്യഭാഷയിൽ സംസാ രിച്ചാൽ മറ്റുള്ളവർക്കു യാതൊരു പ്രയോജനവു മുണ്ടാകയില്ലെന്നും അയാൾക്കു മാത്രമേ ആത്മിക വർദ്ധന വരികയുള്ളു എന്നുമാണ്; ഈ ആശയം കൂടുതൽ വ്യക്ത മാക്കിക്കൊണ്ട്, 19-ാം വാക്യത്തിൽ പറഞ്ഞി രിക്കുന്നത്, സഭയിൽ പതിനായിരം വാക്ക് അന്യഭാഷയിൽ മറ്റുള്ളവർക്ക് മനസ്സിലാകാത്ത വിധത്തിൽ സംസാരിക്കുന്നതിനെക്കാൾ, സ്വന്തം ഭാഷയിൽ മറ്റുള്ളവർക്കും കൂടെ മനസ്സിലാക്കാൻ കഴിയുന്ന വിധത്തിൽ അഞ്ചുവാക്ക് സംസാരി ക്കുന്നതാണ് കൂടുതൽ നല്ലത് എന്നാണ്. സ്വന്തം മാതൃഭാഷയിൽ ഒരു വാക്കു സംസാരിക്കുന്നത് അന്യഭാഷയിൽ രണ്ടായിരം വാക്കു സംസാരി ക്കുന്നതിനെക്കാൾ നല്ലതാണെന്നു പറഞ്ഞിരിക്കുന്ന ദൈവവചനം മനസ്സിലാക്കാൻ തയ്യാറാകാത്തതു കൊണ്ടാണ് അന്യഭാഷയിൽ സംസാരിക്കുന്നതാണ് ആത്മികവർദ്ധനയുടെ മുഖാന്തരം എന്ന് ചില ഉപദേഷ്ടാക്കന്മാർ അബദ്ധം പറയുന്നത്. വേദ വാക്യം അതിന്റെ സന്ദർഭത്തിൽ നിന്ന് അടർത്തി മാറ്റിക്കൊണ്ട് അതിന്റെ യഥാർത്ഥ അർത്ഥം മാറ്റി വച്ചിട്ട് മറ്റൊരു അർത്ഥം അവിടെ പ്രതിഷ്ഠിക്കു മ്പോഴാണ് അന്യഭാഷയിൽ സംസാരിച്ചെങ്കിലേ ആത്മിക വർദ്ധനയുണ്ടാ കയുള്ളു എന്ന പിശകായ ആശയത്തിലേക്ക് ചെന്നെത്തുന്നത്.

83. **ചോദ്യം:** ''അന്യഭാഷാവരം'' ലഭിക്കാനായി പ്രാർത്ഥിക്കണമെന്ന് വിശ്വാസികളോടാവശ്യ പ്പെടുന്നവർ പറയുന്നത്, ദൈവത്തോട് ദൈവ ത്തിന്റെ ഭാഷയിൽ സംസാരിക്കാനുള്ള വരം ദൈവം

അവർക്കു നൽകിയിരിക്കുന്നു എന്നും ഈ അനുഗ്രഹം മറ്റുള്ളവരും പ്രാപിക്കണം എന്നുമാണ്. ദൈവത്തോട് ഒരാൾ സ്വന്തം മാതൃഭാഷയിൽ സംസാരിക്കുകയോ പ്രാർത്ഥിക്കുകയോ ചെയ്താൽ ദൈവം അതു കേട്ടു മനസ്സിലാക്കാതിരിക്കുകയില്ല എന്നതിനും കേട്ടു മറുപടി നൽകും എന്നതിനും വചനത്തിൽ ധാരാളം തെളിവുകളുണ്ട്. അതിനാൽ ദൈവത്തോട്, ദൈവത്തിന്റെ സ്വന്തം ഭാഷ എന്ന് ഒന്നുണ്ടെങ്കിൽ ആ ഭാഷയിൽ സംസാരിക്കേണ്ട ആവശ്യം വാസ്തവത്തിൽ ഇല്ല. സ്വർഗ്ഗത്തിലെ ദൈവത്തിന്റെ 'സ്വർഗ്ഗീയഭാഷ'യിൽ സംസാരിക്കുന്നതിനു പ്രാപ്തി തരുന്ന അന്യഭാഷാവരം വാസ്തവത്തിൽ ആവശ്യമില്ലെങ്കിലും അതു നൽകുവാൻ പ്രസാദിക്കുന്ന ദൈവം അന്യനാട്ടുകാരോട് സുവിശേഷം പറയാൻ വാസ്തവത്തിൽ അത്യാവശ്യമായിട്ടുള്ള അന്യഭാഷാവരം ആർക്കും നൽകുന്നതായി കാണുന്നില്ല. വാസ്തവത്തിൽ ആവശ്യമില്ലാത്തത് നൽകുന്നവനും വാസ്തവത്തിൽ ആവശ്യമായത് നൽകാത്തവനുമാണ് ബൈബിളിലെ ദൈവം എന്നാണോ നാം മനസ്സിലാക്കേണ്ടത്?

**ഉത്തരം:** അന്യനാട്ടുകാരോട് സുവിശേഷം അറിയിക്കുന്നതിനായി അന്യനാടുകളിൽ ചെന്ന് അവിടങ്ങളിലെ ഭാഷകൾ പഠിച്ച് ആ ഭാഷകളിലേക്ക് ദൈവവചനം തർജ്ജമചെയ്ത് അവിടത്തുകാരുടെ മാതൃഭാഷകളിൽ അവരെ വചനം പഠിപ്പിക്കണം എന്നതാണ് ഭാഷയുടെ കാര്യത്തിൽ ഇക്കാലത്തെ ദൈവഹിതം; ഇതിനു കീഴ്പെട്ട് പ്രവർത്തിച്ചിട്ടുള്ള



ദൈവമക്കളുടെ അദ്ധ്വാനം മുഖാന്തരമാണ് ഒട്ടുമിക്ക ഭാഷകൾക്കും വ്യാകരണപുസ്തകങ്ങളും നിഘണ്ടുകളും ലഭിക്കാൻ ഇടവന്നിട്ടുള്ളത്. ഒന്നാം നൂറ്റാണ്ടിൽ കർത്താവിന്റെ ശിഷ്യന്മാർക്കും സഹവിശ്വാസികൾക്കും നൽകിയ അന്യഭാഷാവരം അന്യനാട്ടുകാർക്കു മുമ്പിൽ പ്രയോജന പ്പെടുത്തുവാൻ അവർക്കു സാധിച്ചിരുന്നു; ഇക്കാലത്ത് ഭാഷാപഠനത്തിന്റെ അദ്ധ്വാനം ദൈവമക്കൾക്ക് ഒഴിവാക്കിത്തരിക എന്നത് ദൈവഹിതമല്ലാത്തതിനാൽ അപ്പൊസ്തലന്മാർക്ക് കൊടുത്തിരുന്ന ഭാഷാവരം ഇന്ന് ദൈവം ആർക്കും നൽകുന്നതായി കാണുന്നില്ല; എന്നാൽ അപ്പൊസ്തലന്മാരുടെ ശ്രേഷ്ഠത തങ്ങൾക്കും ദൈവത്തിൽ നിന്ന് ലഭിച്ചിരിക്കുന്നു എന്ന് സങ്കൽപ്പിച്ചുകൊണ്ട് ഒന്നാം നൂറ്റാണ്ടിലെ അന്യഭാഷാവരത്തോട് ശബ്ദത്തിൽ മാത്രം സാമ്യമുള്ള അർത്ഥമില്ലാഭാഷ ഉച്ചരിച്ചുകൊണ്ട് മനുഷ്യരോട് സംസാരിക്കാൻ ഉതകുന്നതല്ലെങ്കിലും ദൈവത്തോട് സംസാരിക്കാൻ വളരെ നല്ലതാണ് എന്ന് ചിലർ അവകാശപ്പെടുകയും 'അന്യഭാഷ' പറയുകയും ചെയ്യുന്നു. ദൈവവചനം ശരിയായി മനസ്സിലാക്കാത്തതു കൊണ്ട് അവർ ഇങ്ങനെ പറഞ്ഞു പോകുന്നതാണ്; അവർക്ക്, യഥാർ ത്ഥത്തിൽ ആവശ്യമായതു നൽകാത്തവനും വാസ്തവത്തിൽ ആവശ്യമില്ലാത്തത് നൽകുന്നവനുമാണ് ദൈവം എന്നാണ് ഇങ്ങനെ പറയുന്നതിന്റെ അർത്ഥം; പരോക്ഷമായി ദൈവത്തെ മോശക്കാരനായി ചിത്രീകരിക്കുന്ന വചനവ്യാഖ്യാനമാണിത്. പ്രാർത്ഥനയോടുകൂടെ ദൈവവചനം

ധ്യാനിച്ചാൽ ഈ തെറ്റ് തിരുത്താൻ സാധിക്കും.

## ആത്മിക വർദ്ധനയുടെ അടിസ്ഥാനം

84. **ചോദ്യം:** "അന്യഭാഷയിൽ സംസാരിക്കുന്നവൻ സഭയ്ക്കു ആത്മികവർദ്ധന ലഭിക്കേണ്ടതിന് വ്യാഖ്യാനിക്കുന്നില്ലെങ്കിൽ പ്രവചിക്കുന്നവൻ അവനെക്കാൾ വലിയവൻ" എന്ന് 1കൊരിന്ത്യർ 14:5ൽ നാം വായിക്കുന്നു. അന്യഭാഷയിലെ സംസാരം സഭയിലെ അംഗങ്ങളുടെ സ്വന്തം ഭാഷയിലേക്കു തർജ്ജമചെയ്യുന്നില്ലെങ്കിൽ സഭയ്ക്ക് ആത്മികവർദ്ധന ഉണ്ടാകയില്ലെന്ന് ഇവിടെ വ്യക്തമാക്കിയിരിക്കുന്നു. അതിനാൽ ആത്മിക വർദ്ധനയുണ്ടാകുന്നത് അന്യഭാഷ മുഖാന്തര മല്ലെന്നും ദൈവവചനം മനസ്സിലാക്കുന്നതു മൂലമാണെന്നും വ്യക്തമല്ലേ?

**ഉത്തരം:** വ്യക്തമാണ്; ദൈവവചനം ഒരാൾ മനസ്സിലാക്കുകയും സ്വീകരിക്കുകയും ചെയ്ത് ദൈവികശക്തി അയാളിൽ വ്യാപരിക്കുമ്പോഴാണ് അയാൾക്ക് ആത്മിക വർദ്ധനയുണ്ടാകുന്നത്; ഒരാൾ അന്യഭാഷയിൽ സംസാരിച്ചാൽ ആ സംസാര ത്തിലെ ശബ്ദം മൂലം അയാൾക്ക് യാതൊരുവിധ ആത്മികവർദ്ധനയും ഉണ്ടാകുന്നില്ല, എന്നാൽ സംസാരിക്കുന്ന ദൈവവചനത്തിന്റെ ആശയം മനസ്സിലാക്കിക്കൊണ്ടാണ് അയാൾ സംസാരിക്കുന്ന തെങ്കിൽ ആ ദൈവവചനം മൂലം അയാൾക്ക് ആത്മികവർദ്ധനയുണ്ടാകുമെന്ന് മുകളിൽ ഉദ്ധരിച്ച വാക്യത്തിൽ നിന്ന് സ്പഷ്ടമാണ്.



85. **ചോദ്യം:** "അന്യഭാഷയിൽ സംസാരിക്കുന്നവൻ വ്യാഖ്യാനിക്കുന്നില്ലെങ്കിൽ" എന്ന് 1കൊരിന്ത്യർ 14:5ൽ പറഞ്ഞിരിക്കുന്നതിൽ നിന്ന്, വ്യാഖ്യാനി ക്കാനുള്ള വരവും (തർജ്ജമ ചെയ്യാനുള്ള വരവും) അന്യഭാഷാവരവും രണ്ടും ലഭിച്ചവരെക്കുറിച്ചാണ് ഇവിടെ പറയുന്നത് എന്നല്ലേ നാം മനസ്സി ലാക്കേണ്ടത്?

**ഉത്തരം:** അതെ; വ്യാഖ്യാനിക്കുന്നില്ലെങ്കിൽ എന്നു പറഞ്ഞിരിക്കുന്നതിന്, വ്യാഖ്യാനിക്കാനുള്ള കഴിവ് (തർജ്ജമ ചെയ്യാനുള്ള കഴിവ്) ഉപയോഗി ക്കുന്നില്ലെങ്കിൽ എന്നാണ് അർത്ഥം. അന്യഭാഷ വ്യാഖ്യാനിക്കാൻ (തർജ്ജമ ചെയ്യാൻ) കഴിവുള്ള, വ്യാഖ്യാനവരം ലഭിച്ച ആൾ ആ വരം ഉപയോഗി ക്കാതെ അന്യഭാഷയിൽ മാത്രം സഭയിൽ സംസാരിച്ചാൽ ആ സംസാരം സഭയിലെ അംഗ ങ്ങൾ മനസ്സിലാക്കാത്തതിനാൽ അവർക്ക് ആത്മിക വർദ്ധന ഉണ്ടാകയില്ലെന്നും അയാൾ അർത്ഥം മനസ്സിലാക്കുന്നതിനാൽ അയാൾക്കു മാത്രം ആത്മികവർദ്ധന ഉണ്ടാകുന്നു എന്നുമാണ് 1കൊരിന്ത്യർ 14:4 ന്റെ അർത്ഥം.

86. '**ചോദ്യം:** 'അന്യഭാഷയിൽ സംസാരിക്കുന്നവൻ തനിക്കു താൻ ആത്മിക വർദ്ധന വരുത്തുന്നു"എന്ന് 1കൊരിന്ത്യർ 14:4ൽ പറഞ്ഞിരിക്കുന്നതിനാൽ ഒരാൾ അന്യഭാഷയിൽ സംസാരിച്ചാൽ സംസാരി ക്കുന്ന ദൈവവചനം അയാൾ മനസ്സിലാക്കിയാലും ഇല്ലെങ്കിലും അയാൾക്ക് ആത്മികവർദ്ധന ഉണ്ടാകു മെന്ന് ചിന്തിക്കുന്നതു ശരിയാണോ?

**ഉത്തരം:** ഈ വാക്യവും അടുത്തവാക്യവും

പൂർണ്ണമായി വായിക്കുമ്പോഴാണ് ആശയം വ്യക്തമാകുന്നത്. അന്യഭാഷയിൽ സംസാരിക്കുന്ന ദൈവവചനത്തിന്റെ ആശയം മനസ്സിലാക്കുന്ന വർക്കു മാത്രമേ ആത്മികവർദ്ധന ഉണ്ടാകയുള്ളു എന്ന് 5-ാം വാക്യത്തിൽ സ്പഷ്ടമാക്കിയിരിക്കുന്നു; അന്യഭാഷ വ്യാഖ്യാനിക്കാനുള്ള (തർജ്ജമ ചെയ്യാനുള്ള) വരം ഉപയോഗിക്കാതെ അന്യഭാഷാ വരം മാത്രം ഉപയോഗിച്ചു കൊണ്ട് ഒരാൾ അന്യഭാഷയിൽ സംസാരിച്ചാൽ ആ സംസാരം മനസ്സിലാക്കുന്നത് അയാൾ മാത്രമായതുകൊണ്ട്, അയാൾ തന്റെ സംസാരം തർജ്ജമ ചെയ്യുന്നി ല്ലെങ്കിൽ തനിക്കു താൻ (തനിക്കു മാത്രം) ആത്മിക വർദ്ധന വരുത്തുന്നു എന്നാണ് 4-ാം വാക്യത്തിൽ പറഞ്ഞിരിക്കുന്നത്. അന്യഭാഷയിൽ സംസാരി ക്കുന്നത് എന്താണെന്ന് മനസ്സിലാക്കാത്ത, വ്യാഖ്യാനവരം ഇല്ലാത്ത ആളിന്റെ അന്യഭാഷയിലെ സംസാരത്തെപ്പറ്റിയല്ല, പിന്നെയോ സംസാരി ക്കുന്നത് എന്താണെന്ന് മനസ്സിലാക്കിക്കൊണ്ട് അന്യഭാഷയിൽ സംസാരിക്കുന്ന ആളിനെ ക്കുറിച്ചാണ്, അയാൾ തനിക്കു മാത്രം ആത്മിക വർദ്ധന വരുത്തുന്നു എന്ന് ഈ വാക്യത്തിൽ പറഞ്ഞിരിക്കുന്നത്. അർത്ഥം മനസ്സി ലാക്കിക്കൊണ്ട് അന്യഭാഷ സംസാരിച്ചാലും അർത്ഥം മനസ്സി ലാക്കാതെ അന്യഭാഷ സംസാരി ച്ചാലും സംസാരി ക്കുന്ന ആളിന് സംസാരത്തിന്റെ ശബ്ദം ഒന്നു കൊണ്ടു മാത്രം ആത്മികവർദ്ധ നയുണ്ടാകു മെന്ന് ഇവിടെ പറയുന്നില്ല; വാക്കിന്റെ ശബ്ദമല്ല, ആശയമാണ് ആത്മികവർദ്ധനയുടെ മുഖാന്തരം.



അന്യഭാഷയിൽ സംസാരിക്കുന്ന ദൈവവചനം മനസ്സിലാകുന്നില്ലെങ്കിലും ആ അന്യഭാഷ മൂലം ആത്മികവർദ്ധനയുണ്ടാ കുമെങ്കിൽ അന്യഭാഷ യിൽ ഒരാൾ ഒരു രാഷ്ട്രീയ പ്രസംഗം നടത്തി യാലും ആത്മിക വർദ്ധന യുണ്ടാകുമെന്നും അതി നാൽ ദൈവവചനം പ്രസംഗിക്കുന്നതും രാഷ്ട്രീയ പ്രസംഗം നടത്തുന്നതും തമ്മിൽ ഒരു വ്യത്യാസ വുമില്ലെന്നും പറയേണ്ടിവരും.

87. **ചോദ്യം:** സംസാരിക്കുന്നത് എന്താണെന്ന് മനസ്സിലാക്കാതെ അന്യഭാഷയിൽ ഒരാൾ സംസാരി ച്ചാൽ അയാൾക്ക് യാതൊരു ആത്മിക വർദ്ധനയും ഉണ്ടാകയില്ലേ?

**ഉത്തരം:** അന്യഭാഷയിൽ സംസാരിക്കുന്ന ദൈവവചനം എന്താണെന്ന് മനസ്സിലാക്കിക്കൊണ്ടു സംസാരിക്കുന്നവരും (അന്യഭാഷാവരവും വ്യാഖ്യാ നവരവും ഉണ്ടായിരുന്നവർ) മനസ്സിലാക്കാതെ സംസാരിക്കുന്നവരും (അന്യഭാഷാവരം മാത്രം ലഭിച്ചിരുന്നവർ) ഒന്നാം നൂറ്റാണ്ടിലുണ്ടായിരുന്നു; അതുകൊണ്ടാണ് അന്യഭാഷാവരം മാത്രം ലഭിച്ചി രുന്നവർ വ്യാഖ്യാന വരത്തിനായി പ്രാർത്ഥി ക്കണമെന്ന് 1കൊരിന്ത്യർ 14:13 ൽ പറഞ്ഞിരി ക്കുന്നത്. അന്യഭാഷയിൽ സംസാരിക്കുന്ന, വ്യാഖ്യാ നവരമില്ലാത്ത ഒരാളിന് താൻ സംസാരിക്കുന്ന ദൈവവചനം എന്താണെന്ന് മനസ്സിലാകാത്ത തിനാൽ 1കൊരിന്ത്യർ 14:5 പ്രകാരം ആത്മിക വർദ്ധന ലഭിക്കുമായിരുന്നില്ല. അന്യഭാഷയിൽ സംസാരിക്കുന്ന ദൈവവചനം എന്താണെന്ന് മനസ്സി ലാക്കിക്കൊണ്ടിരുന്ന, വ്യാഖ്യാനവരവും കൂടെ

ഉണ്ടായിരുന്നവരെ ഉദ്ദേശിച്ചാണ് അന്യഭാഷയിൽ സംസാരിക്കുന്ന ആളിന് ആത്മികവർദ്ധനയുണ്ടാകുമെന്ന് 1കൊരിന്ത്യർ 14:4 ൽ പറഞ്ഞിരിക്കുന്നത്.

88. **ചോദ്യം:** വ്യാഖ്യാനവരമില്ലാത്ത ഒരാൾ അന്യഭാഷയിൽ ദൈവവചനം സ്വഭാഷക്കാരോടു സംസാരിക്കുകയും അതു കേൾക്കുന്ന ആളുകൾക്കും വ്യാഖ്യാനവരമില്ലാതിരിക്കുകയും ചെയ്യുന്നെങ്കിൽ ആ സംസാരത്തിലുള്ള ദൈവ വചനം ആരും മനസ്സിലാക്കുകയില്ല; ആ സംസാരം മൂലം ആർക്കെങ്കിലും ആത്മികവർദ്ധന ഉണ്ടാകുമോ?

**ഉത്തരം:** ആർക്കും ആത്മികവർദ്ധന ഉണ്ടാകയില്ല; കാരണം 1കൊരിന്ത്യർ 14:5 ൽ പറയുന്നത്, അന്യഭാഷയിൽ സംസാരിക്കുന്ന ദൈവവചനം മനസ്സിലാക്കുന്നവർക്കു മാത്രമേ ആത്മികവർദ്ധന ഉണ്ടാകുകയുള്ളു എന്നാണ്.

89. **ചോദ്യം:** അന്യഭാഷയിൽ സംസാരിക്കുന്ന ദൈവവചനം കേൾക്കുന്ന ആളുകൾക്ക് അത് മനസ്സിലാകുന്നില്ലെങ്കിൽ അവർക്ക് ആത്മിക വർദ്ധന ഉണ്ടാകയില്ലെന്ന് 1കൊരിന്ത്യർ 14:5 ൽ പറഞ്ഞിരിക്കുന്നുന്നതുകൊണ്ട്, അന്യഭാഷയിൽ ദൈവവചനം സംസാരിക്കുന്നയാൾ വ്യാഖ്യാനവരമില്ലാത്ത ആളും താൻ എന്താണ് സംസാരിക്കുന്നത് എന്ന് മനസ്സിലാക്കാത്തവനുമാണെങ്കിൽ അയാൾക്ക് ആത്മിക വർദ്ധനയുണ്ടാകുമെന്നു പറയാൻ യാതൊരു ന്യായവുമില്ലേ?

**ഉത്തരം:** യാതൊരു ന്യായവും ദൈവവചനത്തിൽ ഇല്ല; ദൈവത്തിന്റെ ദൃഷ്ടിയിൽ എല്ലാ ഭാഷകളും ഒരുപോലെയാണ്; അന്യഭാഷയിലെ സംസാരം



കൊണ്ട് ആത്മിക വർദ്ധനയുണ്ടാകുന്നത് ആ ഭാഷ മുഖാന്തരമല്ല, പിന്നെയോ ഹൃദയം കൊണ്ടു മനസ്സിലാക്കുന്ന ദൈവവചനം മുഖാന്തരമാണ് എന്ന് 1കൊരിന്ത്യർ 14:5 വ്യക്തമാക്കുന്നുണ്ട്.

90. **ചോദ്യം:** അന്യഭാഷയിൽ സംസാരിക്കുന്ന ദൈവവചനം എന്താണെന്നു മനസ്സിലാക്കാതെ സംസാരിക്കുന്ന ആളിന് ആ സംസാരം മൂലം ആത്മിക വർദ്ധന ഉണ്ടാകുമെങ്കിൽ ആത്മിക വർദ്ധനയുടെ കാരണം ദൈവവചനമല്ല, അന്യഭാഷയാണ് എന്ന് അർത്ഥം വരും. ''ഞാൻ മനുഷ്യരുടെയും ദൂതന്മാരുടെയും ഭാഷകളിൽ സംസാരിച്ചാലും എനിക്ക് (പരിശുദ്ധാത്മാവിന്റെ ഫലമായ) സ്നേഹം ഇല്ല എങ്കിൽ ഞാൻ മുഴങ്ങുന്ന ചെമ്പോ ചിലമ്പുന്ന കൈത്താളമോ അത്രേ" എന്ന് 1കൊരിന്ത്യർ 13:1 ൽ പറഞ്ഞിരിക്കുന്ന ദൈവ വചനത്തിലെ ആശയത്തിനു വിരുദ്ധമല്ലേ അന്യഭാഷ അതിൽതന്നെ ആത്മിക വർദ്ധന വരുത്തുന്നു എന്നുള്ളത്?

**ഉത്തരം:** അതെ; ഒരാൾ എത്ര അത്ഭുതകരമായി ഏതു ഭാഷ സംസാരിച്ചാലും ആ അത്ഭുതപ്രവൃത്തി നിമിത്തം അയാൾക്കോ മറ്റുള്ളവർക്കോ യാതൊരു ആത്മികവർദ്ധനയും ഉണ്ടാകയില്ല എന്ന് ഈ വേദഭാഗത്ത് വ്യക്തമാക്കിയിരിക്കുകയാണ്. ദൈവത്തിന്റെ ആത്മാവായ പരിശുദ്ധാത്മാവിന്റെ ഫലമായ സ്നേഹം അതിൻെറ വിവിധ രൂപങ്ങളായ സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം എന്നീ വിശിഷ്ട ഗുണങ്ങളിലൂടെ നമ്മുടെ

സ്വഭാവത്തിലും പെരുമാറ്റത്തിലും പ്രവൃത്തിയിലും പ്രത്യക്ഷമാകുമ്പോഴാണ് നാം ആത്മികവർദ്ധന പ്രാപിച്ചവരാണ് എന്ന് വചനപ്രകാരം പറയാൻ സാധിക്കുന്നത്.

91. **ചോദ്യം:** അർത്ഥം അറിയാത്ത അന്യഭാഷ ആത്മികവർദ്ധന വരുത്തുന്നു എന്നു പറയുന്നത് വചനവിരുദ്ധമാണോ?

**ഉത്തരം:** വചനവിരുദ്ധമാണെന്നു മാത്രമല്ല ശുദ്ധമായ അസത്യവുമാണ്; കാരണം യാതൊരു ഭാഷയും മുഖാന്തരമല്ല പിന്നെയോ ദൈവവചനം ഒരാൾ മനസ്സിലാക്കി പ്രയോജനപ്പെടുത്തുന്നതു മുഖാന്തരം തന്നെയാണ്, ഒരാൾക്ക് ആത്മിക വർദ്ധനയുണ്ടാകുന്നതെന്ന് 1കൊരിന്ത്യർ 14:5 ൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്.

## "ആത്മാവ് ഉള്ളവർ"

92. **ചോദ്യം:** ആത്മാവ് ഉള്ള ദൈവമക്കൾ എന്നും ആത്മാവ് ഇല്ലാത്ത ദൈവമക്കൾ എന്നും രണ്ടു തരത്തിലുള്ള ദൈവമക്കൾ ഉണ്ടോ?

**ഉത്തരം:** വൃക്ഷത്തെ തിരിച്ചറിയുന്നത് ഫലം കൊണ്ടാണെന്നും നല്ല ഫലം കായ്ക്കുന്ന വൃക്ഷം നല്ലതാണെന്നു നാം തിരിച്ചറിയുന്നു എന്നും ചീത്ത ഫലം കായ്ക്കുന്ന വൃക്ഷം ചീത്ത വൃക്ഷമാണെന്നു നാം തിരിച്ചറിയുന്നു എന്നും യേശു പറഞ്ഞു (മത്തായി 12:33-35). പരിശുദ്ധാത്മാവിന്റെ ഫലമായ സ്നേഹം അതിന്റെ വിവിധ രൂപങ്ങളായ സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോ



പകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം, എന്നീ ഗുണങ്ങളിലൂടെ ആരൊക്കെ പ്രകടമാക്കുകയും യേശുക്രിസ്തു തങ്ങളുടെ കർത്താവാണ് (ഹൃദയത്തെ നിയന്ത്രിക്കുന്ന യജമാനനാണ്) എന്ന് ആത്മാർത്ഥതയോടെ 1കൊരിന്ത്യർ 12:3 പ്രകാരം പറയുകയും ചെയ്യുന്നുണ്ടോ അവർ എല്ലാവരിലും പരിശുദ്ധാത്മാവ് ഉണ്ട്; അവരാണ് വചനപ്രകാരം ആത്മാവ് ഉള്ളവർ.

93. **ചോദ്യം:** ഗലാത്യർ 5:22-23ൽ പറഞ്ഞിരിക്കുന്ന പരിശുദ്ധാത്മാവിന്റെ ഫലം ഒരാളിൽ ഒട്ടും ഇല്ലാതിരിക്കുകയും അതേ സമയം അയാൾ അന്യഭാഷാവരവും രോഗശാന്തിവരവും ഒക്കെ ഉള്ള ആളായി കാണപ്പെടുകയും ചെയ്യുന്നെങ്കിൽ അയാൾ ആത്മാവ് ഉള്ളവൻ ആണ് എന്നു പറയാമോ?

**ഉത്തരം:** പറയാൻ സാധ്യമല്ല; ഫലത്താലാണ് വൃക്ഷത്തെ അറിയേണ്ടത് എന്ന് യേശു പറഞ്ഞിട്ടുള്ളതിന്റെ വെളിച്ചത്തിൽ ചിന്തിക്കുമ്പോൾ ഇങ്ങനെയുള്ള ആളുകൾ യഥാർത്ഥത്തിൽ ദൈവാത്മാവ് ഉള്ളവരല്ല; ഇവരെക്കുറിച്ച് യേശു "കർത്താവേ കർത്താവേ, നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കയും നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും നിന്റെ നാമത്തിൽ വളരെ വീര്യപ്രവൃത്തികൾ പ്രവർത്തിക്കയും ചെയ്തില്ലയോ എന്ന് പലരും ആ നാളിൽ എന്നോട് പറയും. അന്ന് ഞാൻ അവരോട്: ഞാൻ ഒരു നാളും നിങ്ങളെ അറിഞ്ഞിട്ടില്ല; അധർമ്മം പ്രവർത്തിക്കുന്നവരേ, എന്നെ വിട്ടുപോകുവിൻ എന്നു തീർത്തു പറയും"

എന്ന് മത്തായി 7: 22-23ൽ പറഞ്ഞിരിക്കുന്നതിനാൽ പരിശുദ്ധാത്മാവിന്റെ ഫലം സ്വഭാവത്തിലും പെരുമാറ്റത്തിലും പ്രകടമാക്കാത്ത ആളുകൾ പ്രവർത്തിക്കുന്ന അത്ഭുതങ്ങളും അവർ പറയുന്ന ഭാഷകളും ദൈവാത്മാവ് അവരിലൂടെ ചെയ്യുന്ന കാര്യങ്ങളല്ല; അവയെല്ലാം അവർ സ്വയം ചെയ്യുന്ന കാര്യങ്ങൾ മാത്രമാണ്; ദൈവാത്മാവിനെ അനുകരിച്ചുകൊണ്ട് മനുഷ്യരിൽ ചിലർ അത്ഭുതങ്ങൾ പ്രവർത്തിക്കുമെന്ന് പുറപ്പാട് 7: 8-13; വെളിപാട് 13: 11-15 എന്നീ വേദഭാഗങ്ങളിൽ ചൂണ്ടി ക്കാണിച്ചിട്ടുണ്ട്. അതിനാൽ ഒരാൾ എന്തെല്ലാം അത്ഭുതങ്ങളും വിര്യപ്രവൃത്തികളും ചെയ്യുന്നു എന്നതല്ല, പിന്നെയോ അയാളിൽ പരിശുദ്ധാത്മാവിന്റെ ഫലം (ഗലാത്യർ 15: 22-23) കാണപ്പെടുന്നുണ്ടോ ഇല്ലയോ എന്നതാണ് അയാളിൽ ആത്മാവ് വസിക്കുന്നുണ്ടോ ഇല്ലയോ എന്ന് നിർണ്ണയിക്കാനുള്ള മാനദണ്ഡം.

94. **ചോദ്യം:** ക്രിസ്തീയ വിശ്വാസികളിൽ ചിലരെക്കുറിച്ച് "അവർ ആത്മാവ് ഇല്ലാത്തവരാണ്" എന്ന് മറ്റു ചിലർ പറഞ്ഞുകേൾക്കാറുണ്ട്. ഇതിന്റെ കാരണമെന്താണ്?

**ഉത്തരം:** പരിശുദ്ധാത്മാവിന്റെ ഫലം ഗലാത്യർ 5: 22-23 വാക്യങ്ങളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളല്ല, പിന്നെയോ 'അന്യഭാഷ' ആണ് എന്ന് തെറ്റിദ്ധരിച്ചിരിക്കുന്ന ആളുകൾ ആണ് ഇപ്രകാരം പറയുന്നത്. പരിശുദ്ധാത്മാഭിഷേകത്തിന്റെ യഥാർത്ഥതെളിവായ വചനപരിജ്ഞാനം അവർക്ക് ഉണ്ടായാൽ അവർ ഈ പറച്ചിൽ നിർത്തിയിട്ട് ദൈവാത്മാവിന് കീഴ്പെടുകയും തെറ്റിദ്ധാരണകൾ



ഉപേക്ഷിക്കുകയും ആത്മാവിന്റെ യഥാർത്ഥത്തിലുള്ള ഫലം സ്വഭാവത്തിൽ ഉള്ള, ക്രിസ്തുവിൽ പുതിയ സൃഷ്ടികളായി രൂപാന്തരപ്പെടുകയും ചെയ്യും.

## ഇക്കാലത്തെ പ്രവചനങ്ങൾ

95. **ചോദ്യം:** ഇക്കാലത്ത് ഭാവികാര്യങ്ങൾ പ്രവചിക്കാൻ കഴിവുള്ള ദൈവദാസന്മാർ ഇല്ലേ? പല വിശ്വാസികളോടും, "വലിയ കയ്പിന്റെ അനുഭവം ഉണ്ടാകാൻ പോകുന്നതായി ഞാൻ കാണുന്നു; നീ വീട്ടിൽ നിന്നു ദൂരേക്ക് പോകും; നീ സമുദ്രം കടക്കും; വലിയൊരു അനുഗ്രഹം കർത്താവ് നിനക്കായി ഒരുക്കിയിരിക്കുന്നു" എന്നിങ്ങനെയൊക്കെ, പ്രവചനവരമുണ്ടെന്ന് അവകാശപ്പെടുന്നവർ പറഞ്ഞിട്ട്, സാധാരണ ജീവിതത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങൾ—രോഗം, അപകടം, വിദ്യാഭ്യാസാർത്ഥമുള്ള യാത്ര, ജോലിക്കായുള്ള വിദേശയാത്ര മുതലായവ സംഭവിക്കുന്നതു കാണുമ്പോൾ തങ്ങളുടെ പ്രവചനങ്ങൾ നിവൃത്തിയായത് കാണുന്നില്ലേ എന്നും മറ്റും ചോദിക്കുന്നു. പ്രവചനവരം നിന്നുപോയിട്ടില്ല എന്നതിന്റെ തെളിവാണോ ഇതെല്ലാം?

**ഉത്തരം:** ദൈവവചനത്തിൽ കാണുന്ന പ്രവചനവരം ഇന്ന സ്ഥലത്തുവച്ചു. ഇന്ന കാര്യം ഇന്ന വിധത്തിൽ സംഭവിക്കും എന്നു കൃത്യതയോടുകൂടി മുൻകൂട്ടി പ്രസ്താവിക്കുവാൻ പ്രാപ്തി നൽകുന്ന വരമാണ്. ഈ വരമുണ്ടായിരുന്ന അഗബൊസ് എന്ന

പ്രവാചകൻ പൗലോസിനെക്കുറിച്ച് അദ്ദേഹം യെരുശലേമിൽ ചെല്ലുമ്പോൾ യെഹൂദന്മാർ പിടിച്ചു ബന്ധിക്കുകയും റോമൻ ഭരണാധികാരികൾക്ക് ഏല്പിച്ചു കൊടുത്ത് തടവുകാരനാക്കുകയും ചെയ്യുമെന്ന് പ്രവചിച്ചതായി അപ്പൊ: പ്രവൃ: 21: 10-11 വാക്യങ്ങളിൽ കാണുന്നു; ഇതെല്ലാം കൃത്യമായി സംഭവിക്കുകയും ചെയ്തു. ഈ പ്രവചനവരം തങ്ങൾക്കുമുണ്ടെന്ന് ഇക്കാലത്ത് ചിന്തിക്കുന്ന പ്രവാചകൻമാർ അവിടെയും ഇവിടെയും തൊടാത്ത അവ്യക്തപ്രവചനങ്ങൾ നടത്തുന്നു; പത്താം ക്ലാസ്സ് പരീക്ഷ എഴുതാൻ തുടങ്ങുന്ന മിടുക്കനായ കുട്ടയോട് "നിനക്ക് കർത്താവ് എല്ലാ വിഷയ ങ്ങൾക്കും ഏ-പ്ലസ് തരുമെന്ന് ആത്മാവ് എന്നോട് പറഞ്ഞു; നന്നായി പഠിച്ചുകൊള്ളുക" എന്നു പറയുന്നു. റിസൽറ്റ് വരുമ്പോൾ പലതിനും ഏ-പ്ലസ് ഇല്ലെങ്കിൽ "എന്റെ പ്രവചനം നീ വിശ്വസിച്ചു നന്നായി പഠിച്ചിരുന്നെങ്കിൽ ഏ-പ്ലസ് കിട്ടിയേനേ, പ്രവചനം വിശ്വസിക്കാഞ്ഞതു കൊണ്ട് ഏ-പ്ലസ് നഷ്ടപ്പെട്ടു." എന്നു പറഞ്ഞ് സ്വയം ന്യായീകര ിക്കുകയും ചെയ്യുന്നു. ഇക്കാലത്തെ അങ്ങനെയും ഇങ്ങനെയും വ്യാഖ്യാനിക്കാവുന്ന അവ്യക്ത പ്രവചനങ്ങളും ദൗർഭാഗ്യങ്ങളെക്കുറിച്ച് അവ്യക്ത ഭാഷയിൽ മുന്നറിയിപ്പ് നൽകുന്ന തുമെല്ലാം തെളിയിക്കുന്നത്, അഗബൊസിനെ പ്പോലുള്ള പ്രവാചകന്മാരെ ഇക്കാലത്ത് ദൈവം എഴുന്നേല്പിക്കുന്നില്ല എന്നാണ്. ഭാവിയിൽ സംഭവിക്കാൻ പോകുന്നത് ഇന്നു നാം അറിയേണ്ട ആവശ്യമുണ്ടെങ്കിൽ അതിനെക്കുറിച്ച് നമ്മുടെ



ഹൃദയത്തിൽ ദൈവം വ്യക്തമായ ബോധ്യം തരും; 'പ്രവാചകൻ' എന്നു വിശേഷിപ്പിക്കപ്പെടുന്ന ഒരാൾ നമ്മോടു പറഞ്ഞിട്ടല്ല ആ അറിവ് നമുക്ക് ലഭിക്കുന്നത്; നമുക്ക് ദൈവത്തോട് കൂട്ടായ്മ ഉള്ളതിനാൽ അക്കാര്യം ദൈവം നമ്മെ അറിയിക്കുന്നു എന്ന് മാത്രമെ ഉള്ളു; സൊദോമിന്റെ നാശത്തെക്കുറിച്ച് ദൈവം അബ്രഹാമിനെ നേരത്തെ അറിയിച്ചതു പോലെയുള്ള (ഉല്പത്തി : 19:22) കാര്യങ്ങളാണ് അവ; അതു മറ്റൊരു വിഷയമാണ്, പ്രവചനവരമല്ല.

96. **ചോദ്യം:** കർത്താവ് തന്റെ സ്വർഗ്ഗാരോഹണത്തിനു തൊട്ടുമുമ്പ് ശിഷ്യന്മാർക്ക് കല്പന കൊടുത്ത പ്പോൾ (മത്തായി 28:19-20) അവർ സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിക്കണമെന്നു പറഞ്ഞു; എന്നാൽ പ്രവചനം മൂലം ആളുകളുടെ വ്യക്തിപരമായ കാര്യങ്ങൾ വെളിപ്പെടുത്തി ക്കൊടുക്കാൻ പറഞ്ഞില്ല; ഇക്കാലത്തു ചിലർ അങ്ങനെ ചെയ്യാൻ പരിശ്രമിക്കുന്നതിന്റെ ന്യായമെന്താണ്?

**ഉത്തരം:** കർത്താവ് ശിഷ്യന്മാരെ നേരിൽ പഠിപ്പിച്ചതും പരിശുദ്ധാത്മാവിനാൽ പിന്നീട് അവർക്ക് വെളിപ്പെടുത്തിക്കൊടുത്തതുമായ സകല കല്പനകളും പ്രമാണിച്ചുകൊണ്ടു ജീവിക്കുവാൻ എല്ലാ മനുഷ്യരെയും പഠിപ്പിക്കണമെന്നു മാത്രമാണ് യേശു ശിഷ്യന്മാരോടു പറഞ്ഞത്. വിശ്വസിക്കുന്ന വരുടെ ഭൂതകാലവും ഭാവികാലവും പ്രവചിച്ചു കൊടുക്കണമെന്നല്ല, പിന്നെയോ അവർക്ക് ആത്മികവും ഭൗതികവുമായ അനുഗ്രഹങ്ങൾ

ദൈവം നൽകുവാൻ തക്കവണ്ണം അവർ വചനം കൃത്യമായി അനുസരിക്കണമെന്ന് അവരെ ഉദ്ബോധിപ്പിക്കണമെന്നായിരുന്നു യേശു ശിഷ്യന്മാരോടു പറഞ്ഞത്. ഈ കല്പനയിൽ നിന്നു വ്യതിചലിച്ചുകൊണ്ടാണ് ഇക്കാലത്ത് പലരും പ്രവചനങ്ങൾ നടത്തുന്നത്. ''രോഗം വരാൻ പോകുന്നു, വാഹനാപകടം സംഭവിക്കാൻ സാധ്യതയുണ്ട്, വിദേശത്തു പോകാൻ ഭാഗ്യം കിട്ടും'', എന്നൊക്കെ അവ്യക്തപ്രവചനങ്ങൾ നടത്തി പലരും പ്രവാചകന്മാരായിത്തീരുന്നു. എന്നാൽ ഇവരിൽ ആരും തന്നെ ഇന്ന ദിവസം ഇന്ന സ്ഥലത്തുവച്ച് ഇന്ന വിധത്തിൽ ഇന്ന വാഹനവുമായി കൂട്ടിയിടിച്ച് അപകടമുണ്ടാകു മെന്നും ചികിത്സയ്ക്കായി ഇത്ര രൂപ ചെലവാക്കേണ്ടി വരുമെന്നും വാഹനത്തിന് എത്രത്തോളം കേടുപാടുകൾ വരുമെന്നും ഒന്നും കൃത്യമായി പറയുകയില്ല; വിദേശത്തു ജോലി കിട്ടുമെന്നു പ്രവചിക്കുമെങ്കിലും ഏതുരാജ്യത്ത് ഏതു കമ്പനിയിൽ ഏതുജോലി എത്ര ശമ്പളത്തോടുകൂടി കിട്ടുമെന്നു പറയുകയില്ല. ഇത്തരം പ്രവചനങ്ങൾ മിക്കതും പ്രവാചകന്മാർക്കു നേരത്തെ ലഭിച്ചിട്ടുള്ള അറിവിന്റെ അടിസ്ഥാ നത്തിൽ നടത്തുന്ന ഊഹാപോഹ ങ്ങളാണ്; മറ്റുള്ളവരിൽ നിന്നു കിട്ടുന്ന രഹസ്യവിവരങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ടും പ്രവാചകന്മാർ പ്രവചനങ്ങൾ പറയാറുണ്ട്. പരോക്ഷമായി തന്നെത്തന്നെ അതിവിശുദ്ധനും ദിവ്യനും ആക്കിത്തീർക്കാനായി മറ്റുള്ളവരിൽ അശുദ്ധി



ആരോപിച്ചെന്നും വരും; മനുഷ്യരുടെ ദൈനംദിന ജീവിതത്തിൽ സംഭവിച്ചു കൊണ്ടിരിക്കുന്ന കാര്യങ്ങൾ പ്രവചനരൂപത്തിൽ ഒരാളിനോടു പറഞ്ഞാൽ അവയിൽ പകുതി യെങ്കിലും വാസ്തവമായി സംഭവിക്കും; ഗൾഫിൽ ജോലിക്കു ശ്രമിക്കുന്നതായി അറിയുന്ന ആളിനോട്, ''നീ സമുദ്രം കടക്കും'' എന്ന് പ്രവചിക്കുമ്പോൾ ഏതാനും നാളുകൾക്കുള്ളിൽ അത് അങ്ങനെ തന്നെ സംഭവിക്കുന്നു; ഇപ്രകാരം പ്രവചനങ്ങൾ നടത്തുന്നവർക്ക് മറ്റുള്ളവരെ ഭയപ്പെടുത്താനും നിയന്ത്രിക്കാനുമെല്ലാം കഴിയുന്നു; ''അപകടം വരാൻ പോകുന്നു; പ്രാർത്ഥിച്ചുകൊള്ളണം; ഞാനും പ്രാർത്ഥിക്കാം'' എന്ന് പ്രവചിച്ചിട്ട് യാതൊരു അപകടവും സംഭവിക്കാതിരിക്കുമ്പോൾ അത് തന്റെ പ്രാർത്ഥനയുടെ ഫലമാണെന്ന് അവകാശപ്പെടുന്നു; എന്നാൽ ദൈവവചനം മനസ്സിലാക്കുന്നവർക്ക് ഇത്തരം പ്രവചനങ്ങൾ വചനവിരുദ്ധമാണെന്നും അവ പറയുന്നതിന്റെ പിന്നിലെ ഉദ്ദേശ്യം ആളുകളെ സ്വന്തം നിയന്ത്രണത്തിലേക്കു കൊണ്ടുവരിക എന്നതാ ണെന്നും ഈ പ്രവാചകന്മാർ അസത്യങ്ങൾ പറഞ്ഞ് വഞ്ചിക്കുന്നവരാണെന്നും മനസ്സിലാക്കുവാൻ പ്രയാ സമുണ്ടാകയില്ല. കർത്താവിന്റെ ശിഷ്യന്മാർ പ്രവചന വിദ്യ ഉപയോഗിച്ച് ആളുകളെ ഭയപ്പെടുത്തിയും ഭ്രമിപ്പിച്ചും സഭയിലേക്ക് കൊണ്ടുവരാനോ സഭയിലെ അംഗങ്ങളെ നിയന്ത്രിക്കാനോ ശ്രമിച്ചില്ല എന്ന് അപ്പോസ്തല പ്രവൃത്തികളുടെ പുസ്ത കവും, ലേഖനങ്ങളും വായിച്ചാൽ മനസ്സിലാകും.

97. **ചോദ്യം:** രോഗശാന്തിവരം ഇക്കാലത്തുണ്ടോ? അത് നിന്നുപോകുമെന്ന് വചനത്തിൽ പറഞ്ഞിട്ടുണ്ടോ?
**ഉത്തരം:** രോഗശാന്തിവരം നിന്നുപോകുമെന്നു വചനത്തിൽ പറഞ്ഞിട്ടില്ല; അതിനാൽ അത് നിന്നു പോയിട്ടില്ല എന്നതാണ് സത്യം. എന്നാൽ ഏതൊരു കൃപാവരവും ദൈവം തന്റെ പ്രസാദപ്രകാരമാണ് നൽകുന്നത് എന്ന് നാം ഓർക്കണം; ദൈവത്തിന്റെ ഇഷ്ടപ്രകാരമുള്ള കാര്യങ്ങൾ ചെയ്യുന്നതിന് നമ്മെ പ്രാപ്തിപ്പെടുത്തുന്ന പ്രത്യേക കഴിവുകളാണ് കൃപാവരങ്ങളെന്ന് വചനം വ്യക്തമാക്കുന്നു. വളരെ വിനയത്തോടുകൂടി ദൈവത്തെ അനുസരിച്ചു ജീവിക്കുകയും പരിശുദ്ധാത്മാവിന്റെ ഫലമായ സ്നേഹവും വിശുദ്ധിയും സ്വഭാവത്തിൽ പ്രകടമാക്കുകയും ചെയ്യുന്നവരിലാണ് കൃപാവരങ്ങൾ കാണപ്പെടുക. അങ്ങനെയുള്ള ആളുകൾ സുവിശേഷപ്രവർത്തനത്തിൽ ഏർപ്പെടുമ്പോൾ അവരുടെ പ്രാർത്ഥനയ്ക്ക് മറുപടിയായി ദൈവം ഇക്കാലത്തും അത്ഭുത രോഗശാന്തി നൽകുന്നുണ്ട്; എന്നാൽ ഇക്കാലത്ത് നടത്തപ്പെടുന്ന രോഗശാന്തി പ്രചരണങ്ങളും രോഗശാന്തി പ്രദർശനങ്ങളും വചന വിരുദ്ധമാണ്; പരിശുദ്ധാത്മാവ് നൽകുന്ന കൃപാവരത്തെ സ്വയമഹത്വത്തിനായി ദുരുപയോഗം ചെയ്യുന്ന കാഴ്ചയാണ് നാം അവിടെ കാണുന്നത്; പലരും വ്യാജരോഗശാന്തിയുടെ മാജിക്ക് കാണിച്ച് പ്രസിദ്ധി നേടുന്നു; ചുരുക്കം ചിലർ 'ഊതിവീഴ്തലും' 'നോക്കിവീഴ്ത്തലും' പ്രദർശിപ്പിക്കുന്നു! 'വിശുദ്ധഛർദ്ദി', മർക്കോസ് 16:15 ന്റെ പേരിൽ 'പാമ്പുപിടുത്തം' തുടങ്ങിയ, പിശാചിനെ



വെല്ലുന്ന പൈശാചികത്വത്തിന്റെ പ്രദർശനങ്ങളും ചിലർ നടത്തുന്നു. യേശുക്രിസ്തുവിന്റെ സത്യസുവി ശേഷത്തെ അവഹേളിക്കുക എന്നതാണ് ഇതിന്റെ പിന്നിലെ ലക്ഷ്യം. രോഗത്തിന്, പ്രാർത്ഥനയോടുകൂടി ചികിത്സ ചെയ്യണം എന്ന് വചനത്തിൽ വ്യക്തമായ കല്പനയുണ്ട്; ദൈവം അത്ഭുതരോഗശാന്തി നൽകുമ്പോൾ മനുഷ്യന്റെ നാമമല്ല, ദൈവനാമം മാത്രമാണ് മഹത്വപ്പെടുക. ലൂക്കാസ് : 10:30-37; യാക്കോബ് 15:14-15 എന്നീ വേദഭാഗങ്ങളിൽ രോഗചികിത്സയ്ക്ക് മരുന്ന് ഉപയോഗിക്കണമെന്ന് പറഞ്ഞിരിക്കുന്നു; ഔഷധം എന്ന അർത്ഥത്തിലാണ് എണ്ണ എന്ന പദം ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. അലോപ്പതി മരുന്നുകൾ കണ്ടുപിടിക്കുന്നതിനു മുമ്പ് എണ്ണയിൽ ലയിപ്പിച്ചാണ് ഔഷധങ്ങൾ ഉണ്ടാക്കിയിരുന്നത്; യാതൊന്നും ചേർക്കാത്ത ഒലിവെണ്ണയും മികച്ച ഔഷധം ആയിരുന്നു; അതിനാൽ "എണ്ണ പൂശുക" എന്ന വചനത്തിലെ പദപ്രയോഗത്തിന്റെ അർത്ഥം ചികിത്സ ചെയ്യുക എന്നാണ്.

98. **ചോദ്യം:** ഒരു യഥാർത്ഥ ക്രിസ്ത്യാനി ആയി ജീവിക്കാൻ ഒരാൾ എന്തുചെയ്യണം?
**ഉത്തരം:** നമ്മുടെ പാപപരിഹാരത്തിനായി ക്രൂശിൽ മരണം സഹിക്കുകയും മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേല്ക്കുകയും ചെയ്ത യേശുക്രിസ്തുവിനെ സ്വന്ത രക്ഷിതാവും ഹൃദയത്തിന്റെ യജമാനനുമായി സ്വീകരിക്കുകയും പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനമേല്ക്കുകയും എല്ലാ ദിവസവും ദൈവ

വചനം വായിച്ചു ധ്യാനിക്കുന്നതിനും പ്രാർത്ഥിക്കുന്നതിനും സമയം എടുക്കുകയും ദൈവം തരുന്ന ജോലി എന്തായാലും അതു ചെയ്ത് വരുമാനം ഉണ്ടാക്കുകയും എല്ലാവർക്കും, വിശേഷാൽ സഹവിശ്വാസികൾക്കും നന്മചെയ്യുക (ഗലാത്യർ 6:10) എന്ന പ്രമാണം അനുസരിച്ചു കൊണ്ട് സൽപ്രവൃത്തികളിൽ സമ്പന്നനായി ജീവിക്കുകയും യേശുവിലർപ്പിക്കുന്ന വിശ്വാസത്താൽ ലഭിക്കുന്ന ആത്മരക്ഷയെക്കുറിച്ചുള്ള സന്ദേശം ലോകത്തെ അറിയിക്കുന്ന ക്രിസ്തുവിന്റെ പടയാളിയായി മുമ്പോട്ടുപോകുകയും മറ്റുള്ള ദൈവമക്കളോട് ചേർന്ന് വചനപ്രകാരം ശരിയെന്നു കാണുന്ന വിധത്തിൽ ദൈവാരാധനയിൽ പങ്കുകൊള്ളുകയും പരിശുദ്ധാത്മാവിന്റെ ഫലം (ഗലാത്യർ 5: 22-23) സ്വഭാവത്തിൽ നല്ല അളവിൽത്തന്നെ ഉണ്ടെന്ന് ഉറപ്പ് വരുത്തുകയും ചെയ്യണം.

99. **ചോദ്യം:** ഒരാൾ തന്റെ സഭയിൽ എന്തെങ്കിലും ഒരു തെറ്റ് കണ്ടാലുടനെ സഭ വിടണമോ?

**ഉത്തരം:** തെറ്റായി ചിന്തിക്കുകയും പ്രവർത്തിക്കുകയും പഠിപ്പിക്കുകയും ഒക്കെ ചെയ്യുന്നത് എല്ലാവരിലും കാണപ്പെടുന്ന ദോഷങ്ങളാണ്; ഒരാൾ തന്റെ സഭയിൽ കാണുന്ന തെറ്റുകൾ സ്നേഹത്തോടെ ഒന്നാമത് സഭാ നേതൃത്വത്തിനും പിന്നീട് മറ്റുള്ളവർക്കും ചൂണ്ടിക്കാണിച്ചു കൊടുത്ത് വചനപ്രകാരമുള്ള പരിവർത്തനങ്ങൾ സഭയിൽ വരുത്താൻ ശ്രമിക്കണം. പരിവർത്തനങ്ങൾ വരുത്താൻ സഭ കൂട്ടാക്കാതിരുന്നാൽ മാത്രമേ ആ സഭ വിടുന്നതിനെപ്പറ്റി ചിന്തിക്കാവൂ.



100. **ചോദ്യം:** വചനസത്യങ്ങൾക്കു വേണ്ടി ധൈര്യത്തോടെ നിലകൊള്ളുവാൻ വഞ്ചനയും കാപട്യവും അനീതിയും നിറഞ്ഞ ലോകത്തിൽ എങ്ങനെ സാധിക്കും?

**ഉത്തരം:** നാം സ്വീകരിക്കുന്ന സത്യവിശ്വാസവും ദൈവമുമ്പാകെ പ്രകടമാക്കുന്ന അനുസരണവും മുഖാന്തരമാണ് മറ്റുള്ളവർ ദൈവാനുഗ്രഹം പ്രാപിക്കുന്നതെന്നും ക്രിസ്തുവിനെ നാം ധരിച്ചിരിക്കുന്നത് ലോകം കാണുമ്പോഴാണ് ലോകം രക്ഷിക്കപ്പെടുന്നത് എന്നും ഓർത്തുകൊണ്ട് ദൈവനാമത്തിൽ കഷ്ടം സഹിക്കാൻ നാം തയ്യാറാക്കണം; അപ്പോൾ 1പത്രൊസ് 4:1 പ്രകാരം കഷ്ടത എന്ന ആയുധം ഉപയോഗിച്ച് ലോക ത്തിന്മേൽ നമുക്ക് വിജയം നേടാൻ സാധിക്കും.